Date of publication: 9 ജൂൺ 2018
വോള്യം 14 / ലക്കം 6 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# വസ്ത്രം




# സംഘടിത

സംഘടിത/ ജൂൺ 2018/വോള്യം 14/ലക്കം 6

ചിത്രം കടപ്പാട് : **പത്തൊമ്പതാം നൂറ്റാണ്ടിൽ വരച്ച അജ്ഞാതചിത്രകാര ചിത്രം**


സമരമുഖത്തിലെ സ്ത്രീവേഷങ്ങൾ 6
**കുഞ്ഞില**

ഇസ്ലാമികവേഷം : മതേതരത്വം, തിരഞ്ഞെടുപ്പ്, പ്രതിരോധം 12
**ഉമ്മുൽ ഫായിസ**

ഫ്രഞ്ച് ന്യൂ വേവ് സിനിമകളും ഫാഷനും 19
**ശോഭന പടിഞ്ഞാറ്റിൽ**

തൊട്ടാൽ പൊള്ളുന്ന പർദ്ദ 25
**സ്നെമ്യ മാഹിൻ**

കർണ്ണാടകയിലെ രാഷ്ട്രീയ നാടകങ്ങൾ 29
പെൺപക്ഷം / **അജിത കെ.** 29

മറച്ചു വെയ്ക്കുമ്പോഴും തുറന്നു കാട്ടുമ്പോഴും 30
**ജിസാജോസ്**

ഉടുപ്പ്, ഉടൽ, ഉടമസ്ഥത 39
**ബി.അരുന്ധതി**

മൂന്നു മീറ്ററിൽ ഒരാനന്ദക്കുട്ടി 41
**ഡോ.രാധിക.സി.നായർ**

വസ്ത്രം: സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പും 45
**പ്രീത ജി.പി.**

വസ്ത്രത്തിന്റെ പ്രസക്തി ഒരു വ്യക്തിഗത അവലോകനം 47
**ഡോ. സിസ്റ്റർ ജെസ്മി**

സ്ത്രീയുടെ വസ്ത്രം കൊണ്ട് മറയ്ക്കാനാകാത്ത സമൂഹത്തിന്റെ നഗ്നതകൾ 50
**സ്റ്റാലിന**

വേഷത്തിന്റെ രാഷ്ട്രീയം 53
**അഡ്വ.കുക്കു ദേവകി**

വാസ്തവം 54
**ഡോ.ജാൻസി ജോസ്**

ഉടുപ്പ് 55
കവിത /**ഡോണാ മയൂര**

സ്കൂൾ യൂണിഫോമിലുമുണ്ട് സ്ത്രീവിരുദ്ധത 56
**എം.സുൽഫത്ത്**

അഞ്ജുവിന്റെ മായിക പ്രപഞ്ചം 58
വഴിത്താരകൾ /**ജാനകി**

പ്രതിരോധിക്കാം പ്ലാസ്റ്റിക് മലിനീകരണത്തെ 61
ശാസ്ത്രം/**സീമ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : ചരിത്രത്തിൽ നിന്നുമുള്ള വേഷങ്ങൾ**

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : **ജി.ഉഷാകുമാരി** **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തു ലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

'സ്നേഹമാണഖിലസാരമൂഴിയിൽ ' എന്നു വാഴ്ത്തിപ്പാടിയ കവിയുടെ നാട്ടിൽ പ്രണയം മരണശിക്ഷയേറ്റു വാങ്ങേണ്ട കുറ്റകൃത്യമായിത്തീർന്നിരിക്കുന്നു. ജാത്യാധികാരങ്ങളെ തകർക്കാനുള്ള സുനിശ്ചിതമാർഗ്ഗം ജാതിപ്പൊരുത്തം തകർത്തുണ്ടാവുന്ന പ്രണയബന്ധങ്ങളാണെന്നാണ് പൊതുവെ പ്രതീക്ഷിപ്പെട്ടിരുന്നത്. എന്നാൽ ജാതിവെറി പൂണ്ട് സ്വന്തം അച്ഛനും സഹോദരനും ഭർത്താവിനെ അതിക്രൂരമായി കൊല ചെയ്തുവെന്ന സത്യമായിരുന്നു ഈയടുത്ത കാലത്ത് നീനു എന്ന പെൺകുട്ടി പഠിക്കേണ്ടിവന്ന കഠിന ജീവിതപാഠം.മനുഷ്യത്വത്തിന്റെ ധർമ്മബോധത്തിന് പിടിച്ചുകെട്ടാൻ കഴിയാത്ത ജാതിഭൂതങ്ങൾ കേരളസമൂഹത്തിന്റെ നവോത്ഥാനമിഥ്യകളെ തുറന്നുകാട്ടി മുന്നേറുകയാണ്. ജാതിവിരുദ്ധ സമരങ്ങൾക്കുവേണ്ടി സംഘടിക്കുന്നതിൽ കുറഞ്ഞ പരിഹാരങ്ങൾ ഒന്നും തന്നെയില്ല ഇപ്പോൾ നമുക്ക് മുന്നിൽ.

പലസ്തീനിൽ 21 വയസ്സുകാരിയായ പാരാമെഡിക് റസാൻ അൽ നജ്ജാർ ഇസ്റയലി സൈന്യത്തിന്റെ വെടിയേറ്റു കൊല്ലപ്പെട്ടു.ഗാസ അതിർത്തിയിൽ ശാന്തമായി പ്രതിഷേധിക്കുന്നതിനിടെ ഇസ്റയൽ അഴിച്ചുവിട്ട ആക്രമണത്തിൽ പരിക്കേറ്റവരെ സധൈര്യം ശുശ്രൂഷിക്കുകയായിരുന്നു അവർ. പ്രകടമായ അനീതിയുടെയും കൈയേറ്റത്തിന്റെയും ക്രൂരഹത്യകളുടേയും വക്താക്കളായി മുന്നേറുന്ന ഇസ്റയലിനെ നിലയ്ക്കു നിർത്താൻ ലോകജനത ഒന്നിക്കേണ്ടിയിരിക്കുന്നു.

കർണ്ണാടകത്തിൽ ഏറെ നാടകീയ മുഹൂർത്തങ്ങൾക്കൊടുവിൽ ബി.ജെ.പി.യെ അധികാരത്തിലെത്താതെ അകറ്റിനിർത്താൻ കഴിഞ്ഞത് ആശാവഹമായ നടപടിയായി. സുശക്തവും നിരന്തരവുമായ രാഷ്ട്രീയ ജാഗ്രത ആവശ്യപ്പെടുന്നുണ്ട് ഈ ജന/ ജനാധിപത്യ വിരുദ്ധ ഭരണം.

മലയാളി സ്ത്രീകൾ ഏറെയൊന്നും പത്രപ്രവർത്തനത്തിൽ എത്തിയിട്ടില്ലാത്ത കാലത്ത് ആ ആണിടങ്ങളിൽ പൊരുതി വഴിവെട്ടിയ പ്രതിഭയായിരുന്നു ലീല മേനോൻ. മാരകരോഗങ്ങളെയും ജീവിതത്തിലെ പല വെല്ലുവിളികളെയും നേരിട്ടുകൊണ്ട് അവസാനശ്വാസം വരെ കർമ്മനിരതയായിരുന്നു അവർ.സംഘടിത ഏഴു വർഷം മുമ്പ് ആദ്യപതിപ്പ് ലീലാവതി ടീച്ചർക്ക് നൽകി പ്രസാധനം ചെയ്തത് എന്ന് ആദരവോടെ സ്മരിക്കുന്നു. ആദരാഞ്ജലികൾ.

വസ്ത്രം ശരീരത്തെ ചൂടിൽനിന്നും തണുപ്പിൽ നിന്നും പ്രതിരോധിക്കുന്ന വസ്തു എന്നതിലുപരി സംസ്ക്കാരത്തെയും വിവിധ സാമൂഹ്യാധികാരങ്ങളെയും അടയാളപ്പെടുത്തുന്ന സൂചകം കൂടിയായി നിലകൊള്ളുന്നു. വസ്ത്രധാരണരീതിയിലെ നിർബന്ധങ്ങളിലൂടെ നടത്തപ്പെടുന്ന അധികാരവിനിമയങ്ങൾ കുടുംബം, ജാതി, മതം, സ്ഥാപനം, പ്രദേശം,ദേശം, സൗഹൃദം, പ്രണയം, രാഷ്ട്രീയസ്ഥാനം എന്നു വേണ്ട നിരവധിയായ സാമൂഹ്യസ്ഥാനങ്ങളെ നിർണ്ണയിക്കുന്ന ഒന്നായി മാറുന്നു. ആൺകോയ്മയുടെ ഹിംസാത്മകപ്രയോഗങ്ങൾക്കും സ്ത്രീകളുടെ വസ്ത്രധാരണം സൗകര്യപൂർവ്വം ഒരു കാരണമാക്കുന്നുണ്ട്. വസ്ത്രം എന്ന വിഷയം അതിന്റെ നാനാതലങ്ങളിൽ വിശകലനം ചെയ്യുകയാണ് ജി.ഉഷാകുമാരി അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത. വായനയ്ക്കായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



ജി.ഉഷാകുമാരി

പുതിയ ലക്കം സംഘടിത സ്ത്രീകളുടെ വസ്ത്രധാരണത്തെ ഫോക്കസ് ചെയ്തുകൊണ്ടുള്ള ഒന്നാണ്. സ്ത്രീവാദത്തെ സംബന്ധിച്ചിടത്തോളം സമകാലികമായി രാഷ്ട്രീയപ്രാധാന്യമുള്ള ഈ വിഷയത്തിൽ ഒരു ഡസനോളം ലേഖനങ്ങളും ഒരു കവിതയും ഉൾപ്പെടുത്തിയിരിക്കുന്നു. ആചാരങ്ങളും വിലക്കുകളും കാമനകളും നിയന്ത്രണങ്ങളും ഒരുപോലെ പ്രവർത്തിക്കുന്ന ഒരു സംവാദമണ്ഡലമാണ് വസ്ത്രത്തിന്റേത്. സംസ്കാരത്തിനകത്തെ സ്ത്രീവിവേചനത്തിന്റെ ഭിന്നമുഖങ്ങളും പരസ്പരം കയറിയുമിറങ്ങിയും പ്രവർത്തിക്കുന്ന സാമൂഹികാധികാരത്തിന്റെ ഘടനയും അനാവരണം ചെയ്യുന്നവയാണ് ഈ പഠനങ്ങളോരോന്നും. വസ്ത്രമണ്ഡലത്തിൽ ആൺകോയ്മയുടെ പലനിലകളിലും പല അടരുകളിലുമുള്ള കൊള്ളക്കൊടുക്കകളെ തെരയാനും വിമോചനത്തിന്റെ പുതിയ സാംസ്കാരികാർത്ഥങ്ങളെ തെളിയിച്ചെടുക്കാനുമാണ് ലേഖകർ ശ്രമിക്കുന്നത്.

സമരമുഖങ്ങളിലെ സ്ത്രീവേഷങ്ങളെ ആധാരമാക്കിയാണ് കുഞ്ഞില തന്റെ രാഷ്ട്രീയം മുന്നോട്ടുവെയ്ക്കുന്നത്. മാറുതുറക്കൽ സമരത്തിലായാലും ചുംബനസമരത്തിലായാലും യുവതികളെയും സുന്ദരികളെയും വരേണ്യമായ വെളുത്ത നഗ്നതകളെയുമാണ് പുരോഗമനആണത്തം ആഘോഷിക്കുന്നത്. ഇപ്രകാരമുള്ള പുരോഗമനപുരുഷന്മാരുടെ ഏജൻസി സ്ത്രീവാദത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്നും ഫലത്തിൽ അതു പലപ്പോഴും സ്ത്രീവിരുദ്ധമായി കലാശിക്കുന്നതെങ്ങനെയെന്നും കുഞ്ഞില അന്വേഷിക്കുന്നു. ശരീരം പ്രദർശിപ്പിക്കാതെയുള്ള ഫെമിനിസം ഫെമിനിസമല്ല എന്ന അത്യന്തം സ്ത്രീവിരുദ്ധവുമായ ആശയം പോലും ഈ ആൺപിന്തുണ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യുന്നതെന്ന് ലേഖിക പറയുന്നു. ഹിജാബ് ധരിക്കുന്ന ഒരു സ്ത്രീയ്ക്ക് പങ്കെടുക്കാൻ കഴിയാത്ത, ശരീരം മുഴുവൻ പാടുകളുള്ള, പൊള്ളിയ ഒരു സ്ത്രീയ്ക്ക് പിന്തുണ ലഭിക്കാത്ത, എന്തിന് നിക്കറോ ബിക്കിനിയോ ഇടാൻ താത്പര്യപ്പെടാത്ത സ്ത്രീകൾക്ക് പിന്തുണ ലഭിക്കാത്ത സമരങ്ങൾ സ്ത്രീപക്ഷമാകുന്നതെങ്ങനെ എന്നാണ് ഈ ലേഖനത്തിൽ ഉന്നയിക്കപ്പെടുന്ന സൂക്ഷ്മരാഷ്ട്രീയം.

അടിച്ചമർത്തപ്പെട്ട മുസ്ലിംസ്ത്രീ എന്ന പൊതുബോധനിർമിതിയും യൂറോകേന്ദ്രിതമായ മതേതരത്വബോധവും ചേർന്ന് ഇസ്ലാമികവേഷത്തെ സങ്കീർണമായ ഒരു പ്രതിവ്യവഹാരമാക്കിത്തീർക്കുന്നതെങ്ങനെ എന്നാണ് ഉമ്മുൽഫായിസ വിശകലനം ചെയ്യുന്നത്. ജോൺ സ്കോട്ടിന്റെ ചിന്തകളെ പിൻപറ്റിക്കൊണ്ട് മതേതരവാദംതന്നെ ഇസ്ലാമോഫോബിയയുടെ അടിസ്ഥാനത്തിൽ വേരുപിടിക്കുന്നതിന്റെ പ്രശ്നങ്ങളും അതിലൂടെ മതേതരത്വത്തിനാധാരമായി സ്ത്രീവാദം പ്രതിഷ്ഠിക്കുന്നതിന്റെ യുക്തിയെയും അവർ വിശകലനം ചെയ്യുന്നു. അതിനാൽ ഇസ്ലാമികവേഷത്തെ വിമോചനം അല്ലെങ്കിൽ അടിച്ചമർത്തൽ എന്ന ദ്വന്ദ്വത്തിലൂടെ ലഘൂകരിക്കാതെ, മറ്റു വസ്ത്രങ്ങളെപ്പോലെ തന്നെ അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും നിയന്ത്രണത്തിന്റെയും ദൃശ്യതയുടെയും അദൃശ്യതയുടെയും ഒക്കെ ബഹുവിധമാനങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായി മനസ്സിലാക്കേണ്ടതുണ്ടെന്നാണ് ഉമ്മുൽ ഫായിസ സമർത്ഥിക്കുന്നത്. സ്നേമ്യ മാഹിന്റെ തൊട്ടാൽ പൊള്ളുന്ന പർദ എന്ന ലേഖനം പർദയെച്ചൊല്ലിയുള്ള മതാനുശാസനകളെ നിഷേധിക്കുന്നു. വസ്ത്രത്തിൻമേൽ അതതു വ്യക്തികളുടെ ചോയ്സും താല്പര്യങ്ങളുമാണ് നിർണായകമാകേണ്ടതെന്ന നിലപാടിലാണ് ലേഖനത്തിന്റെ ഊന്നൽ.

സ്വതന്ത്രയായ ആധുനികസ്ത്രീ എന്ന ഇമേജിനെ സൃഷ്ടിക്കുന്നതിൽ ഫ്രഞ്ച് നവതരംഗസിനിമകളിലെ വസ്ത്രവിന്യാസം, തൊപ്പികൾ, ഹെയർസ്റ്റൈൽ, ബട്ടണുകൾ മുതലായവ വഹിച്ച പങ്കിനെക്കുറിച്ചാണ് ശോ ന പടിഞ്ഞാറ്റിൽ തന്റെ പഠനത്തിൽ പറയുന്നത്. സ്ത്രീയുടെ വേഷധാരണത്തെക്കുറിച്ചുള്ള ആൺതീർപ്പുകളെ മുൻനിർത്തിയാണ് ഡോ.ജിസാ ജോസും എഴുതുന്നത്. അതിന്റെ ഇരട്ടത്താപ്പിനെ കൃത്യമായി തുറന്നു കാട്ടുന്ന രണ്ടു മാതൃകകളെന്ന നിലയക്ക് ഗൃഹലക്ഷ്മിയുടെ മുലയൂട്ടൽ കവർചിത്രത്തെയും വത്തയ്ക്ക പ്രയോഗത്തെയും വിശകലനം ചെയ്യുന്നു.

വസ്ത്രങ്ങളുടെ വ്യക്തിപരമായ ചോയ്സിന്മേൽ പ്രവർത്തിക്കുന്ന ബലതന്ത്രങ്ങൾ പുരോഗമനവാഞ്ഛയാകുമ്പോൾപ്പോലും അതിനെയും നിർണയിക്കുന്നത് വിപണിയും ആൺകോയ്മയുമാണെന്നു വരുന്ന വിരോധാഭാസം കൂടി കണക്കിലെടുക്കണമെന്നാണ് അരുന്ധതിയുടെ ലേഖനം പറയുന്നത്. കൗമാരംതൊട്ടുള്ള വസ്ത്രകാമനകളെ വൈകാരികതയുടെ ഉള്ളിണക്കത്തോടെ ഓർത്തെടുക്കുകയാണ് ഡോ.രാധിക.സി.നായർ. ഒപ്പം പുതിയകാലത്തെ ഫാഷന്റെ ബഹുസ്വരതയെയും അയവുകളെയും സാധ്യതകളായി കണ്ടെടുക്കുകയും ചെയ്യുന്നു. സ്ത്രീരൂപത്തിലെ വാർപ്പുമാതൃകകളെ വെല്ലുവിളിക്കുന്ന മട്ടിലുള്ള വസ്ത്രധാരണത്തിലെ തെരഞ്ഞെടുപ്പുകളെയും അലക്ഷ്യതകളെയും രാഷ്ട്രീയമായി കാണാം എന്നാണ് പ്രീത.ജി.പി. പറഞ്ഞുവെയ്ക്കുന്നത്. വസ്ത്രധാരണത്തെ പ്രശ്നവൽക്കരിക്കാത്ത ഉയർന്നതരം ആത്മീയതയുള്ള ഒരു നവലോകത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവെയ്ക്കുന്നു, സിസ്റ്റർ ജെസ്മിയുടെ ലേഖനം. വസ്ത്രചിന്തകൾ നമ്മെ കീഴ്പ്പെടുത്തുന്ന മുതലാളിത്തത്തിനും വിപണിയ്ക്കുമപ്പുറം പരമ്പരാഗത പുരുഷാധികാരനിയമങ്ങളുടെ പൊളിച്ചെഴുത്തിലേക്ക് വളരേണ്ടതുണ്ട് എന്ന് സ്റ്റാലിന എഴുതുന്നു. കറുത്തതൊലിനിറവും വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട്, വംശീയാധിക്ഷേപം കലർന്ന പൊതുബോധം പ്രവർത്തിക്കുന്നതിനെക്കുറിച്ചാണ് അഡ്വ.കുക്കു ദേവകി തന്റെ ഹ്രസ്വമായ കുറിപ്പിലൂടെ പങ്കുവെയ്ക്കുന്നത്. കവി ഡോണാമയൂര കവിതയിലൂടെ ഉടുപ്പിന്റെ ഭാവനാപരിണാമങ്ങളെ വിസ്തരിക്കുന്നു. സ്കൂൾ യൂണിഫോമുകളിലെ ലിംഗവിവേചനങ്ങളെ മുൻനിർത്തി പൊതുബോധത്തിലുള്ളടങ്ങിയ സദാചാര ഭീതിയെയും സ്ത്രീവിരുദ്ധതയെയും ചോദ്യം ചെയ്യുകയാണ് സുൽഫത്തിന്റെ ലേഖനം. സാമൂഹികാനു വങ്ങളുടെ ആദ്യഘട്ടങ്ങളിൽത്തന്നെ സ്കൂൾ വിദ്യാർത്ഥിനികളിൽ രൂപപ്പെടുത്തിയെടുക്കുന്ന ശാരീരികമായ അമിത അച്ചടക്കവും അധമബോധവും എങ്ങനെ അവരെ ലക്ഷണമൊത്ത നല്ല ഇരകളുടെ മാതൃകകളാക്കുന്നു എന്നവർ വിശദീകരിക്കുന്നു.

സ്ത്രീവാദത്തോടും അതിന്റെ സമകാലികരാഷ്ട്രീയത്തോടും പലനിലകളിൽ സംവദിക്കുന്ന ഈ കുറിപ്പുകളിൽ ചിലത് വ്യക്ത്യനു വങ്ങളും നിരീക്ഷണങ്ങളുമാണ്. ചിലത് സൈദ്ധാന്തികമാണ്. അക്കാദമികപരിപ്രേക്ഷ്യങ്ങളോടു ചേർന്നു നിൽക്കുന്നവയാണ് ചിലത്. ഇനിയുമേറെ നമ്മുടെ ാഗത്തു നിന്നു കൂട്ടിച്ചേർക്കാനുള്ളവയുമാണ്. കേരളീയസ്ത്രീയുടെ ദൈനംദിനജീവിതത്തോട്, ചരിത്രസന്ദർഭങ്ങളോട്, സമരമുഹൂർത്തങ്ങളോട്, ഭാവനാജീവിതത്തോട്, ചിന്താലോകത്തോട് ഒക്കെ ഇടപെട്ടുകൊണ്ട് ഈ വിഷയം തിടംവെയ്ക്കുന്നു. പല ചില്ലകളിലേക്ക് തളിരിടുന്നു. പുതിയ ജനാധിപത്യഭാവനകളിലേക്ക് ഒരിലയുടെയെങ്കിലും തളിരുണർത്താൻ കഴിയുമെന്ന പ്രത്യാശയോടെ വായനക്കാർക്കായി ഈ ലക്കം സമർപ്പിക്കുന്നു.

ചർച്ചാവിഷയം



**കുഞ്ഞില**
*എഴുത്താൾ, സംവിധായിക*



# സമരമുഖത്തിലെ സ്ത്രീവേഷങ്ങൾ

പലപ്പോഴും ഞാൻ ആലോചിച്ചിട്ടുള്ള കാര്യമാണ് താലപ്പൊലിക്ക് സ്ത്രീകളെ അണിനിരത്തുന്ന വിചിത്രമായ ആചാരം എന്തിനുള്ളതാണെന്ന്. 'ഒരുങ്ങുക' എന്ന വാക്ക് തന്നെ പരിഹസിക്കാനോ ദേഷ്യം പിടിക്കാനോ ആണ് ആണത്തം ഉപയോഗിക്കുന്നത്. മീറ്റിങ്ങുകൾക്ക് പോകാൻ നിൽക്കുന്ന ഭർത്താവും അതിനു വേണ്ടി ഒരിക്കലും ഒരുങ്ങിത്തീരാത്ത സ്ത്രീയും സിനിമകളിൽ ധാരാളമായി കണ്ടുവരുന്ന ഒരു വാർപ്പുമാതൃകയാണല്ലോ. അങ്ങനെയായിരിക്കുമ്പോൾത്തന്നെ ആൺകാഴ്ചയ്ക്കുവേണ്ടി, അതിന്റെ സുഖം, സംതൃപ്തി എന്നിവയ്ക്കുവേണ്ടി സ്ത്രീകൾ 'ഒരുങ്ങുക' എന്നത് സ്വീകാര്യമാണ് താനും. ഭർത്താവിന്റെ മേലുദ്യോഗസ്ഥനുവേണ്ടി അല്ലെങ്കിൽ ഓഫീസ് പാർട്ടിക്ക് വേണ്ടിയൊക്കെ ഒരുങ്ങിയ സ്ത്രീകൾ ഭർത്താക്കന്മാരുടെ അഭിമാനമാണ് സിനിമകളിൽ. ഓർമ്മയില്ലേ ഒരുക്കം കഴിഞ്ഞ സ്ത്രീകളെ ഭർത്താവിനോ കാമുകനോ മുന്നിൽ അവതരിപ്പിക്കാനായി മാത്രമുള്ള, മിക്കവാറും പടിയിറങ്ങിവരുന്നതായുള്ള, ഷോട്ടുകൾ? ഈ സാഹചര്യത്തിലാണ് വസ്ത്രധാരണത്തിലെ രാഷ്ട്രീയം അല്ലെങ്കിൽ ആരുടെ കാഴ്ചയ്ക്ക് വേണ്ടിയുള്ളതാണ് സ്ത്രീയുടെ വസ്ത്രധാരണം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടത് എന്ന് കരുതുന്നു. നമുക്ക് ചർച്ച ആണുങ്ങളിലേയ്ക്ക് തിരിച്ചാലോ?

സ്ത്രീകളുടെ വസ്ത്രധാരണം, അതിലെ അവരുടെ സ്വാതന്ത്ര്യം, അതിന്റെ ഇല്ലായ്മ എന്നിവയെക്കുറിച്ച് പറയുമ്പോൾ ആദ്യം ആൺനോട്ടങ്ങളിലേയ്ക്ക് പോകാം. കാരണം പൊതു ഇടം എന്നാൽ പ്രധാനമായും ആണിടവും ആൺകാഴ്ചയുമാണ്. സ്ത്രീയുടെ എല്ലാ തീരുമാനങ്ങളിലും തനിക്ക് അവകാശമുണ്ട് എന്ന് വിചാരിക്കുന്ന ആണത്തം അത് വസ്ത്രധാരണത്തിന്റെ കാര്യത്തിലും



**ക്ലീവേജ് അഥവാ മുലയിടുക്ക് കാണുന്നു എന്നത് സ്ത്രീയ്ക്ക് യോജിച്ചതല്ല എന്ന് ഉറച്ച് വിശ്വസിക്കുന്ന പുരുഷൻ, അത്തരത്തിൽ വസ്ത്രം ധരിച്ച സ്ത്രീയെ അധിക്ഷേപിക്കും വിധത്തിൽ നോക്കുന്നു, കമന്റ് പാസ്സാക്കുന്നു, ലൈംഗികമായി ഉപദ്രവിക്കുന്നു. ഇവയെല്ലാം അധിക്ഷേപിക്കാനുള്ള പലതരം മാർഗ്ഗങ്ങളാണ്. ലക്ഷ്യം ഒന്നു തന്നെ. നിയമം ലംഘിച്ച ഒരുമ്പെട്ടവൾക്ക് തക്കതായ ശിക്ഷ കൊടുക്കുന്ന ആണത്തം. ഈ ആണത്തത്തിൽ പലപ്പോഴും സ്ത്രീകളും പങ്ക് ചേരാറുണ്ട്.**

പിന്തുടരുന്നുണ്ട്. പൊതു ഇടങ്ങളിൽ മൂന്ന് തരം ആൺകാഴ്ചകൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒന്ന്, സ്വന്തം അഭിരുചിക്ക് രസിക്കാത്ത, എന്നുവെച്ചാൽ സ്ത്രീയുടെ ശരീരത്തിന്റെ ഏതെല്ലാം ഭാഗങ്ങൾ കാണിക്കാം, പാടില്ല എന്ന സ്വന്തം ധാരണയ്ക്ക് ചേരാത്ത വിധത്തിൽ വസ്ത്രം ധരിച്ച ഒരു സ്ത്രീയെ അധിക്ഷേപിക്കുന്ന പുരുഷൻ. ഉദാഹരണത്തിന് ക്ലീവേജ് അഥവാ മുലയിടുക്ക് കാണുന്നു എന്നത് സ്ത്രീയ്ക്ക് യോജിച്ചതല്ല എന്ന് ഉറച്ച് വിശ്വസിക്കുന്ന പുരുഷൻ, അത്തരത്തിൽ വസ്ത്രം ധരിച്ച സ്ത്രീയെ അധിക്ഷേപിക്കും വിധത്തിൽ നോക്കുന്നു, കമന്റ് പാസ്സാക്കുന്നു, ലൈംഗികമായി ഉപദ്രവിക്കുന്നു. ഇവയെല്ലാം അധിക്ഷേപിക്കാനുള്ള പലതരം മാർഗ്ഗങ്ങളാണ്. ലക്ഷ്യം ഒന്നു തന്നെ. നിയമം ലംഘിച്ച ഒരുമ്പെട്ടവൾക്ക് തക്കതായ ശിക്ഷ കൊടുക്കുന്ന ആണത്തം. ഈ ആണത്തത്തിൽ പലപ്പോഴും സ്ത്രീകളും പങ്ക് ചേരാറുണ്ട്.

രണ്ടാമതായി കാണാൻ കഴിയുക ഒന്നാമത്തെ കൂട്ടം ആണുങ്ങൾ മേൽപറഞ്ഞ രീതിയിൽ പെരുമാറുമല്ലോ എന്ന സ്വന്തം ആവലാതി പരിഹരിക്കാൻ കഴിയാത്തതിനാൽ സ്ത്രീകളുടെ വസ്ത്രധാരണത്തിൽ അസന്തുഷ്ടനായ ആണത്തം. ഉദാഹരണത്തിന് കുട്ടിപ്പാവാടയിട്ട സ്ത്രീയെ അധിക്ഷേപിക്കും വിധത്തിൽ നോക്കുന്ന ആണുങ്ങളെ കണ്ട്, ഇത്തരത്തിൽ ആണുങ്ങൾ പെരുമാറും എന്നറിഞ്ഞിട്ടും ഇങ്ങനെ വസ്ത്രം ധരിച്ചുകൊണ്ട് എന്തിനാണ് സ്ത്രീകൾ ഇറങ്ങിനടക്കുന്നത് എന്ന് ദേഷ്യപ്പെടുന്ന ആളുകൾ. ഇതേ ആവലാതി മൂലം സ്വന്തം മക്കളുടെ വസ്ത്രധാരണത്തിന് നിബന്ധനകൾ വയ്ക്കുന്ന മാതാപിതാക്കളുമുണ്ട്.
പുരുഷാധിപത്യസമൂഹത്തിൽ സ്നേഹിക്കുന്നവരെ സംരക്ഷിക്കാൻ നടത്തുന്ന ചെറിയ അരാഷ്ട്രീയമായ യുദ്ധങ്ങളായാണ് ഞാൻ അവയെ കാണുന്നത്. പിന്നെയുള്ളത് ആണത്തം സ്ത്രീകൾക്കായി

കൽപിച്ചു നൽകിയിട്ടുള്ള വസ്ത്രധാരണനിയമങ്ങളെ ലംഘിക്കുന്ന സ്ത്രീകളെ ആഘോഷിക്കുന്ന ആണത്തമാണ്. ഇക്കൂട്ടർക്ക് സ്ത്രീകൾ നിയമങ്ങളെ ലംഘിക്കുമ്പോൾ അതീവ സന്തോഷമാണ്. അത്തരം സ്ത്രീകളോട് ആദരവാണ്. ഇതിൽ ചിലർക്ക് സ്വന്തം ഭാര്യയോ കാമുകിയോ ഇത്തരത്തിൽ തന്റേടത്തോടെ തീരുമാനങ്ങളെടുക്കുന്നതും അവ പ്രദർശിപ്പിക്കുന്നതും വളരെ ഇഷ്ടമാണ്. അതിൽ അഹങ്കരിക്കാറുമുണ്ട്. സോഷ്യൽ മീഡിയ കാലത്ത് വളരെ എളുപ്പത്തിൽ ഇത്തരത്തിൽ കുറെ ആൺ പ്രൊഫൈലുകൾ കാണാൻ കഴിയും. പരിചയത്തിലുള്ള സ്ത്രീകൾ കുട്ടിക്കുപ്പായമിട്ട ഫോട്ടോകൾ അഭിമാനത്തോടെ പ്രദർശിപ്പിക്കുന്ന ആണത്തം. ഒന്നും രണ്ടും വിഭാഗത്തിൽപ്പെട്ടവർ എത്രത്തോളം അപകടകാരികളാണോ അത്രത്തോളം അപകടകാരികളാണ് ലിബറൽ, പുരോഗമനവാദക്കാർ എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന മൂന്നാത്തെ കൂട്ടം എന്ന് ഞാൻ കരുതുന്നു. ഈ മനോഭാവത്തെ സൂക്ഷ്മമായി പരിശോധിക്കുകയും അതിലെ സ്ത്രീവിരുദ്ധതയും ലൈംഗിക ചൂഷണവും തുറന്നു കാണിക്കുകയും ചെയ്യേണ്ടത് ഒരു സ്ത്രീപക്ഷ ആവശ്യമാണ്. പ്രത്യേകിച്ച് പല തരം പ്രതിഷേധപരിപാടികളും നടക്കുന്ന, വളരെ ചെറിയ പ്രായത്തിൽത്തന്നെ ആക്ടിവിസത്തിലേയ്ക്ക് കടക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇന്നത്തെ കാലത്ത്.

**സത്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തമുള്ളതുകൊണ്ട് മാത്രമാണ് ഈ സമരങ്ങളിലെല്ലാം തന്നെ ലൈംഗികത കടന്നുവരുന്നത്. കാരണം സ്ത്രീശരീരത്തെ ലൈംഗികമായല്ലാതെ സമീപിക്കാൻ സമൂഹം നാളിത്രയായിട്ടും പഠിച്ചിട്ടല്ല എന്നതുതന്നെ.**

ചുംബനസമരം ചരിത്രപ്രാധാന്യമർഹിക്കുന്ന ഈ സമരം വിജയിച്ചത് ഇതിലെ സ്ത്രീകളുടെ പങ്കാളിത്തം കൊണ്ടാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആണുങ്ങൾ പ്രതിഷേധ സൂചകമായി പരസ്പരം ഉമ്മവെച്ചാൽ വരാതിരിക്കുന്ന എന്ത് വിപ്ലവമാണ് സ്ത്രീകൾ ഉമ്മവയ്ക്കാൻ വന്നതോടെ ഉണ്ടായത് എന്ന് അതുകൊണ്ടാണ് ആലോചിക്കേണ്ടതായി വരുന്നത്.

കോഴിക്കോട്ടെ ചുംബനസമരത്തിൽ അറസ്റ്റിലായവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു എന്നത് ഇവിടെ വെളിപ്പെടുത്തണം എന്ന് കരുതുന്നു.ഞാൻ ഒരു സ്ത്രീയെയാണ് ചുംബിച്ചത്. കോഴിക്കോട്



പുതിയബസ്സ്റ്റാന്റ് വെച്ച് നടന്ന ഈ ചുംബനം ചുറ്റും കൂടിയ ആണുങ്ങൾ ആർപ്പ് വിളിയോടെയാണ് സ്വീകരിച്ചത്. സ്ത്രീകൾ തമ്മിലുള്ള ചുംബനവും ലൈംഗികക്രീഡകളും ആണുങ്ങൾക്ക് ഇപ്പോഴും ഫാന്റസിയാണ് എന്നുള്ള പ്രധാനപ്പെട്ട വ്യത്യാസം ഇവിടെ കാണാതെപോകരുത്. ചുംബനത്തെ ലൈംഗികതയുമായി കൂട്ടിക്കെട്ടിയവർ തന്നെയാണ് അന്നും ഇന്നും കേരളത്തിലെ ചുംബനസമര കാഴ്ചക്കാർ എന്നും ഓർക്കണം. തീർച്ചയായും



സ്ത്രീകൾ സ്വകാര്യതയിൽ ചെയ്തിരുന്ന, അവരുടെ ലൈംഗികതയുമായി ബന്ധപ്പെട്ട ഒരു കാര്യം പരസ്യമായും ചെയ്യുന്നു എന്ന വിശ്വാസമാണ് ആ സമരത്തിന്റെ വിജയത്തിനും അതുയർത്തിയ പ്രതിഷേധങ്ങൾക്കും പിന്നിൽ പ്രവർത്തിച്ചത്. ഭാര്യയും ഭർത്താവും അടച്ചമുറിക്കുള്ളിൽ ചെയ്യുന്ന കാര്യങ്ങൾ പൊതുനിരത്തിൽ ചെയ്യരുത് എന്നാണല്ലോ സമരത്തെക്കുറിച്ച് വിപ്ലവപ്പാർട്ടിയുടെ പിണറായി വിജയനും പറഞ്ഞത്. പറഞ്ഞു വന്നത് ചുംബനസമരത്തിൽ നിന്ന് ഈയിടെ ഫേസ്ബുക്ക് എന്ന സോഷ്യൽ മീഡിയയിൽ ചെയ്തുകണ്ട മാറ് തുറക്കൽ സമരം വരെ സ്ത്രീകളുടെ പങ്കാളിത്തം മാത്രം ആശ്രയിച്ച് നിലകൊണ്ടവയാണ്.

സത്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തമുള്ളതുകൊണ്ട് മാത്രമാണ് ഈ സമരങ്ങളിലെല്ലാം തന്നെ ലൈംഗികത കടന്നുവരുന്നത്. കാരണം സ്ത്രീശരീരത്തെ ലൈംഗികമായല്ലാതെ സമീപിക്കാൻ സമൂഹം നാളിത്രയായിട്ടും പഠിച്ചിട്ടില്ല എന്നതുതന്നെ.

**നഗ്നമുലകൾ ആരുടേത്?**

ഇവിടെയാണ് നേരത്തെ പറഞ്ഞ മൂന്നാമത്തെ ഗണത്തിൽപ്പെടുന്ന ആണത്തം കടന്നുവരുന്നത്. ഈ ആണത്തത്തിന്റെ സംതൃപ്തിക്കായാണ് മാറ് തുറക്കൽ എന്ന 'സമരമുറ'യാകട്ടെ, സോഷ്യൽ മീഡിയയിൽ വളരെ ചെറിയ പ്രായത്തിൽത്തന്നെ (പ്രത്യേകിച്ച് 18-25 വയസ്സ് ) ലൈംഗികതയെ ക്കുറിച്ചെഴുതുന്നവരാകട്ടെ, ലൈംഗികതയുമായി ബന്ധപ്പെട്ട സ്വന്തം ചിത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന വരാകട്ടെ, ഇവരെ അഭിനന്ദിക്കാനും ആഘോഷിക്കാനും ഒരു കൂട്ടം ആണുങ്ങൾ ഏത് സമയത്തും തയ്യാറായി നിൽക്കുന്നത്. ശ്രദ്ധിക്കണം പെണ്ണുങ്ങൾ ഇവയെല്ലാം ചെയ്യുന്നത് എന്ത് ലക്ഷ്യംവെച്ചാണെ ന്നുള്ളതുമായി ഇക്കൂട്ടരുടെ ഐക്യദാർഢ്യവുമായി യാതൊരു ബന്ധവുമില്ല. ഉദാഹരണത്തിന് പതിനെട്ട് വയസ്സുള്ള ഒരു പെൺകുട്ടി കുട്ടിപ്പാവാടയിട്ട് ഫോട്ടോ പരസ്യപ്പെടുത്തി എന്ന് വയ്ക്കുക. സ്വന്തം ക്ലാസ്സിൽ കുട്ടിപ്പാവാടകളിടുന്ന സ്ത്രീകൾ ആരുടെകൂടെയും കിടക്കുന്നവരാണെന്ന് ഒരു അധ്യാപകൻ പറഞ്ഞതിനെതിരെ പ്രതിഷേധിച്ചുകൊണ്ടാണ് അത് ചെയ്തതെന്ന് വയ്ക്കുക. ഈ പ്രതിഷേധത്തെ അനുകൂലിച്ചുകൊണ്ട് പ്രസംഗം നടത്തുന്ന ആണത്തത്തിൽ ഭൂരിഭാഗം പേരും സ്ത്രീശരീരത്തിന്റെ വസ്തുവത്കരണത്തെ അനുകൂലിച്ച് കൊണ്ടാണ് അത് ചെയ്യുന്നത് എന്നുള്ളതാണ് സത്യം. അത് പ്രത്യയശാസ്ത്രമല്ല, ഇനി ആണെങ്കിൽത്തന്നെ അത് പുരുഷമേധാവിത്വം എന്ന പ്രത്യയശാസ്ത്രം മാത്രമാണ് മുന്നോട്ട് വയ്ക്കുന്നത്. എങ്ങനെയന്നല്ലേ. വസ്ത്രം ഉപേക്ഷിച്ച് മാറിടം തുറന്നുകാണിച്ച് സ്ത്രീകളായാലും, കാമുകനോടൊപ്പമുള്ളതോ അല്ലാത്തതോ ആയ അർദ്ധനഗ്ന ചിത്രങ്ങൾ പ്രസിദ്ധപ്പെടുന്നവരായാലും ആണത്തം എപ്പോഴും പിന്താങ്ങുന്നത് യുവതികളെയാണ്.


സുന്ദരികളെയാണ്. സ്വന്തം ഭാര്യമാരെയോ കാമുകിമാരെയോ ഇത്തരത്തിൽ പിന്താങ്ങുന്ന ആണത്തവും വ്യത്യസ്തമല്ല. ഭാര്യമാരും യുവതികളാണ്. ചിലപ്പോൾ മോഡലുകളാണ്. ചുക്കിച്ചുളിഞ്ഞ ശരീരമുള്ള സ്വന്തം അമ്മമാരുടെ അർദ്ധനഗ്നമോ നഗ്നമോ ആയ ഫോട്ടോകൾ ആണുങ്ങൾ പ്രോൽസാഹിപ്പിച്ച് ഞാനിതുവരെ കണ്ടിട്ടില്ല. 'അമ്മ ബിക്കിനിയിട്ടു. ഞാൻ പിന്തുണയ്ക്കുന്നു' എന്ന് പറഞ്ഞ ഫോട്ടോകൾ ആൺമക്കളുടെ ടൈംലൈനുകളിൽ തെളിയാറില്ല. എന്തിന് പല രാജ്യങ്ങളിലും നടന്നിട്ടുള്ളതായ, സ്ട്രെച്ച് മാർക്കുകളുള്ള നഗ്നസ്ത്രീശരീരങ്ങൾ അല്ലെങ്കിൽ തീയേറ്റ് പൊള്ളിയതിനാൽ 'വിരൂപം' എന്ന് ഇതേ ആണത്തം കരുതുന്ന ശരീരങ്ങൾ, വാർദ്ധക്യത്തിലെ നഗ്നത എന്നിവയൊന്നും മലയാളി ആണത്തം സ്വന്തം വീടുകളിലോ ആക്ടിവിസത്തിലോ എഴുന്നള്ളിച്ച് കണ്ടിട്ടില്ല. നേരത്തെ പറഞ്ഞ ഉമ്മസമരത്തിൽത്തന്നെ യുവതികളുള്ള ചുംബന ഫോട്ടോകളാണ് മാധ്യമങ്ങളും സോഷ്യൽ മാദ്ധ്യമങ്ങളും ആഘോഷിച്ചത്. മദ്ധ്യവയസ്കരായുള്ളവരും പങ്കെടുത്തിരുന്നുവെങ്കിലും അവരുടേത് ആഘോഷിക്കപ്പെട്ട ചുംബനങ്ങളായിരുന്നില്ല. വൃദ്ധർ പങ്കെടുത്തതായി അറിവുമില്ല.

സോഷ്യൽ മീഡിയയിൽത്തന്നെ കുട്ടിക്കുപ്പായമിടുമ്പോൾ തെറി വിളികേൾക്കേണ്ടതായി വരുന്ന സ്ത്രീകളുമുണ്ട്. തടിച്ച ശരീരമുള്ളവർ, കറുത്തവർ എന്നിവർ ദിവസേന അവഹേളിക്കപ്പെടുന്നു. നമ്മുടെ സിനിമകളിലെ ഇത്തരം പ്രവണതകൾ മീമുകളായി വരുന്നത് സോഷ്യൽ മീഡിയയിൽത്തന്നെയാണല്ലോ. (ചിത്രം 1. ആക്ഷൻ ഹീറോ ബിജു എന്ന സിനിമയിൽ രൂപം മൂലം അധിക്ഷേപിക്കപ്പെടുന്ന ഒരു സ്ത്രീ കഥാപാത്രം. ഇവർ പിന്നീട് ഓൺലൈനിൽ മീമുകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി.) നഗ്നത എന്നത് ആൺ നോട്ടത്തെ അലോസരപ്പെടുത്താത്തതായിരിക്കുമ്പോൾ മാത്രമേ പിന്തുണയ്ക്കപ്പെടുന്നുള്ളു എന്നർത്ഥം. അലോസരപ്പെടുത്താതിരുന്നാൽ മാത്രം പോര, സുഖിപ്പിക്കുകയും വേണം എന്നിടത്താണ് അതിലെ ഹിംസ സുവ്യക്തമാകുന്നത്. ആഘോഷിക്കപ്പെടുന്ന വസ്ത്രങ്ങൾ എപ്പോഴും കൂടുതൽ നഗ്നത കാണിക്കുന്ന വസ്ത്രങ്ങൾ ആണത്തം ആഘോഷിക്കുന്നത് എന്തുകൊണ്ടാണെന്ന് ആലോചിക്കേണ്ടതുണ്ട്. ഇവിടെ സ്ത്രീകളുടെ നോട്ടവും ആൺ നോട്ടവും വേർതിരിച്ച് തന്നെ കാണേണ്ടതായി വരും. ചെറിയ നിക്കറി (ഷോർട്ട്സ്) ട്ടു എന്ന കാരണത്താൽ ഒരു സ്ത്രീ അധിക്ഷേപിക്കപ്പെട്ടു എന്ന സാഹചര്യത്തിൽ മറ്റൊരു സ്ത്രീ പ്രതിഷേധസൂചകമായി ചെറിയ നിക്കറിട്ട് നിരത്തിലിറങ്ങാം എന്ന ഒരു പരിപാടി ആസൂത്രണം ചെയ്യുന്നു എന്ന് കരുതുക. ഇതിനെ സ്ത്രീകൾ പിന്തുണയ്ക്കുന്നതും ആണത്തം പിന്തുണയ്ക്കുന്നതും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട് എന്നാണ് പറഞ്ഞുവരുന്നത്. ഒരു സ്ത്രീ ഈ പ്രതിഷേധ പരിപാടിയെ പിന്തുണയ്ക്കുന്നു. എന്നാൽ അവർ സ്വയം ഷോർട്ട്സ് ധരിച്ച് നിരത്തിലിറങ്ങാൻ ആഗ്രഹിക്കുന്നില്ല. അതിനുംകൂടിയുള്ള സ്വാതന്ത്ര്യമാണ് ഫെമിനിസം എന്ന് ആൺകൂട്ടങ്ങൾക്ക് ഇതുവരെ മനസ്സിലായിട്ടില്ല. അവരുടെ ഫെമിനിസം പലപ്പോഴും എത്രത്തോളം ചെറിയ നിക്കറിട്ട സ്ത്രീശരീരങ്ങളെ



നിരത്തിലിറക്കാം എന്നതുമാത്രമാണ്. കാരണം വീട്ടിലിരുന്നോ ജോലിക്കിടയിലോ സ്ത്രീശരീരത്തിന്റെ മുകളിൽ ആണധികാരം കാണിക്കുന്ന ഹിംസയെക്കുറിച്ച് ലേഖനം എഴുതുന്ന സ്ത്രീയേക്കാൾ, ഹിജാബ് ധരിച്ച് സ്ത്രീകളുടെ അവകാശത്തെപ്പറ്റി സംസാരിക്കുന്ന സ്ത്രീയേക്കാൾ, ഓട്ടോറിക്ഷയോടിക്കാനുള്ള തന്റെ അവകാശത്തിനുവേണ്ടി പൊരുതുന്ന

**സെറ്റ് സാരിയുടുക്കേണ്ട ദിവസം പർദ്ദയിട്ടുകൊണ്ട് വരരുത് എന്ന് ഉത്തരവിറങ്ങിയാൽ ബിക്കിനിയിട്ടുകൊണ്ടല്ല, പർദ്ദയിട്ടുകൊണ്ടാണ് നിരത്തിലിറങ്ങേണ്ടത്. അതേസമയം പർദ്ദയിടാൻ മനസ്സില്ല എന്ന് പറയുന്ന പെണ്ണിനോട് 'എന്നാൽ ബിക്കിനിയിട്ട് സമരം ചെയ്യൂ' എന്ന് പറയുന്ന ആണത്തത്തെ ചെറുക്കേണ്ടതുണ്ട്.**



സ്ത്രീയേക്കാൾ എന്തുകൊണ്ടും അവർക്ക് പ്രിയം, കാണാവുന്ന, തൊട്ടടുത്ത വീട്ടിലെയെന്ന് തോന്നിപ്പിക്കുന്ന സ്ത്രീകൾ ശരീരം പ്രദർശിപ്പിക്കുന്നതാണ്. ആ ബിക്കിനികളും നിക്കറുകളും തുറന്ന മുലകളുമാണ് 'വിറ്റ് പോകുന്നത്'. ശരീരം പ്രദർശിപ്പിക്കാതെയുള്ള ഫെമിനിസം ഫെമിനിസമല്ല എന്ന അപകടകരവും അത്യന്തം സ്ത്രീവിരുദ്ധവുമായ ആശയം പോലും ഈ ആൺപിന്തുണ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യുന്നത്. ഹിജാബ് ധരിക്കുന്ന ഒരു സ്ത്രീയ്ക്ക് പങ്കെടുക്കാൻ കഴിയാത്ത, ശരീരം മുഴുവൻ പാടുകളുള്ള, പൊള്ളിയ ഒരു സ്ത്രീയ്ക്ക് പിന്തുണ ലഭിക്കാത്ത, എന്തിന് നിക്കറോ ബിക്കിനിയോ ഇടാൻ താത്പര്യപ്പെടാത്ത സ്ത്രീകൾക്ക് പിന്തുണ ലഭിക്കാത്ത സമരങ്ങൾ സ്ത്രീപക്ഷമാകുന്നതെങ്ങനെ? അപ്പോൾ സമരമുഖത്തിലെ സ്ത്രീകൾ പിരിഞ്ഞ് പോകണമെന്നാണോ? ഇഷ്ടമുള്ള രീതിയിൽ പ്രതിഷേധിക്കാൻ പാടില്ലെന്നാണോ? ഇപ്പറഞ്ഞതനുസരിച്ച് ഒരു സ്ത്രീ ഇഷ്ടമുള്ള വസ്ത്രമിട്ട് നടക്കാനിറങ്ങിയാലും അത് ശരീരം പ്രദർശിപ്പിക്കുന്നതാണെങ്കിൽ അത് ആൺ നോട്ടങ്ങൾക്കുവേണ്ടി മാത്രമുള്ളതായിത്തീരുകയാണ് എന്നാണോ? അല്ല. മാറുന്ന ചുറ്റുപാടുകൾക്കനുസരിച്ച് വസ്ത്രധാരണത്തിന്റെ രാഷ്ട്രീയവും മാറുന്നു. ഒരു സ്ത്രീയുടെ വസ്ത്രധാരണരീതി അവർ തീരുമാനിക്കുന്നതെന്തായാലും, അതിന് അതിന്റേതായ നിലനിൽപാണുള്ളത്. അവിടെ അതിനുള്ള രാഷ്ട്രീയവും സ്വന്തമായാണ് നിലനിൽക്കുന്നത്. എന്നാൽ ഈ വസ്ത്രധാരണരീതികൾ ആൺനോട്ടങ്ങളിലൂടെ സ്ത്രീവാദവുമായി ബന്ധിപ്പിക്കുമ്പോഴാണ് പ്രശ്നം.

സെറ്റ് സാരിയുടുത്താൽ തിരുവാതിരക്കളിയും താലപ്പൊലിയുമാണ് ചേരുക എന്നത് ആൺവായനയാണ്. അതുടുത്തുകൊണ്ട് തെങ്ങ് കയറുകയാണ് പെണ്ണുങ്ങൾക്കിഷ്ടമെങ്കിൽ അങ്ങനെയായിരിക്കണം. സെറ്റ് സാരിയുടുക്കേണ്ട ദിവസം പർദ്ദയിട്ടുകൊണ്ട് വരരുത് എന്ന് ഉത്തരവിറങ്ങിയാൽ ബിക്കിനിയിട്ടുകൊണ്ടല്ല, പർദ്ദയിട്ടുകൊണ്ടാണ് നിരത്തിലിറങ്ങേണ്ടത്. അതേസമയം പർദ്ദയിടാൻ മനസ്സില്ല എന്ന് പറയുന്ന പെണ്ണിനോട് 'എന്നാൽ ബിക്കിനിയിട്ട് സമരം ചെയ്യൂ' എന്ന് പറയുന്ന ആണത്തത്തെ ചെറുക്കേണ്ടതുണ്ട്. ബിക്കിനിയിട്ട സ്ത്രീയെ ആക്രമിച്ചതിനെതിരെ പ്രതിഷേധിക്കാൻ നിരത്തിലിറങ്ങുമ്പോൾ ബിക്കിനി ഇട്ടുകൊണ്ടാകണം എന്നത് സ്ത്രീവാദമല്ല, അത് പുരുഷാധിപത്യമാണ്. വിനായകൻ എന്ന ദളിത് യുവാവിനെ മുടി നീട്ടി വളർത്തി എന്ന് പറഞ്ഞ പോലീസിനെതിരെ ശബ്ദമുയർത്താൻ ആണുങ്ങളെല്ലാം മുടിനീട്ടണം എന്നല്ല സമരങ്ങൾ പറഞ്ഞത്. ദളിത് വിരുദ്ധതയാണ് വിനായകനെ കൊന്നത് എന്നും അതിനെതിരെയാണ് സമരം എന്നും നമുക്കറിയാം. സ്ത്രീയുടെ ശരീരത്തിനുനേരെയുണ്ടാകുന്ന ആക്രമണം സ്ത്രീവിരുദ്ധതയും പുരുഷാധിപത്യവും മൂലമാണ്. ഒരു സ്ത്രീയുടെ വസ്ത്രം പോലും അതിനോടാണ് മല്ലിടുന്നത് എന്നതാണ് സത്യം.



ഉമ്മുൽ ഫായിസ
*ഗവേഷക, ജെ.എൻ.യു*

# ഇസ്ലാമികവേഷം : മതേതരത്വം, തിരഞ്ഞെടുപ്പ്, പ്രതിരോധം

**മുസ്ലിംസ്ത്രീകൾക്ക് മേലുള്ള മതപരമായ നിയന്ത്രണമാണ് ഇസ്ലാമിക വേഷത്തിന് എതിരെയുള്ള എതിർപ്പിന്റെ പ്രധാനകാരണം. മുസ്ലിംസ്ത്രീ എന്തു ധരിക്കണമെന്ന് തീരുമാനിക്കുന്നത് മതവും മതത്തിന്റെ മേലധികാരികളും മുസ്ലിംപുരുഷനുമാണ്. ഇത് മുസ്ലിംസ്ത്രീയുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനെ ഹനിക്കുകയും ആൺകോയ്മയെ ചോദ്യം ചെയ്യാതെ നിലനിർത്തുകയും ചെയ്യുന്നു.**

കഴിഞ്ഞ നൂറ്റാണ്ടു മുതലെങ്കിലും വസ്ത്രധാരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഏറ്റവും കൂടുതൽ വിവാദങ്ങളും ചർച്ചകളും നടന്നിട്ടുള്ളത് മുസ്ലിം സ്ത്രീയുടെ വേഷത്തെ കേന്ദ്രീകരിച്ചാണ്. തല മറയ്ക്കുന്ന 'ഹിജാബ്' മുതൽ ശരീരം മുഴുവൻ മറയ്ക്കുന്ന 'ബുർഖ' വരെ ഇന്ന് പലരീതിയിൽ രാഷ്ട്രീയ സാമൂഹിക ആകുലതകളുടേയും അതുകൊണ്ടുതന്നെ നിരന്തരമായ ഗവേഷണങ്ങളുടേയും പഠനങ്ങളുടേയും ഭാഗമാണ്. (വായനയുടെ സൗകര്യത്തിനുവേണ്ടി വൈവിദ്ധ്യങ്ങൾ ഏറെയുള്ള മുസ്ലിംസ്ത്രീ വേഷങ്ങളെ അടയാളപ്പെടുത്താൻ 'ഇസ്ലാമിക വേഷം' എന്ന വാക്കാണ് ഞാൻ ഇവിടെ ഉപയോഗിക്കുന്നത്. അതിന്റെ കാരണങ്ങൾ ഈ ലേഖനത്തിന്റെ പരിധിയിൽ ഇപ്പോൾ കൊണ്ടുവരുന്നില്ല. എങ്കിലും ശഹാബ് അഹമദിന്റെ What is Islam ? One Being Islamic എന്ന പഠനത്തിലെ നിഗമനങ്ങൾ എന്റെ ധാരണകളെ ശക്തിപ്പെടുത്തുന്ന പ്രധാനഘടകമാണ്). ഇസ്ലാമിക വേഷത്തെക്കുറിച്ചുള്ള പൊതു സ്ത്രീവായനകളുടെ ചില അന്ധമേഖലകൾ അനാവരണം ചെയ്യാനുള്ള ശ്രമമാണ് ഈ കുറിപ്പിന്റെ ഉദ്ദേശം. പുതിയ ഫെമിനിസ്റ്റ് ഗവേഷണങ്ങൾ മാറുന്ന ഈ വായനയുടെ ശക്തിസ്രോതസ്സായി തന്നെ നിലനിൽക്കുന്നുണ്ട്.

പല രീതിയിൽ ഈ ചർച്ച മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. മുസ്ലിംസ്ത്രീയുടെ വേഷവുമായി ബന്ധപ്പെട്ട ചർച്ചയെ നിർണ്ണയിക്കുന്ന പ്രബലധാരണയുണ്ടായത് 'അടിച്ചമർത്തപ്പെട്ട' മുസ്ലിംസ്ത്രീ എന്ന പ്രതീകത്തിലൂടെയാണ്. ഇത് ഇസ്ലാമിക വേഷത്തെ 'മതപരമായ' നിയന്ത്രണത്തിന്റെ ഭാഗമായി സവിശേഷമായി കാണുന്നു. അങ്ങിനെ മുസ്ലിംസ്ത്രീയെ രക്ഷിക്കുന്നതിനു മതേതരമായ തിരഞ്ഞെടുപ്പുകൾ സാധ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. അങ്ങനെ മതത്താൽ അടിച്ചമർത്തപ്പെടുകയും അദൃശ്യവത്ക്കരിക്കപ്പെടുകയും ചെയ്ത മുസ്ലിംസ്ത്രീകളെ വിമോചിപ്പിക്കാനും പുതിയ രീതിയിൽ ദൃശ്യവത്ക്കരിക്കാനും മതേതരമായ വ്യവഹാരങ്ങൾ ആവശ്യമാണെന്ന കാഴ്ചപ്പാട് ഫെമിനിസത്തിന്റെ തന്നെ പ്രബലധാരകൾക്ക് പ്രധാനമായിരുന്നു. മതം/മതേതരത്വം, നിയന്ത്രണം/തിരഞ്ഞെടുപ്പ്, അടിച്ചമർത്തൽ/ വിമോചനം, തുടങ്ങിയ ദ്വന്ദ്വങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ഈ ധാരണകൾ ഏറെ ശക്തി പ്രാപിച്ചത്. ഇന്ന് ഈ ദ്വന്ദ്വങ്ങളെ



അസ്ഥിരമാക്കുന്ന നിരവധി പഠനങ്ങൾ പുറത്തിറങ്ങുകയും ഫെമിനിസത്തിന്റെ പുതിയ രാഷ്ട്രീയ ഇടപെടലുകൾ ഇസ്ലാമിക വേഷത്തെപ്പറ്റിയുള്ള ദ്വന്ദ്വവായനകളെ പ്രതിസന്ധിയിലാക്കുകയും ചെയ്തിരിക്കുന്നു. പോസ്റ്റ് കൊളോണിയൽ പഠനങ്ങൾ, പോസ്റ്റ്-സ്ട്രക്ചറൽ സമീപനങ്ങൾ തുടങ്ങി ഇസ്ലാമിക ഫെമിനിസത്തിന്റെ ആവിർഭാവം വരെയുള്ള ഘടകങ്ങൾ ഈ മാറ്റത്തിൽ പങ്കുവഹിച്ചിട്ടുണ്ട്.

**നിയന്ത്രണം എന്ന രാഷ്ട്രീയപ്രശ്നം**

മുസ്ലിംസ്ത്രീകൾക്ക് മേലുള്ള മതപരമായ നിയന്ത്രണമാണ് ഇസ്ലാമിക വേഷത്തിന് എതിരെയുള്ള എതിർപ്പിന്റെ പ്രധാനകാരണം. മുസ്ലിംസ്ത്രീ എന്തു ധരിക്കണമെന്ന് തീരുമാനിക്കുന്നത് മതവും മതത്തിന്റെ മേലധികാരികളും മുസ്ലിംപുരുഷനുമാണ്. ഇത് മുസ്ലിംസ്ത്രീയുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനെ ഹനിക്കുകയും ആൺകോയ്മയെ ചോദ്യം ചെയ്യാതെ നിലനിർത്തുകയും ചെയ്യുന്നു. ഇസ്ലാമിക വേഷത്തിന്റെ വിമർശനത്തിന്റെ അടിസ്ഥാനമായി നിലനിന്ന പ്രധാനപ്പെട്ട കാഴ്ചപ്പാടാണിത്.

മുസ്ലിം ഭൂരിപക്ഷ ദേശരാഷ്ട്രങ്ങളായ സൗദി അറേബ്യയിലും ഇറാനിലും സ്ത്രീകൾക്കു മേൽ ഇസ്ലാമിക വേഷം നിർബന്ധിതമാക്കിയതിനെ ഈ കാഴ്ചപ്പാട് ഉദാഹരണമായി നൽകുന്നു. മുസ്ലിംസ്ത്രീകളുടെ വേഷം എന്താണെന്ന കാര്യത്തെപ്പറ്റി മറ്റു ചില സാഹചര്യങ്ങളിലുള്ള മുസ്ലിംപുരുഷന്മാരുടെ തീർത്തും വ്യക്തിപരമായ അഭിപ്രായങ്ങളെയും നേരത്തെപറഞ്ഞ മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിലെ ഭരണകൂട നിലപാടുമായി സമീകരിക്കുന്നു. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ ഒട്ടും പരിഗണിക്കാതെയാണ് ഈ വാദങ്ങൾ ഉന്നയിക്കുന്നത്. കാരണം അടിച്ചമർത്തപ്പെട്ട മുസ്ലിംസ്ത്രീ എന്ന സാർവലൗകിക ബിംബം ഉണ്ടായിവരുന്നതിനു ഇങ്ങിനെയുള്ള സാമാന്യവൽകരണങ്ങൾ ആവശ്യമാണ്.

അതേസമയം മുസ്ലിംസ്ത്രീകൾക്ക് മേലുള്ള മതപരമായ നിയന്ത്രണങ്ങളെ വളരെ ശക്തമായി ചോദ്യം ചെയ്യുകയും എതിർക്കുകയും ചെയ്യുന്ന അതെ രാഷ്ട്രീയം മതേതര നിയന്ത്രണങ്ങളുടെ നിരവധി സങ്കീർണ്ണതകൾ കാണുന്നുണ്ട്. ഉദാഹരണമായി മുസ്ലിം ഭൂരിപക്ഷ രാഷ്ട്രങ്ങളായ തുർക്കിയിൽ മുസ്തഫ കമാൽ അത്തത്തുർക്കിന്റെ മതേതരരാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമായും ഇറാനിൽ മതേതര ദേശീയവാദിയായ ഏകാധിപതി റിസാ ഷാ പഹലവിയുടെ കാലത്തും ഇസ്ലാമിക വേഷം ധരിക്കുന്നതിനു സ്ത്രീകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

അതുപോലെ മുസ്ലിംകൾ ന്യൂനപക്ഷമായ, ആധുനിക മതേതര രാഷ്ട്രങ്ങളായ ഫ്രാൻസിലും ജർമനിയിലും ഇക്കഴിഞ്ഞ ദശകങ്ങളിൽ ഇസ്ലാമിക വേഷങ്ങൾ പൊതു ഇടത്തിൽ ധരിക്കുന്നതിനു നിയന്ത്രണങ്ങൾ മതേതര കോടതികൾ തന്നെ പാസ്സാക്കിയിട്ടുണ്ട്. ഇന്ത്യയിലും പല സ്വകാര്യ സ്കൂളുകളിൽ പ്രത്യക്ഷമായും അടുത്ത കാലത്തായി സി.ബി.എസ്.ഇയുടെ മുൻകൈയിൽ നടത്തുന്ന പല പരീക്ഷകളിലും പരോക്ഷമായും ഇസ്ലാമിക വേഷത്തിന് വിലക്കേർപ്പെടുത്താറുണ്ട്. പക്ഷെ, ഈ നിയന്ത്രണങ്ങളൊന്നും തന്നെ മുസ്ലിം സ്ത്രീയുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനെ ഹനിക്കുന്നതായി ലിബറൽ മതേതര പക്ഷത്തുനിന്ന് അധികമൊന്നും മനസ്സിലാക്കിയില്ല. അതിനെതിരെ വലിയ രീതിയിൽ പ്രതിഷേധങ്ങൾ നടന്നിട്ടില്ല. മാത്രമല്ല, പലപ്പോഴും ഈ നിയന്ത്രണങ്ങളെ മതേതരത്വത്തിന്റെ പുന:സ്ഥാപനമായും മുസ്ലിംസ്ത്രീയുടെ വിമോചനമായും ആഘോഷിക്കുകയാണ് ചെയ്തത്.

ഇത് സൂചിപ്പിക്കുന്നത്, മുസ്ലിംസ്ത്രീ എന്ത് ധരിക്കണമെന്ന് മതേതര കോടതികൾക്കു നിയന്ത്രിക്കാമെന്നും അത് ഫെമിനിസ്റ്റ് വിമർശനത്തിന്റെ മേഖലയിൽ സ്വീകാര്യതയുള്ള നിയന്ത്രണം ആണെന്നുമാണോ? മതപരമായ നിയന്ത്രണങ്ങളാകുമ്പോൾ മാത്രമേ ആൺകോയ്മയുടേയും അധികാരത്തിന്റേയും പ്രശ്നമായി കണക്കാക്കപ്പെടുന്നുള്ളൂ എന്നാണ് ഇതിന്റെ വൈരുദ്ധ്യം.

അങ്ങനെ, ആൺകോയ്മയുടേയും അധികാരത്തിന്റേയും പ്രശ്നമില്ലാത്ത ഒന്നായി മതേതരത്വത്തെ ചിത്രീകരിക്കുകയും അത് സ്ത്രീവിമോചനത്തിന്റെ പ്രധാനഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അതുവഴി, മതേതരത്വം വിശിഷ്യ അതിന്റെ യുറോപ്യൻ മാതൃക-എന്നാൽ സ്വാതന്ത്ര്യവും ലിംഗസമത്വവുമാണെന്നും ഇസ്ലാം എന്നാൽ അടിച്ചമർത്തൽ ആണെന്നും തരംതിരിക്കുന്നു. ഇത് ഇന്നത്തെ മതേതരരാഷ്ട്രീയത്തിനു ഒരു ഫെമിനിസ്റ്റ് മാനം കൂടി കല്പിച്ചു കൊടുക്കുന്നുണ്ട്.

**മതേതരത്വവും ലിംഗസമത്വവും**

പോസ്റ്റ്കൊളോണിയൽ കാലത്ത്, മതേതരത്വവും ലിംഗസമത്വവും എന്നത് ഇസ്ലാമിനെതിരെ ഒരേ ശബ്ദത്തിൽ ഏറെ ശക്തിയോടെ വരുന്നത് സെപ്തംബർ 11 നു ശേഷമാണ്. ഇതിന്റെ ഉദാഹരമാണ് 2003 ൽ ഫ്രഞ്ച് കമ്മീഷൻ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം നിരോധിക്കുന്നതിന്റെ ന്യായമായി പറഞ്ഞ കാര്യങ്ങൾ. ഫ്രഞ്ച് മതേതരത്വത്തെ



സംരക്ഷിക്കാൻ വേണ്ടിയാണു ഈ നിരോധനം എന്നാണ് ഉന്നയിക്കപ്പെട്ട വാദം. അതുവഴി ലിംഗ സമത്വം, സ്വാതന്ത്ര്യം, മതവും ഭരണകൂടവും തമ്മിലുള്ള വേർതിരിവ് തുടങ്ങിയ മതേതര അടിസ്ഥാനങ്ങൾ മുസ്ലിംകളും പിന്തുടരണമെന്ന് അവർ വാദിച്ചു. ഇതിന്റെ മറ്റൊരു മൂർത്തഭാവമാണ് ഒരു ഫ്രഞ്ച് മതേതര കൂട്ടായ്മയുടെ പ്രതികരണം എന്ന് ജോൺ സ്കോട്ട് തന്റെ Sex and Secularism എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നുണ്ട്. "റിപ്പബ്ലിക്, ജനാധിപത്യം, സ്ത്രീസ്വാതന്ത്ര്യം, മതേതരത്വം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നവർ ഇസ്ലാമോഫോബിക് ആവുക സ്വാഭാവികമാണ്. കാരണം, ഇസ്ലാമിനു ഇത്തരം വിമോചനമൂല്യങ്ങളെ ഉൾക്കൊള്ളാനാവില്ല." ഇവിടെ മതേതരത്വം എന്നത് യുക്തി, സ്വാതന്ത്ര്യം, സ്ത്രീ അവകാശം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുമ്പോൾ ഇസ്ലാം എന്നത് അടിച്ചമർത്തലിന്റേയും തീവ്രവാദത്തിന്റേയും സംസ്കാരമായി വ്യാഖ്യാനിക്കുന്നു. മാത്രമല്ല ഇവിടെ ഇസ്ലാമിനെ യുക്തിയുടെ അപരമാക്കുകയാണ്. യുക്തി ചരിത്രത്തിന്റെ വളർച്ചയാണെങ്കിൽ ഇസ്ലാം എന്നത് സ്ഥായിയായ, ഒരിക്കലും മാറാത്ത ഒന്നായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ശീതയുദ്ധത്തിനു ശേഷം ഈ കാഴ്ചപ്പാട് ആധിപത്യബോധമായി തന്നെ വികസിക്കുകയും ചെയ്തു.


ചരിത്രപരമായി പരിശോധിച്ചാൽ മതേതരത്വത്തിന്റെ അടിസ്ഥാനഘടകമായി ഇപ്പോൾ



കണക്കാക്കുന്ന ലിംഗസമത്വം എന്നത് വളരെ വ്യത്യസ്തമായ ഒരു കാര്യമാണ് പറയുന്നത്. ആദ്യകാലങ്ങളിൽ മതേതരത്വത്തെ മനസ്സിലാക്കിയതിൽ നിന്നും വ്യത്യസ്ഥമാണ് ഇന്നത്തെ മതേതര ലിംഗഭേദ  വ്യവസ്ഥ. അതായത് പാശ്ചാത്യ ആധുനികതയെ സാധ്യമാക്കിയ ചർച്ചും ഭരണകൂടവും തമ്മിലെ വിഭജനം ഒരു മതേതര രാഷ്ട്രീയമായിരുന്നു. എന്നാൽ  ഇതേ മതേതരത്വം അടിസ്ഥാനപരമായി ലിംഗസമത്വത്തിനു എതിരായിരുന്നു. ചർച്ചിന്റെ രാഷ്ട്രീയത്തിൽ നിന്നുള്ള പിന്മാറ്റത്തിന് ശേഷം സെക്കുലർ ആണധികാരശക്തികൾ  സ്ത്രീകളെ അടിച്ചമർത്താൻ പുതിയൊരു ക്രമീകരണം ഉണ്ടാക്കിയെടുക്കുകയായിരുന്നു.  അതായതു പൊതുഇടത്തിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും ചർച്ച പിന്മാറിയതിന് ശേഷം സ്ത്രീകളുടെ അവസ്ഥ വലിയ മാറ്റമില്ലാതെ തുടർന്നുപോന്നു എന്നാണ് സ്കോട്ട് നിരീക്ഷിക്കുന്നത്. ഇത് വഴി രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയ ഇടങ്ങളെ ആണുങ്ങളുടെ കീഴിലാക്കാൻ  സ്ത്രീകളെ കുടുംബ/സ്വകാര്യ ഇടങ്ങളിലേക്ക് ഒതുക്കി നിർത്തിയ രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമായിരുന്നു മതേതരത്വം. അതായത് മതേതരത്വം വന്നിട്ടും യുറോപ്പിൽ സ്ത്രീകളുടെ അവസ്ഥ മാറ്റമില്ലാതെ തുടർന്നുവെന്ന് സ്കോട്ട് നിരീക്ഷിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനം ഇസ്ലാമുമായി ബന്ധപ്പെട്ടുണ്ടായ സംവാദത്തോട് കൂടിയാണ് ലിംഗ സമത്വം എന്നത് മതേതരത്വത്തിന്റെ പ്രധാനഘടകമായി മാറിയത്. ഇസ്ലാമിനോടുള്ള വ്യത്യാസം എന്ന നിലക്കാണ് യൂറോപ്യൻ സെക്കുലർ ആണത്ത വ്യവഹാരങ്ങൾ ഫെമിനിസത്തെ കണ്ടെടുക്കുന്നത്. പക്ഷെ ഇസ്ലാമിനെതിരായി താരതമ്യപ്പെടുത്തുന്നത് കൊണ്ട് തന്നെ സമത്വം എന്താണെന്നു വിവരിക്കുക ഇപ്പോഴും പ്രയാസമാണ്. കാരണം എന്താണോ ഇസ്ലാം അല്ലാത്തത് എന്ന അർഥം മാത്രമേ അതുകൊണ്ടുതന്നെ ലിംഗസമത്വം എന്ന വ്യവഹാരത്തിന് കൈവരുന്നുള്ളൂവെന്നും സ്കോട്ട് നിരീക്ഷിക്കുന്നു. ഈ അർത്ഥത്തിലുള്ള പ്രതിസന്ധി മതേതരത്വ വ്യവഹാരങ്ങളുടെ ലിംഗരാഷ്ട്രീയത്തെ നിരന്തരം വേട്ടയാടുന്നുണ്ട്. അതുകൊണ്ടുതന്നെ നേരത്തെ സൂചിപ്പിച്ച നിയന്ത്രണത്തെക്കുറിച്ചുള്ള ഇരട്ടത്താപ്പുകൾ നിരന്തരം ആവർത്തിക്കേണ്ട സാഹചര്യം വരുന്നു.

സ്കോട്ട് ഉന്നയിക്കുന്ന ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടത് പ്രധാനമാണ്. ലിംഗസമത്വം എന്നത് മതേതരത്വത്തിന്റെ അടിസ്ഥാനമാണ് എന്ന വാദം തെറ്റാണ്.   ഈ ചരിത്ര നിരപേക്ഷമായ ആരോപണം  വംശീയവും മതപരവുമായ ആധിപത്യത്തിനു ന്യായീകരണമായി മുൻപും ഇപ്പോഴും ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഇത് പാശ്ചാത്യ/വെളുത്ത/ ക്രിസ്ത്യൻ ദേശങ്ങളിലും ഇതര ദേശങ്ങളിലും നില നിൽക്കുന്ന ലിംഗപരമായ വ്യത്യാസത്തെ സംബന്ധിച്ച പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിൽ നിന്നും ശ്രദ്ധ തെറ്റിക്കുകയാണ് ചെയ്യുന്നത്. ഒരു പരിധിയും കടന്നു എല്ലാ സമൂഹങ്ങളിലും



വ്യത്യാസങ്ങളോടെതന്നെ കാണപ്പെടുന്ന ലിംഗപരമായ അനീതിയുടെ കാരണങ്ങളെ സൂക്ഷ്മമായി അഭിസംബോധന ചെയ്യാൻ തടസ്സമായി നിൽകുന്ന ഒരു വ്യവഹരമായി ഇന്നത്തെ സാഹചര്യത്തിൽ മതേതരത്വം മാറിയിരിക്കുന്നുവെന്ന് സ്കോട്ട് നിരീക്ഷിക്കുന്നു.

ഈ അർത്ഥത്തിൽ ഇന്നത്തെ ഇസ്ലാമിക വേഷത്തെപ്പറ്റിയുള്ള ചർച്ചകൾ മതം/ മതേതരത്വം ഇവയെക്കുറിച്ചുള്ള ലളിതവായനകളിൽ നിന്ന് മാറിനിൽക്കണം. ഇന്നത്തെ ആഗോള കമ്യൂണിക്കേഷൻ വിപ്ലവകാലത്ത് ഇസ്ലാമിനെപ്പറ്റിയുള്ള വികലമായ കാഴ്ച്ചപ്പാടുകൾ ഓരോ സാഹചര്യത്തിലെയും ഫെമിനിസ്റ്റ് വ്യവഹാരങ്ങളെ എങ്ങിനെ സ്വാധീനിക്കുന്നുവെന്നു സൂക്ഷ്മമമായി തന്നെ വിലയിരുത്തണം. ഇസ്ലാമികവേഷത്തെപ്പറ്റി നാം രൂപപ്പെടുത്തിയ ധാരണകൾ ഒരേ സമയം ആഗോളവും അതേ സമയം പ്രാദേശികവുമാണ് എന്നത് ഈ ചർച്ചയെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്.

**അധികാരവും തിരഞ്ഞെടുപ്പും**

ഇസ്ലാമികവേഷവുമായി ബന്ധപ്പെട്ടു ഉയർന്നു വരുന്ന മറ്റൊരു പ്രധാനചർച്ചയാണ് സ്വതന്ത്രമായ തിരഞ്ഞെടുപ്പ് എന്ന പ്രശ്നം. ഒന്നുകിൽ മുസ്ലിം പുരുഷന്മാരുടെ സമ്മർദ്ദത്തിന് വഴിപ്പെട്ടവരോ അല്ലെങ്കിൽ ചിന്താശേഷി നഷ്ടപ്പെട്ടവരോ ആയിട്ടാണ് ഇസ്ലാമിക വേഷം തിരഞ്ഞെടുക്കുന്ന മുസ്ലിംസ്ത്രീകളെ പ്രബല വ്യവഹാരങ്ങൾ വിലയിരുത്താറുള്ളത്. അതായത് സ്വതന്ത്രമായ തിരഞ്ഞെടുപ്പ് ഇസ്ലാമികവേഷം തിരഞ്ഞെടുക്കുന്ന മുസ്ലിംസ്ത്രീകൾക്ക് കല്പിച്ചു കൊടുക്കാറില്ലെന്ന് സാരം.

ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പ് എന്നത് അവൾ/അവൻ നിലനിൽക്കുന്ന സാമൂഹിക സാഹചര്യവുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ടെന്ന് Elizabeth Bucar, Ann Marie Leshkowich, Carla Jonse തുടങ്ങിയവർ വാദിക്കുന്നുണ്ട്. ഒരു creative conformity (ക്രിയാത്മകമായ അനുവർത്തനം) ആയിട്ടാണ് എലിസബത്ത് ബുക്കാർ ഈ ബന്ധത്തെ വിശേഷിപ്പിക്കുന്നത്. തങ്ങൾ ജീവിക്കുന്ന സാഹചര്യത്തിന് യോജിച്ച രീതിയിൽ വസ്ത്രം ധരിക്കുക എന്നത് സ്വാഭാവിക കാര്യമായാണ് ബുക്കാർ കാണുന്നത്. ഇവിടെ വ്യക്തിയുടെ നിർവാഹകത്വം എന്നത് ഘടനാപരമായ സന്ദർഭത്തോട് തന്ത്രപരമായി ഇടപെടുകയാണ് ചെയ്യുന്നത്. അതെപ്പോഴും സ്വീകരിക്കുക/തിരസ്കരിക്കുക തുടങ്ങിയ രീതിയിൽ മാത്രം പരിമിതമാവുന്നില്ല. അതുകൊണ്ട് തന്നെ ഏതൊരു സ്ത്രീയുടെയും (പുരുഷന്റെയും) തിരഞ്ഞെടുപ്പ് എന്നത് അവരുടെ സ്വന്തം നിയന്ത്രണത്തിലൊതുങ്ങുന്നില്ല. സാമൂഹികമായ സമ്മർദ്ദങ്ങളും കാമനകളും ലിംഗപരമായ മാനങ്ങളുമൊക്കെ തിരഞ്ഞെടുപ്പിനെ നിർണ്ണയിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ മുസ്ലിം സ്ത്രീയുടെ തിരഞ്ഞെടുപ്പ് എന്നത്, മറ്റു സ്ത്രീജീവിതങ്ങളിൽ നിന്നും വലിയ വ്യത്യാസമായി കാണേണ്ടതില്ല എന്ന് അവർ പറയുന്നു.

ഇതിനു സമാനമായി നരവംശ ശാസ്ത്രജ്ഞരായ Ann Marie Leshkowich, Carla Jonse എന്നിവർ മറ്റൊരു ആശയം വികസിപ്പിച്ചിട്ടുണ്ട്. Performance practices എന്നാണ് അവർ അതിനെ വിശേഷിപ്പിക്കുന്നത്. ജൂഡിത്ത് ബട്ലരിന്റെ Performance എന്ന ആശയവും മൈക്കൽ ഡിസെർത്തോവിന്റെ Practice നെ കുറിച്ച സിദ്ധാന്തവും കടമെടുത്താണ് വസ്ത്രധാരണവുമായി ബന്ധപ്പെട്ട പുതിയൊരു ആശയം അവർ രണ്ടുപേരും രൂപികരിച്ചത്. വസ്ത്രത്തിന്റെ തിരഞ്ഞെടുപ്പ് എന്നത് ഒരുതരത്തിൽ അഭിനയമോ ആവർത്തനമോ ആവിഷ്കാരമോ ആണെന്നും സാമൂഹിക പദവി, മതാധികാരം, രാഷ്ട്രീയസ്ഥാപനങ്ങൾ തുടങ്ങിയ ഘടനാപരമായ നിയന്ത്രണങ്ങളിൽ നിന്നും മുക്തമല്ല എന്നും അവർ വാദിക്കുന്നു. അതിനാൽ ലിംഗപരമായ മാനങ്ങളും അധികാരത്തിന്റെ പ്രശ്നങ്ങളുമില്ലാത്ത വസ്ത്രം എന്ന സങ്കൽപം അപ്രസക്തമാണ്. ഏതൊരു വസ്ത്രം തിരഞ്ഞെടുക്കുമ്പോഴും സാമൂഹികപദവി,



എലിസബത്ത് ബുകാർ

ലിംഗപരമായ മാനദണ്ഡങ്ങൾ, നിലവിലെ അധികാരം തുടങ്ങിയ ഘടനാപരമായ നിയന്ത്രണങ്ങൾ ഓരോരുത്തരെയും വേട്ടയാടുന്നുണ്ട് എന്ന് സാരം.

ഈ ഒരു പ്രശ്നത്തെക്കുറിച്ച് ബോധപൂർവ്വമായ ഒരാലോചന സ്വന്തം വസ്ത്രത്തിന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ആരും അധികം നടത്താറില്ല. എന്നാൽ ആധിപത്യ സമൂഹങ്ങൾ അപര സമൂഹങ്ങളുടെ വേഷങ്ങളെ കുറിച്ച്

വായിക്കുന്നത് സാമാന്യവത്കരിക്കപ്പെട്ട ധാർമ്മികതയെയും അലങ്കാരത്തെയും മുൻനിർത്തിയാണ് എന്നതാണ് വസ്ത്രത്തിന്റെ രാഷ്ട്രീയത്തിലെ പ്രധാനപ്രശ്നം. ഉദാഹരണത്തിന് ശരീരം മുഴുവൻ മറയ്ക്കുന്ന പർദ്ദയെ ആൺകോയ്മയുടെ പ്രശ്നമായി വിലയിരുത്തുന്ന ഇന്ത്യയിൽ തന്നെ  ശരീരം കുറെയൊക്കെ തുറന്നിടുന്ന രീതിയിലുള്ള മിനി സ്കേർട്ടുകളും ട്രൗസറുകളും ശരീരത്തിൽ ഒട്ടിനിൽക്കുന്ന സ്കിന്നി ജീൻസും ധരിക്കുന്നത് ആഭാസമായി കാണാറുണ്ട് കാരണം സാരിയെ സാമാന്യവത്കരിച്ചു കൊണ്ടാണ് അവർ ഇങ്ങനെയൊരു വിലയിരുത്തൽ നടത്തുന്നത്. ഹിന്ദു ജാതീയത, സവർണ്ണ ആൺകോയ്മ, കൊളോണിയലിസം  തുടങ്ങിയ ഘടനാപരമായ ഘടകങ്ങളുടെ സ്വാധീനം സാരിയുമായി ബന്ധപ്പെട്ട സാമാന്യവത്കരിക്കപ്പെട്ട



ജോൺ വല്ലാക്ക് സ്കോട്ട്

വായന ഒട്ടും പരിശോധിക്കാറില്ല. കാരണം ഭരണനേതാക്കൾ മുതൽ താഴെ തട്ടിൽ സ്കൂൾ അധ്യാപികമാർ വരെ സാരിയെ ദേശീയ/മതേതര വസ്ത്രമായി കാണുകയും വിമോചിത സ്ത്രീയുടെ ഉടയാടയായി സാമാന്യബോധത്തിൽ അലിഞ്ഞുചേരുകയും ചെയ്തിരിക്കുന്നു.

**പ്രതിരോധത്തിന്റെ രാഷ്ട്രീയം**

വസ്ത്രവും അധികാരവുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുമ്പോൾ തന്നെ പല സാഹചര്യങ്ങളിലും അധികാരത്തിനെതിരായ പ്രതിരോധത്തിന്റെ രാഷ്ട്രീയ ഉപകരണമായി ചില വേഷങ്ങൾ മാറുന്നുണ്ട്. അതിനു സന്ദർഭവും സാഹചര്യവും പ്രധാനമാണ്.  ഉദാഹരണമായി കഴിഞ്ഞ രണ്ടായിരത്തി പതിനേഴിൽ അമേരിക്കയിൽ തുടക്കമിട്ട pink pussy hat പ്രോജക്റ്റ് ശ്രദ്ധിക്കുക. ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ്, 2005 ൽ ഒരു സ്വകാര്യ സംഭാഷണത്തിൽ സ്ത്രീകളുടെ vagina യെ മോശമായി പ്രതിപാദിക്കുന്ന തരത്തിൽ വിവാദ പരാമർശം നടത്തിയത് ഒരു ചാനൽ പുറത്ത് വിട്ടതാണ് ഈ കാമ്പയിന് തുടക്കമിട്ടത്. ഇതിനെതിരെ, സ്ത്രീകളെ അപമാനിക്കുന്നതിനും vagina യെ മോശമായി ചിത്രീകരിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന pussy എന്ന വാക്കിനെ സാമാന്യവത്ക്കരിക്കാനുള്ള ശ്രമമായിരുന്നു ഈ കാമ്പയിൻ (pink pussy എന്നത് വെളുത്ത സ്ത്രീകളുടെ ലൈംഗികാവയവത്തെ കേന്ദ്രമാക്കിയുള്ളതാണെന്നും ഇതര സ്ത്രീശരീരങ്ങൾ അതിൽ നിന്നും പുറത്താക്കപ്പെട്ടുവെന്നും പറഞ്ഞ് പല trans-queer-black-brown ഫെമിനിസ്റ്റുകൾ ഇതിനെതിരെ വിമർശനവുമായി രംഗത്ത് വന്നിരുന്നു. അതിന്റെ സങ്കീർണത ഈ ലേഖനത്തിന്റെ പ്രധാനവിഷയമല്ലാത്തത് കൊണ്ട് ഇവിടെ ചേർക്കുന്നില്ല). അതിനെ തുടർന്ന് കുറച്ചു കൂടി വിപുലമായി അമേരിക്കൻ ഭരണകൂടത്തിന്റെ സ്ത്രീ വിരുദ്ധനയങ്ങളും മറ്റു ലിംഗഭേദ പ്രശ്നങ്ങളും പ്രതിരോധിക്കുക എന്ന നിലയിലേക്ക് കൂടി ഈ സമരപരിപാടിയെ മുന്നോട്ടു കൊണ്ട് പോയി. അതിനായി പ്രതീകാത്മകമായി, പിങ്ക് നിറത്തിൽ, പൂച്ചയുടെ ചെവിയുടെ ആകൃതിയിലുള്ള ഒരു തൊപ്പി ധരിച്ചു കൊണ്ട് സമരത്തിൽ പങ്കെടുക്കാൻ ചില സ്ത്രീ അവകാശ പ്രവർത്തകർ ആവശ്യപ്പെട്ടു. ഈ പിങ്ക്  തൊപ്പിയെ പ്രതിരോധത്തിന്റെ അടയാളമായാണ് അവർ പ്രഖ്യാപിച്ചത്. അതിനായി തൊപ്പി തുന്നാനുള്ള മാർഗ്ഗങ്ങൾ, വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്ന സ്ഥലങ്ങൾ, കൂട്ടം കൂടി തുന്നാനുള്ള സാഹചര്യങ്ങൾ, സൗജന്യമായി ലഭിക്കാവുന്ന മാർഗ്ഗങ്ങൾ തുടങ്ങിയവ വളരെ വിപുലമായി തന്നെ അവരുടെ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്. കഴിഞ്ഞ വനിതാദിനത്തിൽ പിങ്ക്തൊപ്പി  ധരിച്ചുകൊണ്ട് നിരവധി സ്ത്രീകൾ ഒത്തു ചേർന്നത് വളരെ ശ്രദ്ധേയമായിരുന്നു.

സ്ത്രീകളെപ്പറ്റി ധാരാളം വാർപ്പു മാതൃകകൾ പിങ്ക് എന്ന നിറം ഉൾവഹിക്കുന്നുണ്ട്. പക്ഷെ അമേരിക്കയിലെ ഈ പ്രതിരോധം പിങ്ക് എന്ന നിറത്തിന്റെ നില നിൽക്കുന്ന ലിംഗഭേദപരമായ മാനദണ്ഡങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെ ഇതൊരു ലിംഗപരമായ അധികാരത്തിന്റെ പ്രശ്നമായി വലിയൊരു വിമർശനം ഉയർന്നുവന്നില്ല.

മാത്രമല്ല, പ്രതിരോധത്തിന്റെ രാഷ്ട്രീയമായി പല




സാമൂഹിക സന്ദർഭങ്ങളിൽ ഫെമിനിസ്റ്റുകൾ തന്നെ ഈ അർത്ഥത്തിൽ പിങ്ക് നിറത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പിങ്ക് നിറത്തെ കേന്ദ്രീകരിച്ച കാമ്പയിൻ ഇതാദ്യമായല്ല നടക്കുന്നത് എന്നർത്ഥം. സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാമ്പയിനുകൾക്കായി ഫെമിനിസ്റ്റ് സംഘടനകളും സ്ത്രീ ശാക്തീകരണത്തിനുള്ള ആസൂത്രണപ്രവർത്തനങ്ങളുടെ ഭാഗമായി ഭരണകൂടവും ഇന്ത്യയിലും കേരളത്തിലും ഈ രീതി അനുവർത്തിച്ചിട്ടുണ്ട്.

പ്രത്യക്ഷത്തിൽ സ്ത്രീവിരുദ്ധമായ ഒരു ബിംബത്തിന്റെ അട്ടിമറി സാധ്യതയാണ് സ്ത്രീവാദികൾ തന്നെ തന്ത്രപരമായി ഉപയോഗിക്കുന്നത്. ഇങ്ങനെയുള്ള രാഷ്ട്രീയ പ്രതിരോധങ്ങളുടെ സാദ്ധ്യതകൾ ഇസ്ലാമിക വേഷത്തിനു പലപ്പോഴും ആരും കല്പിച്ചു കൊടുക്കാറില്ല. ബ്രിട്ടനിൽ പൊതു ഇടങ്ങളിൽ വർദ്ധിച്ചുവരുന്ന ഇസ്ലാമിക വേഷത്തിന്റെ ദൃശ്യതയെ കുറിച്ച് പഠനം നടത്തിയ എമ്മ റ്റാർലോ ഇങ്ങനെയുള്ള പ്രതിരോധ രാഷ്ട്രീയത്തിന്റെ വർത്തമാനം പറയുന്നുണ്ട്. ലിബറലിസത്തിന്റേയും മുതലാളിത്തത്തിന്റേയും ഭാഗമായി അനുദിനം വളർന്നു കൊണ്ടിരിക്കുന്ന മാർക്കറ്റ് ഇക്കോണമിയിൽ ശരീരം തുറന്നിടുക എന്നത് ട്രെൻഡായും പരിഷ്കാരമായും വ്യാഖ്യാനിക്കപ്പെടുന്ന സാഹചര്യങ്ങളെ ഇസ്ലാമിക വേഷം ധരിച്ചു കൊണ്ട് പല മുസ്ലിം സ്ത്രീകളും പ്രതിരോധിക്കുന്നുണ്ട് എന്ന് എമ്മാ റ്റാർലോ ചൂണ്ടിക്കാട്ടുന്നു. വിപണിയോടു ഒത്തുപോയി മാത്രമല്ല അതിന്റെ യുക്തികളോട് കലഹിച്ചും - ബോധപൂർവമോ അല്ലാതെയോ- സ്ത്രീകൾ ധരിക്കുന്ന വസ്ത്രത്തിന്റെ തിരഞ്ഞെടുപ്പുകൾ ഈ അർത്ഥത്തിൽ പ്രധാനമല്ലേ? അതിന്റെ രാഷ്ട്രീയപരമായ ഫലങ്ങൾ ആ അർത്ഥത്തിൽ കാണണം എന്ന റ്റാർലോയുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്.

**ഇസ്ലാമിക വേഷത്തെ വിലയിരുത്തുമ്പോൾ**

ചുരുക്കിപ്പറഞ്ഞാൽ ഇസ്ലാമിക വേഷത്തെ വിമോചനം അല്ലെങ്കിൽ അടിച്ചമർത്തൽ എന്ന ദ്വന്ദ്വത്തിലൂടെ ലഘൂകരിക്കാൻ സാധ്യമല്ല. മറ്റു വസ്ത്രങ്ങളെപോലെ തന്നെ അധികാരത്തിന്റേയും പ്രതിരോധത്തിന്റേയും തിരഞ്ഞെടുപ്പിന്റേയും നിയന്ത്രണത്തിന്റേയും ദൃശ്യതയുടേയും അദൃശ്യതയുടേയും ഒക്കെ ബഹുവിധ മാനങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായി മനസ്സിലാക്കേണ്ടതുണ്ട്. ഇസ്ലാമിക വേഷത്തിന്റെ തിരഞ്ഞെടുപ്പ് മറ്റൊരു സാഹചര്യത്തിൽ ഘടനാപരമായി ഒരു കീഴടങ്ങൽ ആവാം. നേരെ തിരിച്ചു പ്രത്യക്ഷമായ ഒരു കീഴടങ്ങൽ ഘടനാപരമായ അർത്ഥത്തിൽ വലിയ ഒരു തുറസ് സൃഷ്ടിക്കലും ആവാം. അല്ലെങ്കിൽ സബ മഹമൂദ് ഒക്കെ നിരീക്ഷിക്കുന്ന പോലെ അടിച്ചമർത്തൽ / വിമോചനം എന്ന ദ്വന്ദ്വത്തെ തന്നെ അപ്രസക്തമാക്കുന്ന മറ്റൊരു പ്രവർത്തന/ ജീവിതരീതിയും ആവാം. ഇസ്ലാമിക വേഷം ഓരോ സാഹചര്യങ്ങളിലും പല അർത്ഥങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. വ്യത്യസ്ത സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാഹചര്യങ്ങളിലെ ഇസ്ലാമിക വേഷത്തിന്റെ പ്രതിനിധാനത്തിനു തീർത്തും വ്യത്യസ്ഥമായ കാരണങ്ങളാണുള്ളത്. ഒരേ സാമുഹിക ചുറ്റുപാടുകളിൽ ജീവിക്കുന്ന മുസ്ലിം സ്ത്രീകൾ പോലും ഇസ്ലാമിക വേഷത്തെ സമീപിക്കുന്നത് വ്യത്യസ്ഥമായാണ്. അങ്ങനെ ഇസ്ലാമിക വേഷം എന്നത് എളുപ്പത്തിൽ അഭിപ്രായം പറഞ്ഞു കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമല്ലെന്നും വളരെ സൂക്ഷ്മരാഷ്ട്രീയമുള്ള ഒരു വസ്ത്രമാണെന്നും മനസ്സിലാക്കേണ്ടതുണ്ട് .

**അവലംബം**

Ann Marie Leshkowich and Carlo Jones "what Happens when Asian Chic Becomes Chic in Asia?" Fashion Theory 7, 3-4 (2003): 281-300.

Elizabeth Bucar. "Dianomy: Religious Women's Agency as Creative Conformity." Journal of the American Academy of Religion 78, 3 (2010): 662-686.


Elizabeth Bucar. The Islamic Veil: A Beginner's Guide. Oxford: Oneworld Publication, 2012.

Emma Tarlo. Visibly Muslim: Fashion, Politics, Faith. Oxford: Berg, 2010

Joan Wallach Scott. Sex and Secularism. Princeton: Princeton University Press, 2018.

Saba Mahmood. Politics of Piety: The Islamic Revival and the Feminist Subject. Princeton: Princeton University Press, 2005.

ചർച്ചാവിഷയം



# ഫ്രഞ്ച് ന്യൂ വേവ് സിനിമകളും ഫാഷനും



**ശോഭന പടിഞ്ഞാറ്റിൽ**
*സ്റ്റേറ്റ് ലൈബ്രേറിയൻ*
*എഴുത്തുകാരി*

വ്യത്യസ്തമായ ട്രീറ്റ്മെന്റ് കൊണ്ടും പുതിയ ആശയാവതരണം കൊണ്ടും നില നിന്നിരുന്ന ചലച്ചിത്ര ഭാഷയെ മാറ്റി മറിച്ച ഫ്രഞ്ച് ന്യൂ വേവ് സിനിമകളുടെ കാലഘട്ടം , 1959 ൽ പുറത്തിറങ്ങിയ ഗൊദ്ദാർദ്ദിന്റെ ബ്രത് ലെസ്സ് മുതലുള്ള പത്തുവർഷങ്ങൾ ആണെന്ന് പറയാം. ലോകമെമ്പാടുമുള്ള ചലച്ചിത്രപ്രവർത്തകരെ ഇത്രമാത്രം ചോദിപ്പിച്ച വേറെ സിനിമകൾ ഉണ്ടായിട്ടില്ല . ലോകത്തിലെ ഇതരസിനിമകളിലെല്ലാം ഇതിന്റെ അനുരണങ്ങൾ ഉണ്ടായിട്ടുണ്ട് . ഔട്ഡോറിൽ , ഡോക്യുമെന്ററി ശൈലിയിലുള്ള നിർമാണവും എഡിറ്റിംഗടക്കമുള്ള സാങ്കേതിക രീതികളിലെ പരീക്ഷണങ്ങളും സിനിമ ചരിത്രത്തിലെ പുതിയ ഒരനുഭവമായിരുന്നു . ത്രൂഫോ , ഗൊദ്ദാർദ് , ഷാബ്രോൾ , റിവറ്റ , ആഗ്നസ് വർ ദ എന്നിവരാണ് പ്രമുഖ ഫ്രഞ്ച് ന്യൂ വേവ് സംവിധായകർ . ഇന്നും ഹോളിവുഡിലടക്കം ലോകം മുഴുവനുള്ള സിനിമ പ്രവർത്തകർ, പുതിയ ആശയങ്ങൾക്കും സാങ്കേതിക പരീക്ഷണങ്ങൾക്കും വേണ്ടി ഇവരുടെ സിനിമകളെ ആശ്രയിക്കാറുണ്ട് .)

കൗതുകകരമാണെങ്കിലും വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ് ഫ്രഞ്ച് ന്യൂ വേവ് സിനിമകളെ സിനിമ മേഖലയല്ലാതെ മറ്റൊരു വലിയ വ്യവസായവും തങ്ങളുടെ പുതിയ ആശയങ്ങൾക്കും മാർക്കറ്റിംഗിനും വേണ്ടി ഇന്നും ആശ്രയിക്കാറുണ്ട് എന്നത് . ലോകത്തിലെ വൻകിട ഫാഷൻ കമ്പനികൾ , ഡിസൈനേഴ്സ് , ഫാഷൻ മാഗസിനുകൾ എന്നിവ പരീക്ഷണങ്ങൾക്കും വേണ്ടി നിരന്തരം ഈ കാലഘട്ടത്തിലേക്ക് പുനർയാത്ര നടത്താറുണ്ട് . 1959 ൽ ഗൊദ്ദാർദ്ദിന്റെ ബ്രത് ലെസ്സ് (Brethless 1959) പുറത്തിറങ്ങിയതു മുതലുള്ള പത്തുവർഷങ്ങൾ ആണ് ഫ്രഞ്ച് ന്യൂ വേവ് സിനിമ മൂവ്മെന്റിന്റെ കാലഘട്ടമായി കണക്കാക്കുന്നത്.

ലോകത്തിലെ സാംസ്കാരിക ഇടത്തിൽ ഇത്രയ്ക്കും സ്വാധീനം ചെലുത്തുന്നതിന് ഈ സിനിമകൾക്ക് ആയതിന് ഒരു കാരണം യാഥാസ്ഥിതികമായ മൂല്യവ്യവസ്ഥയെ ചോദ്യം ചെയുന്ന ആശയങ്ങൾ ഉയർത്തിയതിനാലാണ് . രണ്ടാം ലോക യുദ്ധത്തിന് ശേഷം ഉയർന്ന വിവിധ സിവിൽ ലിബർട്ടി മൂവ്മെന്റുകൾ ഈ സിനിമകൾ രൂപപ്പെടുന്ന പശ്ചാത്തലത്തിൽ ഉണ്ടെങ്കിലും ഫെമിനിസ്റ്റ് മൂവ്മെന്റിന്റെ സ്വാധീനം വളരെ പ്രകടമാണ് .

ഈ ന്യൂ വേവ് സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾ അത് വരെ ചിത്രീകരിച്ചിരുന്ന സ്ത്രീ കഥാപാത്രങ്ങളേക്കാൾ വളരെ വളരെ വ്യത്യസ്തരായിരുന്നു . മോഡേൺ സ്ത്രീ എന്ന ഒരു ആശയം മുന്നോട്ടു വെക്കാൻ ഈ സിനിമകൾ ശ്രമിച്ചു . പുരുഷനോട് ചേർന്ന് നിന്നല്ലാതെ തങ്ങൾക്കു സ്വതന്ത്രമായി ആഗ്രഹങ്ങളും പ്രതീക്ഷകളും മോഹങ്ങളും ബുദ്ധിയും ഉണ്ടെന്നു മാത്രമല്ല, ദാർശനിക വ്യഥകളും ലൈംഗിക തൃഷ്ണകളും തങ്ങളെ അലട്ടുന്നവയാണെന്ന് തുറന്നടിച്ചു പറയുന്ന കഥാപാത്രങ്ങൾ .. തങ്ങൾ വിശ്വസിക്കുന്ന , ആഗ്രഹിക്കുന്ന ജീവിതത്തിനു വേണ്ടി യാതൊരു മടിയും കൂടാതെ പാട്രിയാർക്കൽ മൂല്യ വ്യവസ്ഥയെ തള്ളിക്കളഞ്ഞു നില കൊള്ളുന്ന സ്ത്രീകൾ . സന്ദേഹങ്ങൾ , സംശയങ്ങൾ തുറന്ന് പറഞ്ഞു കൊണ്ട് ദുരന്തങ്ങളിലേക്കു പോലും ഭയപ്പെടാതെ പോകുന്നവർ . മതിമറന്നു ആനന്ദിക്കുന്നവർ . എത്രയോ തലമുറകളെ പ്രചോദിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്ത കഥാപാത്രങ്ങൾ . സ്വാഭാവികമായും ഈ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ വസ്ത്രങ്ങളിലും മെയ് ക്കപ്പിലും പ്രകടമായിരുന്നു .യാഥാസ്ഥിതികമല്ലാത്ത കഥാപാത്രങ്ങൾ , യാഥാസ്ഥിതികമല്ലാത്ത ആടയാഭരണങ്ങൾ അണിഞ്ഞാണ് സിനിമയിൽ വന്നത് .


ഇന്ന് സ്ത്രീകളുടെ ഫാഷൻ ലോകത്തു നില നിൽക്കുന്ന ഏറ്റവും ആധുനികങ്ങളായ പല വസ്ത്രധാരണ രീതികളും അവതരിപ്പിക്കപ്പെട്ടത് ഈ ന്യൂ വേവ് സിനിമയിൽ നിന്നാണെന്നു പറയാം . ന്യൂ വേവ് സിനിമകളിലെ മുൻനിര നടിമാർ ജീൻ സെബെർഗ് (Jean Seberg), ഷെൻ മാറോ (Jeanne Moreau) , ബിജിത് ബാർദോ, (Brigitte Bardot ) അന്ന കരീന (Anna Karina) , കാതറിൻ ഡ്യുനോ (Catherine Dueneu ), എന്നിവരാണ്. ഒരേ സമയം



*B B എന്നറിയപ്പെടുന്ന ബ്രിജിത് ബാർദോ*




*ജീൻ സെബെർഗ്*





*ഡാനിഷ് മോഡലായ അന്നാ കരീന. വളരെ ചെറുപ്പം മുതൽ അഭിനയം തുടങ്ങി*



*1943 ലെ ഒരു ചിത്രം . മിലിട്ടറി രീതിയിലുള്ള വലിയ ഷോൾഡർ , പ്ഫ്ഡ് സ്ലീവ്സ് , പുരുഷന്മാരുടെ പോലെയുള്ള നെക്ക് ലൈൻ എന്നിവയാണ് .*

ലളിതവും നിഗൂഢവുമായ ഇവരുടെ കഥാപാത്രങ്ങൾ ഒരു സങ്കീർണ്ണ ലോകമാണ് വെളിപ്പെടുത്തുന്നത്. ഇവരുടെ ഒന്ന് രണ്ടു പ്രധാന കഥാപാത്രങ്ങളെ വിലയിരുത്തുമ്പോൾ അത് മനസ്സിലാകും ബ്രത് ലെസ്സ് എന്ന സിനിമയിൽ അപ്രതീക്ഷിതമായി ഒരു കൊലപാതക കേസിൽ പെടുന്ന കാർ മോഷ്ടാവായ കാമുകൻ മീഷെലിന്റെ കൂടെ പോകാനുള്ള അഭ്യർത്ഥനകൾ തന്റെ സ്വാതന്ത്ര്യത്തെയും പ്രൊഫെഷണൽ ജീവിതത്തെയും ബാധിക്കുമെന്ന് പറഞ്ഞു നിരാകരിക്കുകയും ഒരു നിർണായകമായ നിമിഷത്തിൽ അയാളെ ഒറ്റുകൊടുക്കുകയും ചെയ്യുന്ന ഒരു ജേർണലിസ്റ്റ് ആയ പട്രീഷ്യയാണ് ജീൻ സെബെർഗ് അവതരിപ്പിച്ച കഥാപാത്രം. (Goddard,1959) . രണ്ടു സുഹൃത്തുക്കൾ ഒരേ ആളെ പ്രേമിക്കുന്ന ട്രൂഫോയുടെ ജൂൾസ്



*വിക്ടോറിയൻ രീതിയിലുള്ള ഉടുപ്പുകൾ*

*ഫുൾ സ്കർട്ടിന്റെയും ഫ്ലോറൽ പ്രിന്റിന്റെയും കാലഘട്ടത്തിലാണ് , വലിയൊരു മാറ്റവുമായി ഈ മോഡേൺ വസ്ത്രങ്ങൾ വരുന്നത് . പൊതുവെ പറയുകയാണെങ്കിൽ വളരെ ലളിതമായ, നൈസർഗികമായ മേക്കപ്പ് ആണ് ഉപയോഗിച്ചിരിക്കുന്നത് . പൊതുവായി വസ്ത്രധാരണത്തിലും ഹെയർ സ്റ്റൈലിലും ചെറിയ പെൺകുട്ടികളുടെ ശൈലി പിന്തുടരുകയും പിന്നീടത് ഫാഷൻ ആകുകയുമാണ് ചെയ്തിരിക്കുന്നത്.*

*വസ്ത്രങ്ങൾ നേരത്തെ സൂചിപ്പിച്ചതു പോലെ , ചെറിയ പെൺകുട്ടികളുടെ ഡ്രസ്സുകളെ ഓർമിപ്പിക്കുന്നതാണ് . കുട്ടി ഉടുപ്പുകൾ, നിറയെ ഫ്രില്ല് , വലിയ കോളർ വെച്ചുള്ളവ ., ജീൻസ് , ടി ഷർട്ട് എന്നിവ*

ആൻഡ് ജിമ്മിലെ കാതറിൻ എന്ന കഥാപാത്രം ഒരു പ്രഹേളിക ആണെന്ന് പറയാം . അടുത്ത നിമിഷം എന്ത് ചെയ്യാൻ പോകുന്നുവെന്ന് ഒരു സൂചനയും നൽകാത്ത ഉന്മാദിയായ ഒരു കഥാപാത്രം. കാതറിന് ചുറ്റും കറങ്ങുന്ന രണ്ടു പുരുഷൻമാരുടെ കഥയാണിത് . രണ്ടുപേരുടെയും കൂടെ മാറി മാറി കാതറിൻ ജീവിക്കുന്നു. പ്രീണിപ്പിക്കയും പീഡിപ്പിക്കുകയും ചെയ്യുന്ന മായികമായ ഈ കഥാപാത്രം ഷെൻ മുറേയുടെ മാസ്റ്റർ പീസ് ആണ് . ന്യൂ വേവ് സിനിമകളിൽ വരുന്നതിനു മുൻപ് തന്നെ ഫ്രാൻസിനെ ഇളക്കി മറിച്ച നടിയായിരുന്നു ബ്രിജിത് ബാർദോ . ഗൊദാർദിന്റെ കോൺടെംപ്ട് എന്ന സിനിമയിലെ കഥാപാത്രം , ബാർദോയുടെ ശരീരഭംഗിയുടെ പ്രദർശനമാണെന്നു പറയാം. ആൻഡ് ഗോഡ് ക്രെയ്റ്റഡ് വുമൺ (And God created Woman ) എന്ന ആദ്യ സിനിമയിൽ തന്നെ , മറ്റാരെയും വക വെക്കാത്ത ഇഷ്ടമുള്ളവരുടെ കൂടെ ലൈംഗിക




ബന്ധം പുലർത്തുന്ന ഒരു കഥാപാത്രമാണ് . ലോകമെമ്പാടും ആരാധകരുള്ള ഈ നടി ഒരു സെക്സ് ബോംബ് എന്ന രീതിയിൽ വിശേഷിപ്പിക്കാറുണ്ട്. ബ്രിജിത് ബാർദോയും ലോലിത സിൻഡ്രോവും എന്ന് സീമോൻ ഡി ബുവ്വ ഒരു ലേഖനം പോലും എഴുതിയിട്ടുണ്ട്. ഗൊദാർദിന്റെ ഏഴു സിനിമകളിൽ നായികയായി അഭിനയിച്ച അന്ന കരീനയോളം ന്യൂ വേവ് സിനിമ പ്രതിനിധാനം ചെയ്യുന്ന മറ്റു നടിമാരില്ല. പിയറി വെൻറ് വൈൽഡ്(1966) എന്ന സിനിമയിൽ പോൾ ബെൽമാൻഡോയുടെ പിയറിയേക്കാൾ കൂടുതൽ വൈൽഡ് ആകുന്നതു അന്ന കരീനയുടെ മാരിയന്നയാണ്.

മാഫിയ ബന്ധമുള്ള തന്റെ യഥാർത്ഥ ബോയ്ഫ്രണ്ടിനെ പറ്റി രഹസ്യമാക്കിവെക്കുകയും , പിയറിയെ കൊല്ലാനുള്ള നീക്കം പോലും നടത്തുകയും ചെയ്യുന്നു. എ വിമൻ ഈസ് എ വിമൻ (1961) എന്ന സിനിമയിലെ നിശാക്ലബ്ബിലെ നഗ്നനൃത്തമാടുന്ന ആഞ്ജലയുടെ ഒരു കുഞ്ഞു ഉണ്ടാകണമെന്ന ആഗ്രഹത്തെ കാമുകൻ തള്ളിക്കളയുമ്പോൾ അയാളെ അസൂയപ്പെടുത്തുന്നതിന് വേണ്ടി സുഹൃത്തുമായി ലൈംഗികബന്ധും പുലർത്തുന്ന കഥാപാത്രം, തുടങ്ങിയ ഓരോന്നും വളരെ വ്യത്യസ്തമാണ്. കാതറിൻ ഡുനോ, ട്രൂഫൊയുടെ മിസിസിപ്പി മെർമെയ്ഡ് (Mississippi Mermaid )എന്ന സിനിമയിൽ, ഒരു കൊലപതകത്തിൽ പങ്കാളിയാകുകയും ചെയ്ത് വേഷം മാറി ഒരു സമ്പന്നനായ പ്ലാന്ററെ (ജീൻ പോൾ ബെൽമാൻഡോ) ചതിച്ചു വിവാഹം കഴിച്ചു അയാളുടെ സമ്പാദ്യം കവർന്നു കടന്നു കളഞ്ഞ പെർഫോർമർ കൂടിയായ ഒരു ക്രിമിനൽ ആണ്. അവളെ പിന്തുടർന്ന് വരുന്ന ജീൻ പോൾ ബെൽമാൻഡോ, കാതറിൻ ഡ്യുനോയുമായി പിന്നീട് ഗാഢമായ പ്രണയത്തിലാവുകയും ഒളിവു ജീവിതം നയിക്കുകയും ചെയ്യുന്നു. സർറീയലിസ്റ് സംവിധായകനായ ലൂയി ബുനുവലിന്റെ ബെല്ല ഡി ജോർ ആണ് വളരെയധികം ശ്രദ്ധ നേടിയ കാതറിൻ ഡ്യുനോയുടെ മറ്റൊരു കഥാപാത്രം. ഈ സിനിമയിൽ ഒരു ഡോക്ടറുടെ ഭാര്യയായ എന്ന സവേരിൻ സെറിസീ, ജീവിതം മടുത്തു പകൽ വേശ്യാലയത്തിൽ ജോലി സ്വീകരിക്കുന്ന ഒരു വീട്ടമ്മയാണ്. വേശ്യാലയത്തിൽ ജോലി എടുക്കുന്നതിനു വേണ്ടി സ്വീകരിച്ച പേരാണ് ബെല്ല ഡി ജോർ. വീട്ടമ്മയുടെ മടുപ്പിക്കുന്ന ജീവിതത്തിൽ അജ്ഞാതവും നിഗൂഢവുമായ ആ പകൽ വേശ്യാലയം അദമ്യമായ ജിജ്ഞാസയാണ് സവാറിന് നൽകുന്നത്.

1940 കളിലും 1950 കളിലും നിലനിന്നിരുന്ന വസ്ത്രധാരണ രീതി എത്രത്തോളം യാഥാസ്ഥിതികമായിരുന്നുവെന്നു മനസ്സിലാക്കുമ്പോളാണ് ഈ സിനിമകളിലൂടെ

തുറന്നുവിട്ട കഥാപാത്രങ്ങളുടെ പ്രാധാന്യം അറിയുക.

**വലിയ ബട്ടണുകൾ**

വസ്ത്രം ആകർഷകമാക്കാൻ വലിയ ബട്ടണുകൾ ധാരാളം

ഉള്ളതായി കാണാൻ പറ്റുന്നതാണ് . പൊതുവെ വിദേശരാജ്യങ്ങളിൽ സാധാരണമല്ലാത്ത കടുത്ത നിറങ്ങൾ ഉപയോഗിക്കുന്നതായി കാണാം . പ്രത്യേകിച്ച് അന്ന കരീന .ചുവപ്പു, ,മഞ്ഞ , നീല എന്നിവ വളരെ സാധാരണമാണ് . പിയറി വെൻറ് വൈൽഡിലെ ഡ്രെസ്സുകൾ ശ്രദ്ധിച്ചാൽ അറിയാം . ചെക്സ് , സ്ട്രൈപ്സ് എന്നീ ഡിസൈനുകൾ സർവ സാധാരണവും പ്രിയങ്കരവും ആക്കിയത് ഈ സിനിമകളിലൂടെയാണെന്നു പറയപ്പെടുന്നു.









## A Woman Is a Woman (1961)

*ബ്രൈറ്റ്നിറത്തിലുള്ളടൈറ്റസ്,ടെന്നീസ്ഡ്രെസ്സുകൾ. നീളത്തിലുള്ളസോക്കുകൾ ,*






*ബെല്ല ഡി ജോർ എന്ന സിനിമയിലെ കാതറിൻ ഡ്യൂനോ ധരിച്ച പേറ്റന്റ്* ലെതർ ട്രെഞ്ച് കോട്ട് വളരെ പോപ്പുലർ ആയിരുന്നു. ഈ സിനിമയിൽ കാതറിൻ അണിഞ്ഞ റോജർ വിവിയറിന്റെ ഷൂ , സിനിമ റിലീസ് ചെയ്തതിനു ശേഷം , രണ്ടു ലക്ഷത്തോളം വിറ്റഴിഞ്ഞു വെന്നു പറയപ്പെടുന്നു .

**ഹെയർ സ്റ്റൈൽ**

ഫാഷൻ സ്റ്റൈൽ ഐക്കണും സെക്സ് സിംബലുമായ ബ്രിജിത് ബാർദോ മുടിയിൽ ചീപ് പോലും ഉപയോഗിക്കാതെ കൈ കൊണ്ട് മുടി ഒതുക്കുന്ന രീതിയാണുണ്ടായിരുന്നത് എന്ന് പറയുന്നു. ചില നടിമാരുടെ ബോയിഷ് ഹെയർ കട്ട് വളരെ പ്രചാരമുണ്ടായിരുന്നു . ജീൻ

സെബെർഗിന്റെ ബ്രെത് ലെസ്സ് ലെ പിക്സി


Jean Seberg in Brethless

ഹെയർ കട്ട് വളരെ പോപ്പുലർ ആയിരുന്നു . അതുവരെ, ഏതെങ്കിലും അസുഖമോ ക്രിമിനൽ സ്വഭാവമോ ഉള്ള സ്ത്രീകളെ സൂചിപ്പിക്കാൻ വേണ്ടി മാത്രമായിരുന്നു മുടി മുറിച്ച സ്ത്രീകളെ കാണിച്ചിരുന്നത് . പക്ഷെ, ഇത്തരം സിനിമകൾക്ക് ശേഷം മോഡേണും ബോൾഡും ആയ പെണ്ണുങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് കട്ട് ചെയ്ത മുടിയുള്ളവരെ കാണിച്ചുതുടങ്ങി.

അന്നകരീനയുടെ ഹെയർസ്റ്റൈലിന്റെ പ്രത്യേകത ,പോണിടൈൽ , പിഗ്ടൈൽ എന്നിവയായിരുന്നു. നെറ്റിയിലേക്ക് മുടി കട്ട് ചെയ്ത ബാങ് അന്ന കരീനയുടെ ബ്രാൻഡ് ആണെന്ന് പറയാം.

**പൂച്ചകണ്ണു (ക്യാറ്റ്ഐ) മേക്കപ്പ്**

ഈ നടിമാരുടെ ഒരു മുഖമുദ്രയായിരുന്നു വെന്ന് പറയാം. ക്ലിയോപാട്രയുടെ പോലെയുള്ള പൂച്ചകണ്ണുമേക്കപ്പ് , ഈവിൾഐ എന്നായിരുന്നു വിശ്വാസം. ഹോളിവുഡ് നടി എലിസബത്ത് ടൈലർ കണ്ണുകൾക്ക് ഉപയോഗിച്ചിരുന്നതും ഇതേ മേക്കപ്പ് തന്നെയായിരുന്നു. അന്നകരീനയുടെയും ബ്രിജിത്ബാർഡോയുടെയും ഈ ക്യാറ്റ് ഐ മേക്കപ്പ് ഇന്നും സ്ത്രീകൾ അനുകരിക്കുന്നു .





**തൊപ്പികൾ**

വളരെ ശ്രദ്ധിച്ചാണ് തൊപ്പികൾ ഡിസൈൻ ചെയ്യാറുള്ളത് , കുസൃതി നിറഞ്ഞ മനോഭാവം വെളിപ്പെടുത്തുന്നതും സാഹസികത്വം സൂചിപ്പിക്കുന്നതുമായ തൊപ്പികൾ ആർമി ക്യാപ്റ്റൻ, ബോട്ടിംഗ് ക്യാപ്റ്റൻ മോഡലിലുള്ള തൊപ്പികൾ ഈ നടിമാരെല്ലാം, ഈ കഥാപാത്രങ്ങളെ പോലെ തന്നെ വളരെ തുറന്ന ജീവിതം നയിക്കുന്നവരാണ് . പല ഫാഷൻ ഇവന്റുകളിൽ ഇവരുടെ പേര് തന്നെ സ്റ്റൈൽ ആയ ആഘോഷങ്ങൾ ഈ 2018 ലും കൊണ്ടാടപ്പെടുന്നുണ്ട്



ചർച്ചാവിഷയം

# തൊട്ടാൽ പൊള്ളുന്ന പർദ്ദ



**സ്നെമ്യ മാഹിൻ**
*ഫ്രീലാൻസ് ജേണലിസ്റ്റ്*

ഒരു വസ്ത്രത്തിനെച്ചൊല്ലി വിവാദമുണ്ടാകുക, അതിനെക്കുറിച്ച് ആർക്കുമാർക്കും അഭിപ്രായങ്ങളൊന്നും പറയാൻ കഴിയാതിരിക്കുക. പറഞ്ഞാൽ തന്നെ പറയുന്ന വ്യക്തികളെ തേജോവധം ചെയ്യുക. ലോകചരിത്രത്തിൽ തന്നെ ഇങ്ങനെവിവാദമുണ്ടാക്കിയ വസ്ത്രം വേറെ കാണില്ല. ഒരു വസ്ത്രം അതും ഒരു വിദേശ വസ്ത്രം. അതിനെച്ചൊല്ലി ഇങ്ങ് കേരളത്തിലാണ് ഇത്തരം വിവാദങ്ങൾ കൂടുതലെന്നതാണ് അതിലേറെ ആശ്ചര്യം. വസ്ത്രം മറ്റൊന്നുമല്ല. പർദ്ദയാണ് ആ താരം. വന്നുവന്നു ആർക്കും പർ... എന്ന് മുഴുവനായി ഉച്ചരിക്കാൻ പറ്റാത്ത സ്ഥിതിയാണ് ഇന്ന് കേരളത്തിൽ.

പർദ്ദയെക്കുറിച്ച് കവിതകളെഴുതിയ റഫീക്ക് അഹമ്മദിനേയും പവിത്രൻ തീക്കുനിയേയും തെറികൾ കൊണ്ട് മൂടിയ നാടാണിത്. ഇതേ നാട്ടിൽ തന്നെയാണ് പർദ്ദ ധരിച്ചെത്തിയ എസ്.എഫ്.ഐ. അനുയായിയായ പെൺകുട്ടിയേയും സദാചാരവാദികൾ വളഞ്ഞിട്ട് ആക്രമിച്ചതും. പക്ഷേ, ഈ ഇസ്ലാമിക സദാചാരക്കാരും മുസ്ലിം മതസംഘടനകളും സംഘാടകരും എല്ലാം തന്നെ ഈയടുത്ത് സൗദിയിലെ പുതിയ കിരീടാവകാശിയുടെ പ്രസ്താവനകേട്ട് ഞെട്ടിത്തെറിച്ചു. 'തങ്ങൾക്ക് ധരിക്കുന്നതിനുള്ള മാന്യമായ വസ്ത്രം സ്ത്രീകൾ തന്നെയാണ് തെരഞ്ഞെടുക്കേണ്ടതെന്നും പുരുഷന്മാരെ പോലെ സ്ത്രീകളും മാന്യമായ വേഷം ധരിക്കണമെന്നാണ് ഇസ്ലാമിക ശരീഅത്ത് അനുശാസിക്കുന്നതെന്നും പർദ്ദ നിർബന്ധമില്ലെന്നുമാണ്' മുഹമ്മദ് ബിൻ സൽമാൻ ഒരു അമേരിക്കൻ ചാനലിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞത്. ആദ്യം പ്രകടമായ ഒരു ഞെട്ടലിന് ശേഷം കേരളത്തിലെ മതനേതാക്കളും സംഘടനകളും പർദ്ദാനുകൂലികളായ മുസ്ലിം സ്ത്രീകളും 'ഇതൊക്കെ എന്ത് ' എന്ന മട്ടിൽ വീണ്ടും കുലുക്കമില്ലാതെ ഇരിക്കുകയാണെന്ന് മാത്രം.

ഒരു പ്രത്യേക ഡ്രസ് കോഡ് നിശ്ചയിക്കാതെ, സ്ത്രീയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതും അവൾക്ക് സുരക്ഷിതത്വവും കുലീനതയും പകർന്നുനൽകുന്നതുമായ വസ്ത്രധാരണ രീതിയാണ് ഇസ്ലാം അനുശാസിക്കുന്നത്. നിർബന്ധമായും മറക്കേണ്ട ശരീരഭാഗങ്ങൾ ഏതൊക്കെയെന്നും അത് മറക്കേണ്ട രീതി എങ്ങനെയെന്നും വസ്ത്രത്തിന്റെ സ്വഭാവം എന്താണെന്നും ഇസ്ലാം പഠിപ്പിച്ചു. ഇന്ന വസ്ത്രമേ ധരിക്കാവൂ അതാണ് ഇസ്ലാമിക വസ്ത്രം എന്നൊരിക്കലും ഇസ്ലാം പറഞ്ഞില്ല. പക്ഷേ, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലിം സ്ത്രീകളുടെ ധാരണ, അല്ലെങ്കിൽ അവരെ ധരിപ്പിച്ചിരിക്കുന്നത് പർദ്ദ എന്നത് ഇസ്ലാമിക് വസ്ത്രമാണെന്നാണ്. പർദ്ദ ധരിച്ച സ്ത്രീകൾ

അതുകൊണ്ട് തന്നെ മറ്റു വസ്ത്രങ്ങൾ ധരിക്കുന്നവരെക്കാൾ ഇസ്ലാമിക വിധികൾ പാലിക്കുന്നവരാണ് എന്നൊക്കെയുള്ള തെറ്റിദ്ധാരണകളാണ് മുഴച്ചു നിൽക്കുന്നത്. മറ്റെല്ലാ വസ്ത്രങ്ങളിലുമെന്ന പോലെ പർദ്ദയിലും ഫാഷനും മോഡലും വന്നു തുടങ്ങിയപ്പോൾ പർദ്ദയിൽ ഇവരുദ്ദേശിച്ച ഇസ്ലാമികം ഇല്ലാതാകുന്നുണ്ടോ എന്ന് മാത്രം ആരും അന്വേഷിക്കുന്നില്ല. 'സംഭവം പർദ്ദയാണോ.. ആ.. എങ്കിൽ അതുമതി'.

ഏകദേശം 2000-2001 കാലഘട്ടത്തിലാണെന്ന് തോന്നുന്നു. വടക്കൻ മലബാറിന്റെ ഓരങ്ങളിൽ ഒരു പുതിയ പരസ്യം വലിയ ബോർഡുകളിൽ സ്ഥാനം പിടിച്ചത്. 'അതിമനോഹരമായ പർദ്ദകൾക്കായി സമീപിക്കുക, ഹൂർലിൻ പർദ്ദകൾ'. ആദ്യമാദ്യം ഏവരും കൗതുകത്തോടെ വീക്ഷിച്ച ഈ പരസ്യവും അതിലെ വസ്ത്രവും പതുക്കെ പതുക്കെ കേരളമാകെ പടർന്നു. 2006 ആയപ്പോഴേക്കും പർദ്ദ എന്ന അറബ് വസ്ത്രം നമ്മുടെ നാട്ടിൽ വൻ സ്വീകാര്യതയാണ് നേടിയത്. കൃത്യമായി പറഞ്ഞാൽ ബാബറി മസ്ജിദിന്റെ തകർച്ച മൂലമാണ് കേരളത്തിലേക്ക് പർദ്ദ അടിച്ചേൽപ്പിക്കാൻ തുടങ്ങിയത്. പർദ്ദയിൽ മുസ്ലിം സ്ത്രീ സുരക്ഷിതയാണെന്ന് വിശ്വാസമാവാം ഇതിന് പിന്നിൽ. എന്നിട്ട് ഇന്ത്യയിൽ എത്ര സ്ത്രീകൾ പർദ്ദയിൽ സുരക്ഷിതരാണെന്ന് സർവ്വേ നടത്തി നോക്കിയിട്ടുണ്ടോ? പർദ്ദ കടന്നുവന്നതോടെ കേരളത്തിലെ മുഴുക്കൈ സാരിയും ബ്ലൗസും തട്ടവുമിട്ട സ്ത്രീകൾ പർദ്ദയ്ക്കുള്ളിലേക്ക് വലിച്ചിടപ്പെട്ടു. സാരി മാത്രം ധരിച്ചിരുന്ന ഒരുവൾ ഹജ്ജ് ചെയ്തു വന്നാൽ പിന്നെ പർദ്ദയിലേക്കു മാറുന്നു. സാരികളെല്ലാം പിന്നെ ദാനം ചെയ്യുന്നു. എന്തിന് ചെറിയ കുട്ടികൾക്കു വരെ വിപണിയിൽ ഇപ്പോൾ പർദ്ദ ലഭ്യമാണ്. കുട്ടിപർദ്ദയില്ലാത്ത കുട്ടികൾ മദ്രസയിൽ വരേണ്ടെന്ന വിലക്കുകൾ വരെയുണ്ടായി. ചെറുപ്പത്തിൽ ഓതാൻ പോകാൻ നേരത്ത് മൂന്നുമൂലയോ നാലുമൂലയോ ഉള്ള തട്ടം തലയിൽ വലിച്ചിട്ട് രണ്ടു വശത്തും സ്ലെയിഡ് കുത്തിപ്പോയ കാലമാണ് അപ്പോൾ ഓർമയിൽ വരിക. കുഞ്ഞുങ്ങൾ പോലും സുരക്ഷിതമല്ലാത്തൊരു നാട്ടിൽ പർദ്ദ എന്ന കവചം ധരിച്ചാൽ അവർ സുരക്ഷിതരാണെന്ന മൂഢവിശ്വാസം.

കേരളത്തിലെ ഒട്ടുമുക്കാൽ വരുന്ന സ്ത്രീകൾ പർദ്ദ ധരിക്കുന്നതിന് പിന്നിലെ ചേതോവികാരം മതം മാത്രമാണോ? പർദ്ദ ധരിക്കുന്നവർ രണ്ടു തരമാണ്. ഒന്ന് അതിനെപവിത്രമായ ഒന്നായി കണ്ട് ധരിക്കുന്നവർ, രണ്ട് അത് ധരിക്കുന്നതിലെ എളുപ്പവും അത് ഇക്കാലത്തെ ഒരു ട്രെൻഡ് ആയി കണ്ട് ധരിക്കുന്നവരും. ഇതിനൊക്കെ പുറമേ കടയിൽ പോകുമ്പോളും പെട്ടെന്ന് പുറത്തേക്കിറങ്ങേണ്ടി വരുമ്പോഴും എടുത്തണിയാൻ പറ്റുന്ന ഒന്നായി കണ്ട് അണിയുന്നവരും

**കേരളത്തിലെ ഒട്ടുമുക്കാൽ വരുന്ന സ്ത്രീകൾ പർദ്ദ ധരിക്കുന്നതിന് പിന്നിലെ ചേതോവികാരം മതം മാത്രമാണോ? പർദ്ദ ധരിക്കുന്നവർ രണ്ടു തരമാണ്. ഒന്ന് അതിനെപവിത്രമായ ഒന്നായി കണ്ട് ധരിക്കുന്നവർ, രണ്ട് അത് ധരിക്കുന്നതിലെ എളുപ്പവും അത് ഇക്കാലത്തെ ഒരു ട്രെൻഡ് ആയി കണ്ട് ധരിക്കുന്നവരും.**



ഇതിനിടയിലുണ്ടെന്നതാണ് രസകരം. പർദ്ദയെന്നാൽ കറുപ്പാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന തരത്തിലാണ് പർദ്ദ കമ്പനികൾ ഇറക്കുന്ന പർദ്ദകൾ കണ്ടാൽ. എന്നാൽ ഈയിടെയായി മെറൂൺ, ബ്രൗൺ, ചാര, സാന്റൽ എന്നീ നിറങ്ങളിൽ ഇത് ഇറങ്ങിത്തുടങ്ങിയിട്ടുണ്ട്.

എന്താണ് കേരളത്തിലെ സ്ത്രീകൾ ചുരിദാറിൽ

നിന്നും സാരിയിൽ നിന്നും പതുക്കെ പർദ്ദയിലേക്ക് കൺവേർട്ട് ചെയ്യപ്പെടുന്നതിന്റെ പ്രസക്തി. പർദ്ദ ധരിക്കൽ ഒരു സുന്നത്തായി മാറുന്നു അല്ലെങ്കിൽ മാറ്റപ്പെടുന്നു എന്നിടത്തു തന്നെയാണ് ഇതിന്റെ പ്രാധാന്യം. ശരിക്കും എന്താണ് പർദ്ദ? പർദ്ദയെന്നത് അറബിക് വസ്ത്രധാരണരീതി മാത്രമാണ്. അറബി നാട്ടിലെ മരുക്കാറ്റിൽ നിന്ന് ശരീരത്തെ സംരക്ഷിക്കാൻ നിർമ്മിക്കപ്പെട്ട വസ്ത്രം. പർദ്ദയെപ്പോലെ തന്നെയാണ് പുരുഷന്മാരുടെ കന്തൂറ എന്ന വസ്ത്രവും. എന്നിട്ടും പർദ്ദയെ മാത്രം നമ്മൾ സ്വീകരിച്ചു. സമാനമായ വസ്ത്രമായ കന്തൂറയെ അകറ്റിനിർത്തുകയും ചെയ്തു. എന്നും എവിടേയും എക്കാലത്തും സ്ത്രീകൾക്ക് മാത്രമായി മാറ്റപ്പെടുന്ന നിയമങ്ങളെപ്പോലെ അതും. കേരളത്തിലെ പഴയകാല ചരിത്രത്തിലെവിടെയും



പർദ്ദയെ കാണാനാവില്ല. കാച്ചിമുണ്ടും തട്ടവും ധരിച്ചാണ് അന്നൊക്കെ സ്ത്രീകൾ പുറത്തിറങ്ങിയിരുന്നത്. അന്നും വിശ്വാസവും വിശ്വാസികളും ഉണ്ടായിരുന്നു. ഇന്നത്തെപ്പോലെ പിന്തിരിപ്പൻ ചിന്താഗതിക്കാരല്ലെന്നു മാത്രം.

ഇതൊക്കെ പറയുന്നതിനുമുമ്പ് ഇസ്ലാമിക് വസ്ത്രധാരണരീതി എന്താണെന്നറിയണം. ഇസ്ലാമിക ശരീഅത്ത് അനുശാസിക്കുന്നത് ശരീരഭാഗങ്ങൾ തെളിഞ്ഞുകാണാത്തതും മുഴച്ചും അവയവങ്ങൾ പ്രദർശിപ്പിക്കാത്തതുമായ മാന്യവും കുലീനവുമായ വസ്ത്രധാരണമാണ്. സ്ത്രീയുടെ മുഖവും മുൻകൈയും ഒഴികെ മറക്കണം. സ്ത്രീക്കു മാത്രമല്ല പുരുഷനും വസ്ത്രധാരണത്തിൽ ചില നിയമങ്ങൾ പാലിക്കണം. പൊക്കിൾ മുതൽ കാൽമുട്ടു വരെ നിർബന്ധമായും മറഞ്ഞിരിക്കണം. ഏതു വസ്ത്രമായാലും നെരിയാണി വിട്ട് താഴോട്ടിറങ്ങരുതെന്നും മുഹമ്മദ് നബി അനുശാസിച്ചിട്ടുണ്ട്. ഒരു പ്രത്യേക തരം വസ്ത്രം മാത്രമേ ധരിക്കാവൂ എന്ന് നബി(സ) പറഞ്ഞതായി പ്രാമാണികമായ ഹദീസുകളിലൊന്നും കാണുന്നില്ല. നബി(സ)യും സ്വഹാബികളിൽ ചിലരും ഇസാർ അഥവാ മലയാളികൾ ധരിക്കുന്നതിനോട് സാമ്യമുള്ള ഉടുതുണി ധരിച്ചിരുന്നതായും കാണാം. പൈജാമ പോലുള്ള വസ്ത്രം ധരിക്കുന്നവരും അക്കാലത്തുണ്ടായിരുന്നു. ഏത് രാജ്യത്തെ വസ്ത്രധാരണരീതി സ്വീകരിക്കണമെന്നതല്ല നബി(സ)യുടെ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമല്ലാത്ത വസ്ത്രധാരണ രീതിയായിരിക്കണമെന്നതാണ് സത്യവിശ്വാസികൾ നിഷ്കർഷിക്കേണ്ട കാര്യം. ചിത്രവേലകളോ സുതാര്യതയോ ഇല്ലാത്തതും പ്രസിദ്ധിയുടെ വസ്ത്രമല്ലാത്തതുമായ ഏത് വസ്ത്രവും അനുവദനീയമാണ്. ആഡംബരപൂർണമായ വസ്ത്രം ധരിക്കുന്നതും കീറിപ്പറിഞ്ഞതും ജീർണിച്ചതുമായ വസ്ത്രം ധരിക്കുന്നതും നബി വിലക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും തദ്ദേശീയർ ധരിക്കുന്ന വസ്ത്രം ധരിക്കാനും ആ സമ്പ്രദായം പിന്തുടരാനുമാണ് നബി നിർദേശിച്ചത്.

അല്ലാഹു പറയുന്നു: “ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (എല്ലാ ആരാധനാ വേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക” (7:31). മനുഷ്യൻ ഒരുമിച്ചുകൂടുന്ന അവസരങ്ങളിൽ, അതെവിടെയായാലും നാണം മറയ്ക്കാനും അലങ്കാരത്തിനുമുതകുന്ന വസ്ത്രങ്ങൾ ധരിക്കണം എന്നാണ് കൽപന. വസ്ത്രത്തിന്റെ ഇനമോ രൂപമോ ഈ ആയത്ത് നിർണയിക്കുന്നില്ല. തന്റെ ജനതയുടെയും കാലത്തിന്റെയും സമ്പ്രദായത്തിലുള്ളതും തന്റെ കഴിവിനും സാമ്പത്തിക നിലവാരത്തിനുമനുസരിച്ചുള്ളതുമായ വസ്ത്രം ഓരോരുത്തരും ധരിക്കണം. അതിനാൽതന്നെ മറ്റുള്ളവരിൽനിന്നും വേറിട്ട് പ്രത്യേക വസ്ത്രമൊന്നും നബി(സ) ധരിച്ചിരുന്നില്ല. ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കാതിരിക്കാൻ

വേണ്ടി പ്രത്യേക വസ്ത്രവും ആവിഷ്കരിച്ചില്ല. അദ്ദേഹം ചിലപ്പോൾ ഇടുങ്ങിയതും മറ്റു ചിലപ്പോൾ തുറസ്സുള്ളതുമായ വസ്ത്രങ്ങൾ ധരിച്ചിരുന്നതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

സ്വഹാബികളുടെയും താബിഉകളുടെയും രീതിയും അതുതന്നെ. പ്രവാചകനോ സ്വഹാബികളോ സ്ത്രീകളുടെയോ പുരുഷൻമാരുടെയോ വസ്ത്രത്തിന് പ്രത്യേകരൂപം നിർദേശിച്ചിരുന്നതിന് സ്വീകാര്യമായ യാതൊരു തെളിവുമില്ല. അബ്ദുൽവലീദ് അൽബാജി പറയുന്നു: 'പ്രസിദ്ധിയുടെ വസ്ത്രം ധരിക്കുന്നതും, പൊതു സമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായ വസ്ത്രം ധരിക്കുന്നതും നബി(സ) വെറുത്തിരുന്നു'. അബ്ദുല്ലാഹിബ്നു ഉമർ പറഞ്ഞു: 'നിനക്ക് രുചികരമായി തോന്നുന്ന ഭക്ഷണം കഴിക്കുക. ജനം നല്ലതായി കാണുന്ന വസ്ത്രം ധരിക്കുക.'

ഹസ്വീൻ പറയുന്നു: 'സബീദുൽ യാമീ തൊപ്പിധരിക്കാറുണ്ടായിരുന്നു; ഇബ്രാഹീം അദ്ദേഹത്തെ ആക്ഷേപിച്ചു. മുൻഗാമികൾ അത് ധരിക്കാറുണ്ടായിരുന്നല്ലോ എന്നദ്ദേഹം മറുപടി പറഞ്ഞു. ഇബ്രാഹീം: അതേ, പക്ഷേ അത് ധരിച്ചിരുന്നവർ മൺമറഞ്ഞുപോയിരിക്കുന്നു. ഇന്നത്തെകാലത്ത് ആരെങ്കിലും അത് ധരിച്ചാൽ അതൊരു പ്രസിദ്ധിയുടെ അടയാളമാവുകയും ജനം അയാൾക്കുനേരെ കൈചൂണ്ടുകയും ചെയ്യും" (ഇബ്നു അബീ ശൈബ).

തദ്ദേശവാസികളുടെ സമ്പ്രദായത്തിനു വിരുദ്ധമായി സുന്നത്താണെന്ന വ്യാജേനചിലർ വെച്ചുപുലർത്തുന്ന വസ്ത്രധാരണ രീതികൾ അംഗീകാര യോഗ്യമല്ല. നാട്ടുസമ്പ്രദായങ്ങളെ പ്രവാചകചര്യയായി തെറ്റിദ്ധരിച്ചതും 'സുന്നത്ത്' എന്ന സാങ്കേതിക പദത്തെ മനസ്സിലാക്കുന്നതിൽ വന്ന അബദ്ധവുമാണ് ജനം ഇത്തരമൊരു തെറ്റിൽ അകപ്പെടാൻ കാരണം. അവർ കർമ്മശാസ്ത്ര പണ്ഡിതരുടെയും ഹദീസ് പണ്ഡിതരുടെയും അഭിപ്രായങ്ങൾ തമ്മിൽ കൂട്ടിക്കലർത്തി നബിയുടെ നാട്ടാചാരങ്ങളെയും രൂപഭാവങ്ങളെയും വസ്ത്ര സമ്പ്രദായങ്ങളെയുമൊക്കെ സുന്നത്താണെന്ന് മനസ്സിലാക്കുകയും അപ്രകാരം ചെയ്യുന്നത് പ്രതിഫലാർഹമാണെന്ന് വിശ്വസിക്കുകയും ചെയ്തു. നിദാനശാസ്ത്രപണ്ഡിതരുടെ അഭിപ്രായത്തിൽ സുന്നത്ത് എന്നത് ശറഈ വിധികളുടെ ഒരടിസ്ഥാനവും ഖുർആനോട് തൊട്ടടുത്ത സ്ഥാനമുള്ള നിയമത്തിന്റെ തെളിവുമാണ്. അതുകൊണ്ടു തന്നെ ശർഇന്റെ പൊതു തത്ത്വത്തോട് വിരുദ്ധമാകാത്ത തദ്ദേശവാസികളുടെ വസ്ത്ര സമ്പ്രദായ രീതിയിൽനിന്ന് വേറിട്ടുനിൽക്കുന്നത് ഒരു മുസ്ലിമിനെസംബന്ധിച്ചിടത്തോളം ശരിയായ നടപടിയല്ല എന്ന് മനസ്സിലാക്കേണ്ടതാണ്.

മുസ്ലിം സ്ത്രീയുടെ മുഖവും മുൻകൈയുടെ ഭാഗങ്ങളും മാത്രമേ കാണാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചതിലൂടെ പുരുഷൻമാരെ അവളിലേക്ക് ആകർഷിക്കാതിരിക്കാനുള്ള മാർഗ്ഗമായാണ് കണക്കാക്കുന്നത്. ശരീരവടിവ് എടുത്തു കാണിക്കുന്ന തരത്തിലുള്ള വസ്ത്രങ്ങളെല്ലാം ഒഴിവാക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഇത്തരമൊരു നിയമത്തിലൂടെ അല്ലാഹു സ്ത്രീയെ സംരക്ഷിക്കുകയാണ് ചെയ്തത്. എന്നിട്ടും ഇന്നിറങ്ങുന്ന പർദ്ദകളെ നോക്കൂ. എത്ര പേരുണ്ടാകും പർദ്ദ ഒന്ന് ഷേപ്പ് ചെയ്യാതെ ധരിക്കാൻ. പർദ്ദയിൽ തന്നെ മാറ്റത്തിന്റെ സൂചനകൾ നൽകി ഡിസൈനർ പർദ്ദകൾ എന്നൊരു പ്രത്യേക വിഭാഗം തുണിക്കടകളിൽ പ്രത്യക്ഷപ്പെട്ടത് 2011-ന്റെ തുടക്കത്തിലാണ്. ഫാഷനുകൾ മാറിമറിയുമ്പോൾ, ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ധർ കേരളത്തിലെത്തി പർദ്ദകളിൽ മാത്രം ചിത്രപ്പണികൾ നടത്തുന്നുണ്ട്. പണ്ട് അറബ് നാട്ടിൽ നിന്നും കേരളത്തിലേക്ക് വന്നിരുന്ന പർദ്ദ ഇപ്പോൾ കേരളത്തിൽ നിന്ന് കുവൈറ്റിലേക്കും മാലിദ്വീപിലേക്കും കയറ്റുമതി ചെയ്യുകയാണെന്നറിയുമ്പോൾ പർദ്ദ എവിടെയെത്തി എന്ന് മനസ്സിലാകും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കഴിഞ്ഞ വർഷത്തെ ഓണം-ബക്രീദ് മേളയുടെ ഭാഗമായി പയ്യന്നൂർ ഖാദി കേന്ദ്രം നിർമ്മിച്ച പർദ്ദ പുറത്തിറക്കിയിരുന്നു. ഗാന്ധി തത്വങ്ങൾക്ക് വിരുദ്ധമായി പർദ്ദ പുറത്തിറക്കിയതിനെതിരെ സാമൂഹ്യപ്രവർത്തക വി.പി. സുഹറ പരാതിയുമായി രംഗത്തെത്തിയിരുന്നു. 2014-ൽ എം.ഇ.എസ്. പ്രസിഡണ്ട് ഡോ. ഫസൽ ഗഫൂർ-പർദ്ദ ആരോഗ്യകരമായ വസ്ത്രമല്ല, ഇസ്ലാം മതം സ്ത്രീകൾ പർദ്ദ ധരിക്കണമെന്ന് എവിടേയും നിഷ്കർഷിച്ചിട്ടില്ല. മുഖം മൂടുന്ന പർദ്ദ മതത്തിന് യോജിച്ചതുമല്ല-എന്നുറക്കെ വിളിച്ചു പറഞ്ഞത് മുസ്ലിം യാഥാസ്ഥിതിക സമൂഹത്തെ വിറളി പിടിപ്പിച്ചിരുന്നു.

എന്തുതന്നെയായാലും ഏത് വസ്ത്രമായാലും അണിയുന്നയാളുടെ കംഫർട്ട്നെസ്സ് ആണ് ഇതിനേക്കാളുമൊക്കെ പ്രസക്തി. അതുകൊണ്ടു തന്നെ എന്ത് വസ്ത്രം ധരിക്കണമെന്ന് അവരവർ തീരുമാനിക്കട്ടെ. അത് പക്ഷേ, ഒരു മതത്തിന്റെ ചട്ടക്കൂട്ടിലിട്ടാകരുതെന്ന് മാത്രം.

പെൺപക്ഷം



അജിത കെ.

# കർണ്ണാടകയിലെ രാഷ്ട്രീയ നാടകങ്ങൾ

ഈയടുത്ത കാലത്ത് ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഉദ്വേഗജനകമായ രംഗങ്ങൾ സൃഷ്ടിച്ച കർണ്ണാടകയിലെ നാടകങ്ങൾ ഒരർത്ഥത്തിൽ അപൂർവ്വമായ ഒരു മാതൃകതന്നെയാണ്. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥ വളരെയേറെ പ്രശ്നങ്ങളുള്ള, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഒരിടവും നല്കാത്ത ഒരു മേലാള വ്യവസ്ഥ തന്നെയാണ്. എങ്കിലും അതിനും ചില പഴുതുകളുണ്ടാവുമല്ലോ. സുപ്രീംകോടതിയുടെ പങ്കും ഇവിടെ പ്രസക്തമാണ്. ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുന്ന ഇന്ത്യൻ ഭരണഘടനയെത്തന്നെ മറികടന്നുകൊണ്ട് ഹിന്ദുത്വ ഫാഷിസ്റ്റ് ഭരണം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന നരേന്ദ്രമോഡിയുടെ ബി.ജെ.പി സർക്കാർ അടുത്ത പാർലമെന്ററി തെരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിൽ വരാനുള്ള തയ്യാറെടുപ്പുകളിലുമാണ്. വടക്കേ ഇന്ത്യ ഏതാണ്ട് പിടിച്ചെടുത്തു കഴിഞ്ഞ പോലെയാണ്. എന്നാൽ തെക്കേ ഇന്ത്യ അങ്ങനെ ആയിരുന്നില്ല. കർണ്ണാടക തെരഞ്ഞെടുപ്പിലൂടെ അരങ്ങേറ്റം നടത്തി തെക്കേ ഇന്ത്യയിലെ തേർവാഴ്ചയ്ക്ക് തുടക്കമിടാമെന്നാണ് അവർ കണക്ക് കൂട്ടിയത്. ആ കണക്കുകൂട്ടലുകളാണ് പിഴച്ചുപോയത്. ഉദ്വേഗജനകമായ ആ നിമിഷങ്ങളിലൂടെ കടന്നു പോകുമ്പോൾ ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ബി.ജെ.പി തിരിച്ചുവരാതിരിക്കട്ടെ. ഓർമ്മ വന്നത് ധീരയായ ഗൗരീലങ്കേഷ് എന്ന പോരാളിയുടെ കൊലപാതകമായിരുന്നു. അങ്ങനെ എത്രയെത്ര മഹാത്മാക്കളെ ആർ.എസ്.എസ് തോക്കിനിരയാക്കിയിട്ടുണ്ട്. തുടക്കം മഹാത്മാഗാന്ധിയിൽ നിന്നാണല്ലോ. എല്ലാ സർക്കാർ സ്ഥാപനങ്ങളേയും വർഗ്ഗീയ താല്പര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസ്സിന്റെ ചരിത്രകാരന്മാർ ഗോഡ്സെയെ ഗാന്ധിവധത്തിന്റെ പാപത്തിൽ നിന്ന് രക്ഷപ്പെടുത്താൻ നടത്തിയ ശ്രമം അടുത്തകാലത്താണ് വിഫലമായത്.

ചരിത്രം എങ്ങനെയാണ് ഈ വർഗ്ഗീയ ഫാഷിസ്റ്റ് ശക്തികൾക്ക് മാപ്പുകൊടുക്കുക? തെക്കേ ഇന്ത്യയിൽ കടന്നുകയറി കേരളവും തമിഴ്നാടും പിടിച്ചടക്കാനുള്ള ആർത്തിയുമായി നടന്ന വർഗ്ഗീയക്കോമരങ്ങൾക്ക് എന്തായാലും താൽകാലികമായ തിരിച്ചടി കിട്ടി. പക്ഷേ, അതെത്ര കാലം നിലനിൽക്കും?

ഇടതുപക്ഷ ചേരി വളരെയേറെ ജാഗ്രത പുലർത്തുകയും തങ്ങളുടെ തന്നെ ഇടതുപക്ഷ മനസ്സ് എത്രത്തോളം കെല്പുള്ളതാണ് ഈ കൊടുങ്കാറ്റ് പോലെ വരുന്ന വർഗ്ഗീയതയോട് ഏറ്റുമുട്ടി ജനങ്ങളുടെ മനസ്സ് പിടിക്കാൻ എന്നുകൂടി സ്വയം പരിശോധിക്കേണ്ട നിമിഷങ്ങളാണിത്. അധികാരത്തിനു വേണ്ടി എന്തു വിട്ടുവീഴ്ചയും ചെയ്യുമ്പോൾ ചോർന്നുപോവുന്നത് തങ്ങളുടെ തന്നെ ഉൾക്കാമ്പാണെന്ന് പലപ്പോഴും ഇടതുപക്ഷം ഓർക്കാറില്ല. കർണ്ണാടക ഒരു താക്കീതായിത്തീരട്ടെ എല്ലാ ജനകീയ പുരോഗമനമതേതര ഇടതുപക്ഷ ശക്തികൾക്കും!

ചർച്ചാവിഷയം



# മറച്ചു വെയ്ക്കുമ്പോഴും തുറന്നു കാട്ടുമ്പോഴും



**ജിസാജോസ്**
*അസി.പ്രൊഫസർ,*
*ബ്രണ്ണൻ കോളേജ് (അധ്യാപിക,) നിരൂപക*

സ്ത്രീകളുടെ വസ്ത്രങ്ങളെക്കുറിച്ചുള്ള എല്ലാ ചിന്തകളിലും ചർച്ചകളിലും സൗകര്യപൂർവ്വം വിസ്മരിക്കുന്ന, ചർച്ച ചെയ്യുന്നത് പുരുഷന്മാരായാലും സ്ത്രീകളായാലും, ഘടകമാണ് വസ്ത്രം ധരിക്കുന്ന വ്യക്തിയുടെ തെരഞ്ഞെടുപ്പ് എന്നത് . സ്ത്രീകൾക്ക് അവരുടെ വസ്ത്രം ആനന്ദത്തിന്, സൗന്ദര്യത്തിന് ആത്മസംതൃപ്തിക്ക് ഉള്ളതല്ല. നഗ്നത മറയ്ക്കുക, തണുപ്പ്,വെയിൽ തുടങ്ങി കാലാവസ്ഥാഘാതങ്ങളെ പ്രതിരോധിക്കുക എന്നിങ്ങനെ വസ്ത്രധാരണത്തിന്റെ പ്രാഥമികാവശ്യങ്ങൾക്കുമല്ല അവിടെ ആദ്യത്തെ പരിഗണന . പകരം വിലക്ക് / അധീശത്വം / ചൂഷണം എന്നിവയാണ് അവളുടെ വസ്ത്രങ്ങളുടെ ഊടും പാവും . പെൺകുട്ടികൾ ചിലതരം വസ്ത്രങ്ങൾ ധരിക്കരുത് ,ആൺകുട്ടികളെപ്പോലെ വസ്ത്രം ധരിക്കരുത്, പ്രലോഭിപ്പിക്കുന്ന വസ്ത്രധാരണ രീതി പാടില്ല, വസ്ത്രധാരണത്തിലെ സഭ്യതയില്ലായ്മയാണ് മിക്കവാറും സ്ത്രീപീഡനങ്ങൾക്കു നിദാനമാകുന്നത് തുടങ്ങി അനവധിയായ നിർദ്ദേശങ്ങളും ഉപദേശങ്ങളും വസ്ത്രസംബന്ധിയായി ഒരു സ്ത്രീക്ക് അവൾ സ്ത്രീയായി രൂപപ്പെടുന്നതിന്റെ എല്ലാ അവസ്ഥകളിലും കേൾക്കേണ്ടി വരുന്നുണ്ട്. ചുരുക്കത്തിൽ വസ്ത്രമെന്നത് സ്ത്രീകളെ സംബന്ധിച്ച് കേവലം വസ്ത്രം മാത്രമല്ല. അവളുടെ സ്വത്വത്തെയും നിലനില്പിനെയും നിലപാടിനെയും അടയാളപ്പെടുത്തുന്ന ചിഹ്നങ്ങളാണ്. സ്ത്രീകൾ പന്തം ചുറ്റുന്നതു പോലെ ഇത്രയധികം തുണികൾ ദേഹത്തു വെച്ചു കെട്ടുന്നതെന്തിനെന്ന് 1933ൽപാർവ്വതിനെന്മിനിമംഗലം ഒരു ലേഖനത്തിൽ



(സ്ത്രീ മാസിക)അമ്പരക്കുന്നുണ്ട്. മഴയത്തു റോഡിലെ വെള്ളത്തിൽ കിടന്നിഴഞ്ഞു ഘനം തൂങ്ങുന്ന സാരിയുമായി വലിഞ്ഞു നീങ്ങുന്നതിന്റെ വിഷമത്തെക്കുറിച്ചും മുണ്ടും മടക്കിക്കുത്തി മൂളിപ്പാട്ടും പാടി നടക്കുന്നതിലെ സ്വാതന്ത്ര്യത്തെക്കുറിച്ചും 1940 കളിൽ സരസ്വതിയമ്മ എഴുതുന്നു. (പുരുഷന്മാരില്ലാത്ത ലോകം) ഒരു പക്ഷേ ആൺ പെൺ വസ്ത്രവിവേചനത്തിലെ സ്ത്രീവിരുദ്ധമായ അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള ആദ്യത്തെ ചിന്തകളിലൊന്നാവാം അത്. ആണും പെണ്ണും ഒരേ പോലെ ഒറ്റ മുണ്ട് മാത്രമുടുത്തിരുന്ന ലിംഗഭേദാതീതമായ വസ്ത്രധാരണകാലത്തു നിന്ന് സ്ത്രീ ശരീരം സദാചാരമൂല്യങ്ങളുടെ, ലൈംഗികതയുടെ പ്രതീകമായി രൂപാന്തരപ്പെട്ടതോടെയാണ് അവളുടെ ശരീരം മൂടിപ്പൊതിഞ്ഞുവെയ്ക്കേണ്ടതായി മാറുന്നത്. യൂറോപ്യൻ മിഷണറിമാരും വൈദേശിക സംസ കാരവും മലയാളിസ്ത്രീയുടെ ശരീരത്തിൽ നിന്ന് അതിന്റെ സ്വാതന്ത്ര്യത്തെയും ചലനാത്മകതയെയും ചോർത്തിയെടുത്തു. പകരം പാപബോധത്തിന്റെ , മാന്യതയുടെ , ലജ്ജയുടെ ആവരണങ്ങൾ ചാർത്തുകയും ചെയ്തു.

ആണധികാരത്തിന്റെ മൂല്യബോധങ്ങളാണ് സ്ത്രീകൾക്കുള്ള വസ്ത്രങ്ങൾ രൂപകല്പന ചെയ്തതെന്നു തന്നെ അക്ഷരാർത്ഥത്തിൽ പറയാം. മാറു മറയ്ക്കൽ അഭിസരണത്തിന്റെ അടയാളമെന്നു കരുതിയിരുന്ന ഒരു കാലത്തു നിന്നാണ് അവളുടെ വസ്ത്രത്തിന്റെ മാതൃകയും അളവുകളും നിലനിൽക്കുന്ന പ്രബലമായ പൊതുബോധം നിർണയിക്കുന്ന അവസ്ഥയിലേക്കു മാറ്റമുണ്ടാവുന്നത്. അതിനെ മറികടക്കുന്നവർ സംസ്കാരത്തിന്റെ, മാന്യതയുടെ അളവുകോലുകൾക്കു വെളിയിലായി. വസ്ത്രത്തിന്റെ കാര്യത്തിൽ അവൾക്ക് സ്വയം തീരുമാനങ്ങളോ തെരഞ്ഞെടുപ്പോ ഇല്ല. പൊതുബോധത്തെ തൃപ്തിപ്പെടുത്തും വിധം, അതിന്റെ വിലക്കുകൾക്കും പരിധികൾക്കുമുള്ളിൽ മാതൃകാപരമായ വാർപ്പു ബിംബങ്ങളായി മാറുന്നതിനു പര്യാപ്തമാണ് എല്ലായ്പ്പോഴും സ്ത്രീകളുടെ വേഷവിധാനം. സദാചാരപരവും ലൈംഗികവുമായ വിലക്കുകളാണ് സ്ത്രീയുടെ വസ്ത്രസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താൻ ആൺകോയ്മ ഉപയോഗപ്പെടുത്തിയത്. കുടുംബം, സമൂഹം ഇവയുമായി ബന്ധപ്പെട്ട ഭൗതികാധികാരങ്ങൾ പൂർണമായും കൈവശപ്പെടുത്തിയിരുന്ന പുരുഷന് അനുനയത്തിന്റെ , ബലാൽക്കാരത്തിന്റെ , അവഹേളനത്തിന്റെ പല തരം ഭാഷകളുണ്ടായിരുന്നു സ്ത്രീകളുടെ ഉടുപ്പിനെയും നടപ്പിനെയും സ്വന്തം ഇച്ഛകൾക്കനുസരിച്ച് മെരുക്കാൻ. സാമൂഹികവും സാംസ്കാരികവുമായ

**ആണധികാരത്തിന്റെ മൂല്യബോധങ്ങളാണ് സ്ത്രീകൾക്കുള്ള വസ്ത്രങ്ങൾ രൂപകല്പന ചെയ്തതെന്നു തന്നെ അക്ഷരാർത്ഥത്തിൽ പറയാം. മാറു മറയ്ക്കൽ അഭിസരണത്തിന്റെ അടയാളമെന്നു കരുതിയിരുന്ന ഒരു കാലത്തു നിന്നാണ് അവളുടെ വസ്ത്രത്തിന്റെ മാതൃകയും അളവുകളും നിലനിൽക്കുന്ന പ്രബലമായ പൊതുബോധം നിർണയിക്കുന്ന അവസ്ഥയിലേക്കു മാറ്റമുണ്ടാവുന്നത്.**

നിർമ്മിതിയായ ലിംഗസ്വത്വമെന്ന ആശയത്തെ കൃത്യമായി സ്ഥാപിക്കുന്നുണ്ട് അവളുടെ ഉടുപുടവകൾ. ആൺനോട്ടങ്ങളിലെ സ്ത്രൈണമാന്യത സ്ത്രീ പുരുഷ വേഷങ്ങളിലെ ഭേദം അവരുടെ ജീവിതകാലം മുഴുവൻ തുടരും. സ്കൂളുകളിൽ പെൺകുട്ടികൾക്കു വിധിച്ചിട്ടുള്ള വേഷധാരണ രീതി അവരുടെ ചലനസ്വാതന്ത്ര്യത്തെയും സൗകര്യത്തെയും വലിയ അളവിൽ ഹനിക്കുന്നുവെങ്കിലും, uni sex യൂണിഫോമുകളെക്കുറിച്ചുള്ള ആലോചനകൾ പോലും അപൂർവ്വമാണ്. സ്ത്രൈണമെന്നു വിലയിരുത്തപ്പെട്ടിട്ടുള്ള വേഷങ്ങൾക്കുള്ളിലൊതുങ്ങുന്നതാണ് സ്ത്രീയായിരിക്കാൻ ,മാന്യയായ സ്ത്രീയായിരിക്കാൻ ഏറ്റവും ഉചിതമെന്നു സമൂഹം തീർപ്പു കല്പിച്ചിരിക്കുന്നു.

ആൺനോട്ടങ്ങളിലെ സ്ത്രൈണമാന്യതയെ തിട്ടപ്പെടുത്തുന്നതിൽ വസ്ത്രങ്ങൾക്കാണ് ഏറ്റവും വലിയ പങ്കെന്ന് സാഹിത്യം ,സിനിമ , ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളും പറഞ്ഞുറപ്പിക്കുന്നുണ്ട്. പുരുഷന്റെ കണ്ണിൽ സഭ്യമല്ലാത്ത , പ്രദർശനപരതയുള്ള വസ്ത്രങ്ങൾ ധരിച്ച സ്ത്രീകൾ എല്ലായ്പ്പോഴും മോശക്കാരികളാവണം. കഴുത്തിറങ്ങിയ, സ്ലീവ് ലസ് ബ്ലൗസും ഇറക്കിക്കുത്തിയ സാരിയും എല്ലായ്പ്പോഴും ശരീരവില്പനക്കാരിയുടേതോ നിംഫോമാനിയാക്കുകളുടേതോ ആയിരിക്കും. ഇതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ആമി എന്ന സിനിമയിൽ നായികയെ വശീകരണതന്ത്രം പഠിപ്പിക്കാനെത്തുന്ന സ്ത്രീയുടെ

വേഷം. ഫെമിനിസ്റ്റുകൾക്കും പൊങ്ങച്ചക്കാരികൾക്കുമൊക്കെ പ്രത്യേകമായ യൂണിഫോമുകളുണ്ടാവും. അടക്കവും ഒതുക്കവുമില്ലാത്ത വേഷം കെട്ടുന്നവർ അനഭികാമ്യകളാണ്. അവരെ തിരുത്തേണ്ടതുണ്ട്. കുല വധുക്കളുടെ ഡ്രസ്കോഡ് സവിശേഷമായിരിക്കും.

പരിഷ്കാരവേഷങ്ങളണിയുന്ന സ്ത്രീകൾ പോലും വിവാഹത്തോടെ സാരിയിലേക്കു മാറുന്നത് സിനിമകളിൽ സർവ്വസാധാരണമാണ്. അവർ ഉപേക്ഷിക്കുന്നത് സ്വേച്ഛയോടെ തെരഞ്ഞെടുത്ത് ധരിച്ചിരുന്ന വസ്ത്രങ്ങൾ മാത്രമല്ല ,സ്വന്തം അഭിമാനവും തന്റേടവും സ്വാതന്ത്ര്യവും കൂടിയാണ്. പക്ഷേ അത് ഏറ്റവും സ്വീകാര്യമായും അനിവാര്യമായും വിലയിരുത്തപ്പെടുന്നു. സീരിയലുകളിലെ കുലീന സ്ത്രീകളും സാരി മാത്രമാണണിയുക. വനിതാ മാസികകളിലെ അവസാന പേജ് കാർട്ടൂണുകളിൽ സ്വാതന്ത്ര്യബോധമുള്ള, പക്ഷേ അതുകൊണ്ടുതന്നെ പൊതുബോധത്തിന് പരിഹാസ്യകളായ സ്ത്രീകളെ കാണാം. ദീർഘകാലം വനിതയിൽ പ്രത്യക്ഷപ്പെട്ടിരുന്ന മിസ്സിസ് നായർ എന്ന കാർട്ടൂൺ സ്ത്രീയുടെ (വര .യേശുദാസൻ) വേഷം പൊങ്ങച്ചക്കാരികൾക്കു മാത്രം പറഞ്ഞു വെച്ചിട്ടുള്ളതെന്ന് സമൂഹം വിലയിരുത്തിയതായിരുന്നു, സി.വി.രാമൻപിള്ളയുടെ പ്രഹസനമായ കുറുപ്പില്ലാക്കളരിയിൽ ,ക്ലബ് ലൈഫും സാമൂഹികസേവനവുമെല്ലാമുള്ള ആധുനിക വനിതയുടെ വേഷത്തെ ഒരു പക്ഷേ മലയാള സാഹിത്യത്തിലെ ആദ്യത്തെ ഫെമിനിസ്റ്റാവാം അവർ ,അങ്ങേയറ്റം നിന്ദ്യമായും അനനുകരണീയമായും അവതരിപ്പിക്കുന്നത് ഉദാഹരണമാണ്. സ്ത്രീകളെ ഗാർഹിക ഇടങ്ങളിലേക്കു ചുരുക്കുന്നതിന് സഞ്ചാര –ചലനസ്വാതന്ത്ര്യങ്ങൾ പരിമിതമായ വേഷങ്ങൾക്കുള്ളിൽ അവരെ തളച്ചിടുന്നതും വലിയൊരു പരിധി വരെ സഹായകരമായി. അവൾ മുഴുത്ത അവയവങ്ങളുടെ സംഘാതമാണെന്നും പ്രകോപനവും പ്രചോദനവുമുണർത്തുന്ന ശരീരഭാഗങ്ങൾ മറച്ചുവെക്കേണ്ടത് അവളുടെ ബാധ്യതയാണെന്നും സ്ത്രീകളുടെ വേഷങ്ങൾ അസന്ദിഗ്ദ്ധമായി പറഞ്ഞു വെയ്ക്കുന്നുണ്ട്. അവളുടെ വേഷം പൂർണമായും അവളെയൊരു ലിംഗശരീരമാക്കി മാറ്റുന്നു. പൊതുവിടങ്ങളിലേക്കു പോകുന്ന സ്ത്രീകൾ അവർക്കു സൗകര്യപ്രദമായ വേഷങ്ങളിലേക്കു മാറിയിട്ടുണ്ടെങ്കിൽ അതെപ്പോഴും വിമർശിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ അതങ്ങിനെയായിരുന്നു. ഇപ്പോഴും ഏറെക്കുറെ അത് അങ്ങനെത്തന്നെ തുടരുന്നു. ജീൻസിനും ലെഗിൻസിനുമെതിരെ ഉയരുന്ന ആക്രോശങ്ങളും വിലാപങ്ങളും മുന്നറിയിപ്പുകളും സൂചിപ്പിക്കുന്നത് മറ്റൊന്നുമല്ല. പൊതുവിടങ്ങളിൽ, ഇത്തരം വസ്ത്രങ്ങൾ തരുന്ന ചലനസ്വാതന്ത്ര്യത്തെക്കുറിച്ച് , സൗകര്യങ്ങളെക്കുറിച്ച്,സമയലാഭത്തെക്കുറിച്ച് ആരും പരിഗണിക്കുന്നേയില്ല. സാമ്പ്രദായിക വേഷങ്ങൾ ധരിച്ച് മൂത്രപ്പുരകളുപയോഗിക്കുമ്പോൾ സ്ത്രീകളനുഭവിക്കുന്ന ക്ലേശങ്ങളെക്കുറിച്ച് മുമ്പ് വിനയ എഴുതിയിട്ടുണ്ട്.

സാംസ്കാരിക ലിംഗനിർമ്മിതി സമൂഹനിർമ്മിതമായ ആൺ പെൺ വ്യത്യാസങ്ങളുടെ സാംസ്കാരിക സൂചികകളാണ് അവരുടെ വസ്ത്രങ്ങളിലെ ദേദകല്പന. ജൈവികമായ ലിംഗഭേദം സാംസ്കാരികമായ സ്ത്രീ പുരുഷ ഭേദമായി മാറ്റുന്നതിൽ വസ്ത്രങ്ങൾക്കു വലിയ പങ്കുണ്ട്. സ്ത്രീപുരുഷവിച്ഛേദം സൃഷ്ടിക്കുക, ഓരോ വിഭാഗത്തിനും വെവ്വേറെ സാമൂഹ്യ ബന്ധങ്ങളും ജീവിത ശൈലികളും മൂല്യനിബന്ധനകളും നിർമ്മിക്കുക എന്നതെല്ലാം ആണധികാരത്തിന്റെ ലക്ഷ്യങ്ങളാണെന്നതും അതിന്റെ പ്രത്യക്ഷ സാക്ഷ്യങ്ങളാണ് ആൺ പെൺവേഷങ്ങളിലെ വിവേചന മെന്നതും യാഥാർത്ഥ്യമാണ്. ലിംഗപദവീ ശ്രേണിയിൽ ഏറ്റവും താഴേക്കിടയിലുള്ള സ്ഥാനം അവൾക്കു കല്പിക്കുക, ലിംഗഭേദത്തിന്റെ മാത്രം അടിസ്ഥാനത്തിൽ രണ്ടു തരം സാംസ്കാരിക ഇടങ്ങൾ സൃഷ്ടിക്കുക,സ്ത്രീയെ വീട്ടകങ്ങളിലേക്ക് ഒതുക്കുക തുടങ്ങിയ സാമൂഹികഘടനാക്രമീകരണങ്ങളെ സഹായിക്കുന്നതാണ് അവൾക്കു വിധിച്ചിട്ടുള്ള വസ്ത്രധാരണ രീതികൾ. ആൺനോട്ടങ്ങൾക്കും അഭിരുചികൾക്കും അനുസൃതമായി പാകപ്പെട്ടതാണവളുടെ വേഷവും സ്വത്വവും. Sexualised and Stereo typed images of Woman എന്ന് സിമോൺ ദ ബുവ്വാ വിശേഷിപ്പിക്കുന്നത് ഇത്തരം വേഷം കെട്ടലുകളെയാണ്.

**മാറിടം, നഗ്നത**

സ്ത്രീകളുടെ വേഷം അവളുടെ തെരഞ്ഞെടുപ്പല്ലാതാവുന്ന, സ്ഥാപിതമായ സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രങ്ങളുടെ പ്രഘോഷണമാവുന്ന സാംസ്കാരിക പരിസരത്തിൽ നിന്നു കൊണ്ട് അടുത്ത കാലത്ത് വിവാദമായ, സ്ത്രീകളുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ട രണ്ടു സംഭവങ്ങളെക്കുറിച്ചാലോചിക്കുന്നത് കൗതുകകരമാണ്. ഒന്നാമത്തേത് ശരീരം തുറന്നിട്ടതുകൊണ്ടും രണ്ടാമത്തേത് വേണ്ടത്ര അടച്ചു വെക്കാത്തതു കൊണ്ടുമാണ് ചർച്ചയായത്.മലയാളത്തിലെ മുഖ്യധാരാ വനിതാ പ്രസിദ്ധീകരണങ്ങളിലൊന്നായ ഗൃഹലക്ഷ്മി പ്രസിദ്ധീകരിച്ച അർദ്ധനഗ്നയായ അമ്മയുടെയും കുഞ്ഞിന്റെയും ചിത്രമായിരുന്നു ആദ്യത്തേത്. കൺസപ്റ്റ് ബേസഡ് എന്ന വിഭാഗത്തിലുൾപ്പെട്ട കവർ പേജിൽ തുറിച്ചു നോക്കരുത്, ഞങ്ങൾക്ക് മുലയൂട്ടണം എന്ന ശീർഷകവുമായാണ് ചിത്രം




പ്രത്യക്ഷപ്പെട്ടത്. തുറന്നിട്ട മാറിടവും പ്രതീകാത്മക മുലയൂട്ടലുമായി വായനക്കാരെ / പൊതു സമൂഹത്തെ ശക്തമായി ഞെട്ടിച്ചു കൊണ്ട് മാസിക മുലയൂട്ടൽ കാമ്പയിനിങ് നടത്തുകയായിരുന്നു. അനാവൃതമായ മുലകൾ പക്ഷേ സ്ത്രീയുടെ സ്വാതന്ത്ര്യത്തെയോ കർത്തൃത്വബോധത്തെയോ അല്ല വെളിപ്പെടുത്തുന്നതെന്നതാണ് ഈ മുഖചിത്രത്തിലെ പ്രതിലോമപരത.

തുറിച്ചു നോക്കരുത് ഞങ്ങൾക്ക് മുലയൂട്ടണം എന്ന അടിക്കുറിപ്പ് ആ ചിത്രത്തിന്റെ രാഷ്ട്രീയത്തെ അങ്ങേയറ്റം പിന്തിരിപ്പനാക്കുന്നു. കാണലിന്റെ, കാഴ്ചയുടെ അധികാരവും ആനന്ദവും ആണിന്റേതാണെന്നും അതിനനുസൃതമായി ബിംബവൽക്കരിക്കപ്പെടുകയോ ക്രമീകരിക്കപ്പെടുകയോ ആണ് സ്ത്രീ ശരീരങ്ങളെന്നും ഈ ചിത്രം പറയുന്നു. പെൺനഗ്നതയുടെ സമർത്ഥമായ വിപണനമാണവിടെ സാധ്യമാവുന്നത്.

ലിംഗരാഷ്ട്രീയത്തിന്റെ യാഥാസ്ഥിതിക ആൺകേന്ദ്രിത പരിഗണനകളെയെല്ലാം സഫലമാക്കുന്നു ബ്ലൗസ് തുറന്ന് മാറിടം പ്രദർശിപ്പിക്കുന്ന സ്ത്രീ. ശരീരം തുറന്നിടുന്നത് , മുലയൂട്ടാനായി വസ്ത്രം നീക്കിയിടുന്നത് വിപ്ലവകരമായ സ്ത്രീ മുന്നേറ്റത്തിന്റെയോ മാറ്റത്തിന്റെയോ അടയാളമാവുന്നില്ല .അവിടെയത് ലൈംഗികോദ്ദീപകമായ പെൺശരീരം മാത്രമാവുന്നു. മൂടിപ്പൊതിഞ്ഞ സ്ത്രീശരീരങ്ങളെയും ആൺ കണ്ണുകൾ ചുഴിഞ്ഞു നോക്കുന്നത് അങ്ങനെത്തന്നെയെന്നതു വൈരുദ്ധ്യമായിത്തോന്നാം. തുറന്നു വെയ്ക്കുമ്പോഴും മറച്ചു വെയ്ക്കുമ്പോഴും സ്ത്രീ ഒരു ലിംഗശരീരം മാത്രമാണ്. താൻ പഠിപ്പിക്കുന്ന, ഭൂരിഭാഗം മുസ്ലീങ്ങൾ ആയ (80 ശതമാനം) പെൺകുട്ടികൾ പഠിക്കുന്ന ഫറൂഖ് കോളേജിന്റെ പശ്ചാത്തലത്തിൽ തന്റെ വിദ്യാർത്ഥിനികളുടെ വസ്ത്രധാരണത്തെക്കുറിച്ചു ഒരദ്ധ്യാപകൻ നടത്തിയ ചില നിരീക്ഷണങ്ങളാണ് സ്ത്രീകളുടെ വേഷത്തിലേക്കുള്ള അമാന്യമായ ആൺനോട്ടം കൊണ്ടുവിവാദമായ രണ്ടാമത്തെ സംഭവം. ത്രികോണാകൃതിയിൽ മുറിച്ചെടുത്തുകാണിക്കുന്ന വത്തക്കക്കഷ്ണത്തോടാണ് പെൺകുട്ടികൾ ധരിച്ചിരിക്കുന്ന ചുരിദാറിന്റെയോ പർദ്ദയുടെയോ മുകൾ ഭാഗത്ത് സൂക്ഷിച്ചു നോക്കിയാൽ കാണാവുന്ന ക്ലീവേജിനെ അധ്യാപകൻ ഉപമിക്കുന്നത്. ചൂഴ്ന്നെടുത്ത ചെറിയ വത്തക്കാക്കഷ്ണത്തിന്റെ ചുവപ്പു നിറം കാട്ടി, ഇതുപോലെയാണ് വത്തക്കയുടെ ഉള്ള് മുഴുവൻ എന്ന് കച്ചവടക്കാർ ഉപഭോക്താക്കളെ പ്രലോഭിപ്പിക്കുന്നതു പോലെ ഇങ്ങനെ മാറിടവിടവ് കാട്ടി ഉള്ളിലും ഇങ്ങനെയാണ് എന്നു പറയുകയാണത്രേ കോളേജിലെ പെൺകുട്ടികൾ. മറ്റൊരു പ്രശ്നം പർദ്ദയ്ക്കടിയിലണിയുന്ന ലെഗിൻസ് ആണ്. പർദ്ദ കയറ്റിപ്പിടിച്ച് അവരതു പ്രദർശിപ്പിക്കുന്നു. യാത്രയ്ക്കിടയിൽ ഏതോ പള്ളിയിൽ നിസ്കരിച്ചു പുറത്തിറങ്ങുമ്പോൾ റോഡിൽ നമ്മുടെ കുട്ടികൾ ധാരാളമായി ലെഗിൻസ് ധരിച്ചു നടക്കുന്നതു കണ്ടതിലുള്ളസങ്കടവും അദ്ദേഹത്തിനുണ്ട്. മക്കന തലയിൽ ചുറ്റിക്കെട്ടുന്നതും മുൻഭാഗത്ത് തലമുടി കാട്ടുന്നതും അദ്ദേഹത്തെ വിഷമിപ്പിക്കുന്നു.


ചുരുക്കത്തിൽ മുസ്ലീം പെൺകുട്ടികളുടെ വസ്ത്രധാരണം തീർത്തും അനിസ്ലാമികമാണ്. അവർക്ക് പരലോകം നഷ്ടപ്പെടും. ഒരദ്ധ്യാപകൻ എന്തിനാണ് പെൺകുട്ടികളുടെ പർദ്ദയ്ക്കടിയിലേക്കും മുകളിലേക്കുമൊക്കെ തുറിച്ചു നോക്കുന്നതെന്ന് ഈ വാക്കുകൾ കേൾക്കുമ്പോൾ ആർക്കും സംശയം തോന്നാം. മൂന്നു നാലു വസ്ത്രങ്ങളണിഞ്ഞ് ചൂടും സഹിച്ച് കഷ്ടപ്പെടുന്നത് പരലോകത്ത് എ സി മുറിയിൽ സുഖമായി ഇരിക്കാനാണെന്ന് അദ്ദേഹം തന്നെ പറയുന്നതു കേൾക്കുമ്പോൾ ഈ കുട്ടികളാരും മനപൂർവ്വം നഗ്നത പ്രദർശിപ്പിക്കുന്നില്ലെന്നു വ്യക്തമാണ്. പർദ്ദയ്ക്കടിയിലെ ലെഗിൻസും മുകളിലെ നേരിയ വിടവുമൊക്കെ കണ്ടെത്തണമെങ്കിൽ സൂക്ഷ്മപരിശോധന തന്നെ നടത്തിയിട്ടുണ്ടാവണം. ആണായാലും പെണ്ണായാലും സൽകൃത്യം ചെയ്യുകയും സത്യവിശ്വാസി ആയിരിക്കുകയും ചെയ്യുന്ന ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാം എന്നു പറയുന്ന ഒരു മതത്തിലാണ് പരലോകത്തേയ്ക്ക് ലെഗിൻസിട്ടു കയറിക്കൂടാ എന്ന മാതിരിയുള്ള അബദ്ധങ്ങൾ പറയുന്ന അങ്ങേയറ്റം

സ്ത്രീവിരുദ്ധമായ ഒരു പ്രഭാഷണം നിശബ്ദമായി സദസ് ശ്രവിച്ചുകൊണ്ടിരിക്കുന്നത്. അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥിനികളെപ്പറ്റി പറയുന്നത് ആണധികാരപ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തോടെയാണ്. ഒരിക്കലും തകർക്കപ്പെടാത്ത ചില അനുശീലനങ്ങളുണ്ട്. അതിന്റെ നിർമ്മിതി സ്ത്രീവിരുദ്ധതയിലൂന്നിയതുമാണ്. ചില വ്യവസ്ഥകൾ, ചിലതരം ഉറപ്പുകൾ, നിയമങ്ങൾ ഇവയെക്കുറിച്ച് ആധികാരികമായി പറയാൻ അവകാശമുള്ളവർ എന്നു വിശ്വസിക്കുന്ന പ്രത്യേകവിഭാഗം എല്ലാ മതങ്ങളിലുമുണ്ട്. തീവ്രമാം വിധം തങ്ങളുടെ മതത്തെ, അതിന്റെ ചിഹ്നങ്ങളെ, വളച്ചൊടിക്കപ്പെട്ട ആശയങ്ങളെ അവർ മതവിശ്വാസികളിലേക്കു അടിച്ചേല്പിക്കുന്നു. പ്രതികരണങ്ങളുണ്ടാവില്ല എന്ന ഉറപ്പിന്മേലാണത്. അവിശ്വസനീയമാം വിധം സമാനതയുണ്ട് എല്ലാ മതങ്ങൾക്കും ഇക്കാര്യത്തിൽ. മതത്തിന്റെ, വിശ്വാസത്തിന്റെ കാര്യമാവുമ്പോൾ, അതും സ്ത്രീകളെ മെരുക്കുന്ന കാര്യമാവുമ്പോൾ നിശബ്ദതയും അനുസരണയുമാണ് കാമ്യമെന്ന് സമൂഹമനസ് നിഷ്ക്രിയമായൊരു തീർപ്പിലേക്കെത്തുന്നുമുണ്ട്. തുറന്നു പറയുന്നവർ, എതിർക്കുന്നവർ ഒറ്റപ്പെടുകയെന്നതാണ്

**അവൾ പുരുഷനെ പ്രകോപിപ്പിക്കുന്ന അവയവങ്ങളുടെ കൂട്ടം മാത്രമാവുന്നു. മൂടിപ്പൊതിഞ്ഞു നിൽക്കുമ്പോഴും അവളുടെ ശരീര ഭാഗങ്ങളിലേക്കു തുറിച്ചു നോക്കി ആനന്ദിക്കാനും അതിനെക്കുറിച്ച് വീണ്ടും വീണ്ടും സംസാരിച്ച് മൂർച്ഛയടയാനും പുരുഷനധികാരമുണ്ട്. ഇവിടെ പുരുഷനായതുകൊണ്ടു മാത്രമല്ല, അധ്യാപകൻ ,മത പ്രഭാഷകൻ തുടങ്ങി കൂടുതൽ അധികാരിയായ പുരുഷനാണ് അയാൾ.**

സാധാരണം.

അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥിനികളെ നോക്കിയതിലെ, നോക്കുന്നതിലെ അശ്ലീലം അപ്രസക്തമാവുകയും പെൺകുട്ടികളുടെ വസ്ത്രധാരണം സഭ്യമല്ല എന്ന വ്യാജമായ വസ്തുത (അവർ മൂന്നാലു വസ്ത്രങ്ങൾ മേല്ക്കുമേൽ ധരിച്ചിട്ടുണ്ട് എന്നദ്ദേഹം തന്നെ പറയുന്നു) ഏറ്റവും പ്രാധാന്യത്തോടെ ഉയർന്നു വരികയും ചെയ്യുന്നതിലെ രാഷ്ട്രീയം പഴയതു തന്നെയാണ്. പുരുഷന്റെ കാമനകളുടെ, ഇച്ഛകളുടെ ഇരയാണ് എന്നും സ്ത്രീശരീരം. അവളുടെ അവയവങ്ങൾ, ലൈംഗികോദ്ദീപകമെന്നു പുരുഷൻ വിചാരിക്കുന്ന ശരീരഭാഗങ്ങൾ ,അല്ലെങ്കിൽ അവളുടെ ശരീരമാസകലം ലൈംഗികതയാരോപിക്കൽ, ഇതിനെക്കുറിച്ചെല്ലാം പറയുമ്പോൾ വക്താവ് രതിജന്യമായ ആനന്ദമനുഭവിക്കുന്നുണ്ടെന്നത് വ്യക്തമാണ്. സ്ത്രീ ശരീരത്തെ പ്രതിനിധീകരിക്കുന്ന രൂപകങ്ങളെല്ലാം ലൈംഗികവൽക്കരിക്കപ്പെടുന്ന താവുന്നതിനെക്കുറിച്ച് ലകാൻ പറയുന്നത് ഇവിടെ ഓർക്കാവുന്നതാണ്. അവൾ പുരുഷനെ പ്രകോപിപ്പിക്കുന്ന അവയവങ്ങളുടെ കൂട്ടം മാത്രമാവുന്നു. മൂടിപ്പൊതിഞ്ഞു നിൽക്കുമ്പോഴും അവളുടെ ശരീര ഭാഗങ്ങളിലേക്കു തുറിച്ചു നോക്കി ആനന്ദിക്കാനും അതിനെക്കുറിച്ച് വീണ്ടും വീണ്ടും സംസാരിച്ച് മൂർച്ഛയടയാനും പുരുഷനധികാരമുണ്ട്. ഇവിടെ പുരുഷനായതുകൊണ്ടു മാത്രമല്ല, അദ്ധ്യാപകൻ, മത പ്രഭാഷകൻ തുടങ്ങി കൂടുതൽ അധികാരിയായ പുരുഷനാണ് അയാൾ. വേദിയിലെ ആ പ്രകടനത്തിന്റെ ശരീരഭാഷയും ശബ്ദവും ഭാവവുമൊക്കെ ഒരു ആസക്തന്റേതാണ്, ആചാര്യന്റേതല്ല . ഈ രണ്ടു സംഭവങ്ങളും സ്ത്രീയുടെ വേഷധാരണത്തെക്കുറിച്ചുള്ള ആൺ തീർപ്പുകളെ കൃത്യമായി തുറന്നു കാട്ടുന്നു. സൗകര്യപ്രദമായ വേഷം തെരഞ്ഞെടുക്കുന്നതും അണിയുന്നതും ആണധികാരത്തിന്റെ കീഴിലെ , ദുർബലസ്വത്വങ്ങളെന്ന അവസ്ഥയിൽ നിന്നു സ്വയം വീണ്ടെടുക്കാനും ശുദ്ധീകരിക്കാനുമുള്ള പ്രവർത്തനങ്ങളാണെന്നും ഒരേ സമയം അത് ഭൗതികവും മനഃശാസ്ത്രപരവുമായ പ്രയത്നമാണെന്നും പറയുന്ന ഗൈൻ / എക്കോളജിയുടെ ദർശനങ്ങളാണിവിടെ പ്രസക്തം. സ്വന്തം ആവശ്യങ്ങൾക്കനുഗുണമായ വസ്ത്രം കണ്ടെത്തുന്നതും ധരിക്കുന്നതും ശക്തമായ രാഷ്ട്രീയപ്രവർത്തനമാണ്. സ്വയം വിമോചനവുമാണ്.



ചർച്ചാവിഷയം

ബി.അരുന്ധതി
*ഗവേഷക, ആക്ടിവിസ്റ്റ്*

# ഉടുപ്പ്, ഉടൽ, ഉടമസ്ഥത

തന്റെ ഉടലിന്റെ ഉടമസ്ഥാവകാശം തനിക്ക് മാത്രമാണെന്ന് ബോധ്യമുള്ള സ്ത്രീകൾ തന്നിഷ്ടപ്രകാരം വസ്ത്രം ധരിക്കുമ്പോൾ ആവർത്തിച്ചു കേൾക്കാറുള്ള അശരീരിയാണ് "നമ്മുടെ പാരമ്പര്യത്തിനു യോജിച്ചതല്ല ഈ വസ്ത്രധാരണം". എന്താണ് നമ്മുടെ പാരമ്പര്യം?

"മുലയെപ്പറ്റി പറയുന്നതിൽ ലജ്ജിക്കാൻ വല്ലതും ഉള്ളതായി നായന്മാർ കരുതിയിരുന്നില്ല. കാരണം, അവർ അതു മറയ്ക്കാറില്ലായിരുന്നു. അരയിൽ ഒരു മുണ്ട് മാത്രം ചുറ്റി മാറ് മറയ്ക്കാതെ നടക്കുന്ന കൂട്ടരായിരുന്നു കേരളത്തിലെ സ്ത്രീകൾ. അഥവാ യാദൃശ്ചികമായി ഒരു സ്ത്രീ മാറ് മറച്ചു നടക്കാൻ മുതിർന്നാൽത്തന്നെയും, അഹങ്കരിച്ച 'വേഷം കെട്ടി നടക്കുന്നു'വെന്നു പറയാതിരിക്കാൻ വേണ്ടി, മാന്യരുടെ സന്നിധിയിൽ മേൽമുണ്ടെടുത്ത് മാറ്റിക്കളയുന്നതായിരുന്നു പതിവ്". (ആത്മകഥ-കെ.പി.എസ് മേനോൻ)

"അന്നൊക്കെ സ്ത്രീകൾ മാറ് മറയ്ക്കുന്ന സമ്പ്രദായമേ ഉണ്ടായിരുന്നില്ല. എനിക്ക് ഓർമവച്ച കാലത്ത് റൗക്കയും ബ്ലൗസും മറ്റും കേരളീയ സ്ത്രീകൾ കണ്ടിട്ടേ ഉണ്ടായിരിക്കയില്ല. മാറ് മറയ്ക്കുന്ന സമ്പ്രദായം പ്രചരിച്ചു തുടങ്ങിയ ആദ്യകാലങ്ങളിൽ സ്ത്രീകൾ ഇല്ലങ്ങളിലേക്ക് വരുമ്പോൾ പടിക്കൽ എത്തിയാൽ മാറിൽനിന്ന് തുണിയെടുത്ത് ചുരുട്ടി പിടിക്കുകയെ ചെയ്തിരുന്നുള്ളൂ... മാന്യന്മാരുടെ സമീപത്തു സ്ത്രീകൾ റൗക്ക ധരിച്ചോ മാറ് മറച്ചോ നിൽക്കുന്നത് കുറച്ചോരഹങ്കാരമായിട്ടേ, മാന്യന്മാരെ വേണ്ടവിധം മാനിക്കാത്ത പ്രവർത്തിയായിട്ടേ കരുതിയിരുന്നുള്ളൂ". (എന്റെ സ്മരണകൾ- കാണിപ്പയ്യൂർ)

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ജനിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിലേറെ കണ്ട് ജീവിച്ചവരാണ് കെ.പി.എസ് മേനോനും കാണിപ്പയ്യൂരും. അവർ ജീവിച്ച കേരളത്തിലെ സ്ത്രീകളുടെ വസ്ത്രത്തിന് എത്ര ചാൺ നീളമുണ്ടായിരുന്നെന്നു നാം വായിച്ചു. നമ്മളിന്നു പാലിക്കുന്ന വസ്ത്രധാരണ രീതികൾക്ക് ഒരു നൂറ്റാണ്ട് പോലും പഴക്കമില്ലെന്നു കണ്ടു. ഇല്ലാത്ത പാരമ്പര്യത്തിന്റെ പേരിൽ സ്ത്രീയുടെ ഉടുപ്പുകൾ തെരഞ്ഞെടുക്കുന്നത് ആരാണ്?

ജാതിബന്ധങ്ങളിൽ ശരീരത്തിന്റെ സ്വാതന്ത്ര്യം കുരുങ്ങിക്കിടന്ന ചരിത്രമാണ് കേരളത്തിന്. ഉടുക്കുന്ന തുണിയുടെ നീളവും രൂപവും കണ്ടാൽ

ജാതി തിരിച്ചറിയാൻ കഴിയുമായിരുന്നു. ഇത് സ്ത്രീക്കും പുരുഷനും ബാധകമായിരുന്നു. തീർച്ചയായും നിയമങ്ങൾ നിർമ്മിച്ചിരുന്നതും അടിച്ചേൽപ്പിച്ചിരുന്നതും പുരുഷനേതൃത്വമായിരുന്നു. മിഷനറിമാർ കൊണ്ടുവന്ന ലജ്ജാസങ്കല്പം സമൂഹത്തിനു മുഴുവൻ സ്വീകര്യമാവുന്നതിനു മുൻപുള്ള കാലത്തും സ്ത്രീയുടെ ശരീരം എങ്ങനെയാണ് കാണപ്പെടേണ്ടതെന്ന് തീരുമാനിച്ചിരുന്നത് സവർണ പുരുഷന്മാരാണെന്ന് വ്യക്തമാകുന്നു കെ.പി.എസ് മേനോന്റെയും കാണിപ്പയ്യൂരിന്റെയും ആത്മകഥകളിൽ. പുരുഷന്റെ സന്നിധിയിൽ നഗ്നതയുടെ നിയമം പാലിക്കാൻ സ്ത്രീ ബാധ്യസ്ഥയായിരുന്നു. അത് അവളുടെ തെരഞ്ഞെടുപ്പായിരുന്നില്ല.

വസ്ത്രം ലജ്ജയുമായും ശരീരഭാഗങ്ങളോടുള്ള അധമവികാരവുമായും ഘടിപ്പിക്കപ്പെടുന്നത് മിഷണറിമാരുടെ ഇടപെടലോടെയാണ്. കൊളോണിയൽ സദാചാരസങ്കൽപ്പങ്ങൾ കീഴ്ജാതിക്കാരുടെ മതപരിവർത്തനത്തിനായി ഉപയോഗിക്കപ്പെട്ടു. ക്രിസ്തുമതം സ്വീകരിക്കുന്ന സ്ത്രീകൾ മുലകൾ മറയ്ക്കേണ്ടത് നിർബന്ധമാണെന്ന് വന്നു. തുടക്കത്തിൽ ഈ ശ്രമങ്ങളെ എതിർത്തിരുന്നു സ്ത്രീകൾ. “മാറ് മറയ്ക്കാൻ ഞങ്ങൾ വേശ്യകളല്ല” എന്ന് പറഞ്ഞ തീയ്യ സ്ത്രീകളെക്കുറിച്ച് പത്മനാഭമേനോൻ എഴുതിയിട്ടുണ്ട്. ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകൾ മാറ് മറച്ചത് സ്വന്തം മുലകൾ അശ്ലീലമായിട്ടല്ല, ജാതിയുടെ പേരിൽ തങ്ങളുടെ ശരീരത്തെ നിയന്ത്രിച്ച അനീതിയോടുള്ള പ്രതിഷേധമായാണ്. “നാണം” മറയ്ക്കാനാണ് മാറ് മറയ്ക്കൽ സമരം നടന്നതെന്ന പിൽക്കാല വ്യാഖ്യാനം ചരിത്രത്തിലെ ചാന്നാർ സ്ത്രീകളോട് നീതി പുലർത്തിയില്ല. ഈ വ്യാഖ്യാനം സൃഷ്ടിക്കപ്പെട്ട “നവോത്ഥാന” കേരളത്തിലെ ബൗദ്ധികമണ്ഡലത്തിലും സ്ത്രീകളുടെ എണ്ണം വളരെ ചുരുക്കമായിരുന്നു. കൊളോണിയൽ സദാചാരമൂല്യങ്ങളെ പുരോഗമനമൂല്യങ്ങളായി തെറ്റിദ്ധരിച്ച പുരുഷവായനകളായിരുന്നു ചരിത്രത്തിലെ സ്ത്രീകളെക്കുറിച്ചെഴുതിയതിൽ അധികവും.

പത്തൊൻപതാം നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും, മുലകൾ കാമമുണർത്തുന്ന അവയവങ്ങളാണെന്നും, അവ പ്രദർശിപ്പിക്കുന്നത് ലജ്ജാകരമാണെന്നുമുള്ള ക്രിസ്തീയവിശ്വാസങ്ങൾ സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ ഏറ്റെടുത്തു. പാരമ്പര്യത്തിലെ പ്രശ്നങ്ങളെയും “അപരിഷ്കൃത”മായ ആചാരങ്ങളെയും ചോദ്യം ചെയ്ത സമുദായ പരിഷ്കർത്താക്കൾ, സ്ത്രീകളുടെ “മാന്യമായ” വസ്ത്രധാരണം മുലകൾ മറച്ചുകൊണ്ടാകണമെന്നു തീരുമാനിച്ചു. പലപ്പോഴും നമ്മൾ കരുതുന്നതുപോലെ സ്വന്തം ശരീരത്തിന്മേൽ സ്വയം ലജ്ജ തോന്നി മാറ് മറയ്ക്കാൻ തീരുമാനിച്ചതല്ല കേരള സ്ത്രീ. വർഷങ്ങൾ നീണ്ടുനിന്ന മസ്തിഷ്കപ്രക്ഷാളനത്തിലൂടെ മിഷനറിമാരും, സമുദായപരിഷ്കർത്താക്കളായ പുരുഷന്മാരും സൃഷ്ടിച്ച ലജ്ജാബോധമാണ് ഇന്നു നാം കാണുന്ന മലയാളി സ്ത്രീയുടെ മാതൃകാവസ്ത്രധാരണത്തെ സൃഷ്ടിച്ചത്.

സ്വന്തം ശരീരത്തിന്റെ ഉടമസ്ഥാവകാശം ജാതിനിയമങ്ങൾക്കോ കൊളോണിയൽ സദാചാരമൂല്യങ്ങൾക്കോ പുരുഷാധികാരവ്യവസ്ഥയ്ക്കോ അടിയറ വയ്ക്കാതെ, അവയെ എതിർത്തുകൊണ്ട് വസ്ത്രം ധരിക്കുന്ന സ്ത്രീകൾ സമകാലിക പോതുബോധത്തിന് “വേശ്യക”ളാണ്. ലെഗ്ഗിങ്ങ്സിനു കനം കുറച്ചും, ജീൻസ് ഇറുക്കിയും, ഷോൾ മുലയ്ക്കുമുകളിൽ ഇടാതെയും, സ്ലീവ് ലെസ്സ് ഇട്ടും, കഴുത്തിറക്കി മുലയിടുക്ക് കാട്ടിയും “പ്രലോഭിപ്പിക്കുന്ന” “കാമാസക്തി മൂത്ത” സ്ത്രീകളെപ്പറ്റി ആശങ്കപ്പെടാൻ എത്ര അധ്യാപകർ, എത്ര മതപ്രഭാഷകർ.. അവരെ ന്യായീകരിക്കുന്ന സ്ത്രീജനങ്ങൾ നമ്മെ അതിശയപ്പെടുത്തേണ്ടതില്ല. ചരിത്രബോധമല്ല, പൊതുബോധമാണവരെ നയിക്കുന്നത്. “മാറ് മറയ്ക്കാൻ ഞങ്ങൾ വേശ്യകളല്ല” എന്ന് വിളിച്ചുപറഞ്ഞ പത്തൊൻപതാം നൂറ്റാണ്ടിലെ തീയ്യ സ്ത്രീകളെ നയിച്ചതും അതേ ബോധമായിരുന്നു. പൊതുബോധത്തിനൊപ്പം നിൽക്കാൻ തീരുമാനിക്കാനും സ്ത്രീകൾക്ക് എജൻസി ഇല്ലേ എന്ന് ചോദിക്കുന്നവരോട്, എല്ലാ തെരഞ്ഞെടുപ്പുകളും സ്വതന്ത്രമല്ലെന്നും, അവ നിർമ്മിക്കപ്പെടുന്നതെങ്ങനെയെന്നും പറയാൻ നാം നിലനിൽക്കുന്ന വ്യവസ്ഥയെ പഠിക്കേണ്ടതുണ്ട്. പുരോഗമനപരമെന്നും ജെൻഡർ ന്യൂട്രലെന്നും കരുതുന്ന വസ്ത്രങ്ങളുടെ തെരഞ്ഞെടുപ്പിൽ കമ്പോളം എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്ന് പഠിക്കേണ്ടതുണ്ട്. കാലെത്ര അകത്താൻ കഴിയും, കയ്യെത്ര ഉയർത്താൻ കഴിയും, ഉയരമെത്ര ചാടാൻ കഴിയും.. ഇങ്ങനെ ശരീരത്തിന്റെ ചലനങ്ങളെ മുഴുവൻ നിയന്ത്രിക്കുന്നതിൽ നിർണ്ണായക പങ്കുണ്ട് നമ്മൾ ധരിക്കുന്ന വസ്ത്രങ്ങൾക്ക്. ഉടുപ്പിട്ട് കണ്ണാടിക്ക് മുൻപിൽ സൗന്ദര്യം നോക്കുന്ന നമ്മൾ ഭംഗി അളക്കുന്നത് സ്വന്തം സ്കെയിൽ വച്ചോ അതോ ആൺനോട്ടങ്ങൾ കണക്കുകൂട്ടിയോ?



# മൂന്നു മീറ്ററിൽ ഒരാനന്ദക്കുട്ടി



**ഡോ.രാധിക.സി.നായർ**
*എഡിറ്റർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഴുത്തുകാരി*

പത്താംക്ലാസ് പരീക്ഷ അടുപ്പിച്ചാണ് ജീവിതത്തിൽ ആദ്യമായി ഒരു മുഴുനീള പാവാട (അന്ന് ഞങ്ങൾ ഇത്തിരി ഫാഷനിൽ പറഞ്ഞിരുന്നത് ഫുൾ പാവാട എന്നാണ്) കിട്ടുന്നത്. നല്ല മെറൂൺ നിറത്തിലുള്ള മാങ്ങാപിഞ്ചു ഡിസൈൻ നിറയെയുള്ള പാവാടയും ബ്ലൗസും. അതിട്ട് കണ്ണാടിയിൽ ഞാൻ ചാഞ്ഞും ചരിഞ്ഞും നോക്കി. നിറഞ്ഞു സമൃദ്ധമായി വളർന്ന മുടി ഒറ്റയ്ക്കും ഇരട്ടയ്ക്കും മെടഞ്ഞിട്ടു ചന്തം കണ്ടു. അത് അസുലഭമായ ഒരു നിമിഷം ആയിരുന്നു. എന്റെ കസിൻ ഉഷചേച്ചി സമ്മാനിച്ചതായിരുന്നു ആ വേഷം. അതുവരെ സ്കൂളിൽ ഒപ്പം പഠിച്ചിരുന്നവരൊക്കെ ഹൈസ ്കൂൾ ക്ലാസിലായതോടുകൂടി പലഘട്ടങ്ങളിലായി അരപ്പാവാടയിൽ നിന്നും മുഴുപാവാടയിലേക്ക് പരിവർത്തിച്ചിരുന്നു. മുതിർന്നു പോയതുകൊണ്ട് (ഏതാണ്ട് എട്ടാംക്ലാസിൽ എത്തുമ്പോഴേക്കും അവരിൽ പലരും ഞാനുൾപ്പെടെ ഋതുമതികളായിരുന്നു) അരപ്പാവാടകൾ ഉടുക്കുന്നത് കുറച്ചിലായി അവരൊക്കെ കരുതി. പുരോഗമനവാദികൾ ആയതു കൊണ്ടൊന്നുമല്ല കൂട്ടംതെറ്റി നടക്കാനിഷ്ടപ്പെട്ടതുകൊണ്ടോ അരപ്പാവാട അത്രയ്ക്കിഷ്ടമുള്ളതുകൊണ്ടോ ആയിരുന്നില്ല ഞാൻ പത്താം ക്ലാസിലും അതുടുത്തത്. ഒമ്പതാംക്ലാസ് അടവിന് സ്കൂൾ പൂട്ടുമ്പോൾ ഞാനടുത്ത കൂട്ടുകാരികളോട് പറഞ്ഞത് പത്തിൽ ഉറപ്പായും ഫുൾ പാവാടയിട്ടു വരുമെന്നാണ്. മൂന്ന് മീറ്റർ തുണി വേണം ഒരു മുഴുപ്പാവാടയ്ക്ക്. അത്രയും തുണി ഉണ്ടെങ്കിൽ രണ്ടു പാവാട തയ്ക്കാം. ഒരു വർഷത്തേക്ക് അതുമതി. എട്ടാംക്ലാസ് മുതൽ വളർച്ച കഠിനമായി തുടങ്ങിയതു കൊണ്ട് പാവാട ഇറക്കം കുറഞ്ഞു കുറഞ്ഞു വന്നു. തലേവർഷത്തെ പാവാട വീട്ടിലിടാൻ പോലും പറ്റാതായി. രണ്ട് ആൺകുട്ടികൾ (മുതിർന്നവർ രണ്ടുപേരും ജേഷ്ഠന്മാരായിരുന്നു.) വീട്ടിലും അമ്മാവൻ വകയിൽ നാല് ആൺകുട്ടികൾ പുറത്തും അമ്മായി വകയിൽ നാല് ആൺകുട്ടികൾ വീട്ടിനക്കരേയും ഉണ്ടായിരുന്നതിനാൽ ഇറക്കം കുറഞ്ഞ പാവാടയുടുക്കാൻ സമ്മതിച്ചിരുന്നില്ല . എന്നാലും

പക്ഷേ മൂന്നു മീറ്റർ എന്ന അതിശയപെരുപ്പത്തിൽ പത്താംക്ലാസിലെ മുഴുനീള പാവാട എന്ന എന്റെ ആശയും സ്വപ്നവും പ്രതീക്ഷയും കാലിടറി വീണു. അപ്പോഴാണ് ഉഷചേച്ചി രംഗപ്രവേശം ചെയ്യുന്നത്. അഭിമാനം കൊണ്ടെനിക്ക് ഹിമവൽ പൊക്കമായി. അന്ന് പത്താം ക്ലാസ് പരീക്ഷയ്ക്ക് മുൻപ് സ്കൂളിൽ ഒരു ഫോട്ടോയെടുക്കൽ ഉണ്ട്. പിന്നെ കൂട്ടുകാരികൾ ഒത്തുകൂടി പുറത്ത് സ്റ്റുഡിയോയിൽ പോയി എടുക്കുന്ന ഫോട്ടോയുമുണ്ട്. മൊബൈൽ ഫോണും എല്ലാത്തിലും ക്യാമറയും സെൽഫിയും എല്ലാവർക്കും ക്യാമറയും എന്തിന് ഡിജിറ്റൽ ടെക്നോളജി പോലും ഉണ്ടാകുന്നതിനുമുമ്പത്തെ ഇരുണ്ട യുഗമായിരുന്നു അത്. ഇടതു കൈത്തണ്ടയിൽ വലതു കൈ പിടിച്ച് മുടി മെടഞ്ഞ് ഒരു വശത്തേക്കിട്ട് പൂചൂടി, വലിയ പൊട്ടും കടംവാങ്ങിയ ജിമിക്കിയും മാലയും കൈനിറയെ കുപ്പിവളകളും നഖങ്ങളിൽ ക്യൂട്ടെക്സ് (ഇന്നത്തെ നെയിൽപോളിഷ്) ആയുള്ള ഒരു ഫോട്ടോ കരാചാരമെന്ന പോലെ ഞങ്ങൾക്കെടുക്കാൻ, എനിക്കെടുക്കാൻ, അഭിമാനപൂർവ്വം നിൽക്കാൻ സഹായിച്ചത് ആ മെറൂൺ മാങ്ങ പിഞ്ചു പാവാടയാണ്. അന്ന് പ്ലസ് ടു കാലമല്ല. ഹയർസെക്കൻഡറി എന്ന പത്താം ക്ലാസ് കഴിഞ്ഞാൽ നേരെ കോളേജിലേക്കാണ് . ഞാനും ചേർന്നു പ്രീഡിഗ്രിക്ക് . മുഴുപാവാടക്കാരിയിലേക്കുള്ള ആദ്യ ട്രാൻസ്ഫോർമേഷൻ. സ്കൂൾ യൂണിഫോമിന്റെ ചിട്ടകൾക്കും ഏകാന്തതയ്ക്കും ഇടയിൽനിന്ന് വസന്ത ലക്ഷ്മി നൃത്തം വയ്ക്കുന്ന, സൗന്ദര്യ ലക്ഷ്മി ഉതിർപൂക്കൾ തേടി ഉദ്യാനത്തിലെത്തുന്ന, സാക്ഷാൽ വിമൻസ് കോളേജിൽ പൂവാകവിടർത്ത പോലെ സുന്ദരികളായ പെൺകുട്ടികൾ എമ്പാടും നടന്നുല്ലസിക്കുന്ന നഗരഹൃദയത്തിലെ സർക്കാർവക വിമൻസ് കോളേജിൽ നഗരത്തിലെ സ്കൂളിൽ പഠിച്ചെങ്കിലും തികച്ചും ഗ്രാമീണയായ ഞാൻ എത്തിപ്പെട്ടപ്പോൾ അക്ഷരാർത്ഥത്തിൽ കൂട്ടംതെറ്റി മേയുന്ന പോലെയായി. എന്തു സൗന്ദര്യം, എന്തു സൗരഭ്യം, എന്തു തിളക്കം, എന്തു ചന്തം പത്താംക്ലാസിലെ വർഷാവസാന പബ്ലിക്പരീക്ഷയിൽ ഒന്നാം ക്ലാസ് വാങ്ങി പാസ്സായതിന് അമ്മയുടെ ചേച്ചി സമ്മാനിച്ച ചീട്ടിതുണിയുടെ പാവാടയും ബ്ലൗസും ആ പഴയ മാങ്ങാപിഞ്ചു പാവാട പിന്നെ അമ്മയുടെ ഒരു പഴകിയ ആകാശ നീല ജോർജ്ജറ്റ് സാരിയിൽ തയ്ച്ച ഒരു പാവാട. നീല ജോർജറ്റ് സാരിയുടെ ആ നീലച്ചന്തം മുഴുവനുമറിയണമെങ്കിൽ അടിയിൽ അതേ നിറമുള്ള നീലപാവാട തന്നെ ഇടണം. ശമ്പളത്തിൽ നിന്നുമുള്ള 1000 രൂപ വാങ്ങുകയും അങ്ങ് ഇംഫാലിലൊ മണിപ്പൂരിൽ നിന്നോ വീട്ടിലേക്ക് അയക്കുന്നതിൽ നിന്ന് മൂന്നു മക്കളുടെ

**സ്കൂൾ യൂണിഫോമിന്റെ ചിട്ടകൾക്കും ഏകാന്തതയ്ക്കും ഇടയിൽനിന്ന് വസന്ത ലക്ഷ്മി നൃത്തം വയ്ക്കുന്ന സൗന്ദര്യ ലക്ഷ്മി ഉതിർപൂക്കൾ തേടി ഉദ്യാനത്തിലെത്തുന്ന, സാക്ഷാൽ വിമൻസ് കോളേജിൽ പൂവാകവിടർത്ത പോലെ സുന്ദരികളായ പെൺകുട്ടികൾ എമ്പാടും നടന്നുല്ലസിക്കുന്ന നഗരഹൃദയത്തിലെ സർക്കാർവക വിമൻസ് കോളേജിൽ നഗരത്തിലെ സ്കൂളിൽ പഠിച്ചെങ്കിലും തികച്ചും ഗ്രാമീണയായ ഞാൻ എത്തിപ്പെട്ടപ്പോൾ അക്ഷരാർത്ഥത്തിൽ കൂട്ടംതെറ്റി മേയുന്ന പോലെയായി.**

ഇംഗ്ലീഷ് /കോളേജ് പഠനത്തിന് നീക്കിവച്ചാൽ മിച്ച തുകയ്ക്ക് ഉപ്പുതൊട്ട് കർപ്പൂരം വരെ പാൽ പച്ചക്കറി മുതൽ പത്രം വരെയും വാങ്ങുമ്പോൾ എന്തു മാച്ച്? എന്ത് ചേർച്ച? അതുകൊണ്ട് ഉള്ള ഒരു വെള്ള അടിപ്പാവാടയിൽ നീലനിറം കട്ടിക്ക് മുക്കി ഞാനന്നേ പരീക്ഷണങ്ങളിൽ മനസ്സു വ്യാപരിപ്പിച്ചു. വിമൻസ് കോളേജ് ചന്തങ്ങളുടെ ഒരു പൂക്കുടയായിരുന്നു. പലമാതിരിയും പല സുഗന്ധവും പലവർണ്ണവും പല ആകൃതിയിലുമുള്ള പെൺപൂക്കളുടെ ഒരു സമൃദ്ധി. അവിടെ ആരാലും ശ്രദ്ധിക്കപ്പെടാതെ വാക്കിലോ നോക്കിലോ ഇന്നത്തെ ഭാഷയിൽ ലുക്കിലോ ഒരുതരത്തിലും പ്രത്യേകത ഇല്ലാത്തവളായി ഞാൻ തുടർന്നു. ബി.എ യ്ക്കും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. രണ്ട് വർഷം പഠിക്കുമ്പോഴാണ് ഒരു കാര്യം ആലോചിച്ചത്. ചുറ്റുവട്ടത്തൊക്കെ സമപ്രായത്തിൽ പെൺകുട്ടികളുണ്ട്. അമ്മയുടെ കയ്യിൽ പഴയ സാരികളും. ഞങ്ങളൊരുമിച്ച് ഹാഫ്സാരിക്കാരായി. ദാവണിയുടെ ആ ഗ്രാമീണ ചന്തത്തിൽ ഞങ്ങൾ മെടഞ്ഞിട്ട കേശ സമൃദ്ധിയോടെ വിമൻസ് കോളേജിൽ പതിയെപ്പതിയെ ശ്രദ്ധകേന്ദ്രങ്ങളായി. കവിതയും കഥകളും ഒക്കെ എഴുതുകയും മലയാളത്തോട് കൂട്ടുകാരികളെക്കാളിത്തിരി താല്പര്യം ഉണ്ടാവുകയും ചെയ്തിരുന്ന ആ പ്രായത്തിലും വിമൻസ് കോളേജിലെ

വസ്ത്രധാരാളിത്തത്തിലേക്ക് എന്റെ മനസ്സ് ഇടയ്ക്കിടയ്ക്ക് പതറി വീണു. വേഷത്തിലും രൂപത്തിലും കാര്യമില്ലെന്നും വായന എഴുത്ത് അറിവ് എന്നിവയ്ക്കാണ് പ്രാധാന്യമെന്നും തിരിച്ചറിയാൻ പിന്നെയുമെടുത്തു വർഷങ്ങൾ. ബി.എ.അവസാന വർഷത്തിൽ ഉറച്ച തീരുമാനങ്ങളെടുത്തു. സാരിയുടുത്തേ കോളേജിൽ പോകൂ. ആഡംബരം കാണിക്കാൻ ഒരുപാട് പോയിട്ട് എണ്ണി നോക്കാൻ എന്നു പറയാനുള്ള എണ്ണം സാരികൾ പോലുമുണ്ടായിരുന്നില്ല. കറുപ്പും വെളുപ്പും ചുവപ്പും ബ്ലൗസിന്റെ ചന്തങ്ങൾ കൊണ്ട് കടം വാങ്ങിയും കടം കൊടുത്തും പഴയ സാരികളുടുത്തും ഇടയ്ക്കിടെ ട്യൂഷൻ പഠിപ്പിച്ചു കിട്ടുന്ന ഇത്തിരി കാശിന് കോട്ടൺ സാരികൾ വാങ്ങിയും എം.എയും കടന്നു. ഇപ്പോഴും ഞാൻ എന്നെ ഒരുക്കുന്നത് ഇങ്ങനെത്തന്നെയാണ്. അധിക വിലയുള്ള സാരികൾ എന്തുകൊണ്ടോ അണിയാനോ വാങ്ങാനോ വിമുഖതയുള്ള ആൾ. സാരി കളക്ഷനിൽ ഏറെക്കാലം പട്ടുസാരികൾ (വിവാഹ സാരികൾ ഒഴികെ) ഉണ്ടായിരുന്നതേയില്ല. എങ്കിലും എന്റെ ഓരോ സാരിയിലും എന്തെങ്കിലുമൊക്കെ കൗതുകങ്ങൾ നിലനിർത്താൻ ഞാൻ ശ്രമിച്ചു. കല്യാണത്തിനു ശേഷം ഭർത്താവ് ഡോക്ടർ പി കെ രാജശേഖരന്റെ നിലപാട് എല്ലാവരും ഉടുക്കുന്ന തരം കോമൺ സാരികൾ ഉടുക്കരുത് എന്നായിരുന്നു. അത് വിലയുള്ളതായിക്കോട്ടെ അല്ലാത്ത തായിക്കോട്ടെ അതുകൊണ്ടുതന്നെ ഒച്ച  വേറിട്ടു കേൾപ്പിക്കാൻ പലപ്പോഴും ശ്രമിച്ചു. കല്യാൺ സിൽക്സിന്റെ ഷോറൂം തൃശൂർ തുറന്നപ്പോൾ അവിടെ നിന്നുള്ള ടെസർസിൽക്ക് സാരികളിലൊന്ന് എന്റെ വാർഡ്റോബിലെത്തിയത് ആ കൂട്ടം തെറ്റലിന്റെ ഭാഗമായിട്ടാണ്. തിരുവനന്തപുരത്തെ ഏതാണ്ടെല്ലാ തുണിക്കടകളിലും പലപ്പോഴായി സാരി വാങ്ങാൻ പോകുമ്പോൾ എങ്ങനെയോ കണ്ണുചെന്നുടക്കുക മറ്റാർക്കുമില്ലാത്ത ഡിസൈനുകൾ മറ്റാർക്കുമില്ലാത്ത നിറങ്ങൾ ആ വ്യത്യസ്തത കമ്പം കണ്ണൂരിൽനിന്നുള്ള കൈത്തറി സാരികളിലേക്കും ബംഗാളിൽ നിന്നുള്ള ബംഗാളിലെ ശാന്തിനികേതനിലെ അമർകുടീരിലെ സാരികളിലെ വ്യത്യസ്തകളിലേക്കും നീണ്ടതും അതുകൊണ്ടുതന്നെ. നീലനിറമുള്ള തൂവെള്ള ഹാൻഡ്‌ലൂം സാരി വിധവകൾക്കുള്ളതാണെന്നും അത് ഞാൻ താങ്കളുടെ ഭാര്യയ്ക്ക് ആണെങ്കിൽ തരില്ലെന്നും വാശിപിടിച്ച ബംഗാളിലെ കച്ചവടക്കാരിയുടെ കയ്യിൽ നിന്നും ആ സാരി നിർബന്ധപൂർവ്വം വാങ്ങിക്കൊണ്ടു വന്നതും വ്യത്യസ്തതയോടുള്ള ഇഷ്ടം കൊണ്ട് തന്നെ. പച്ചയെങ്കിൽ അതിന്റെ വ്യത്യസ്ത ഷേഡുകൾ മഞ്ഞയുടെ നീലയുടെ കരിനീലയുടെ വെള്ളയുടെ തവിട്ടിന്റെ  മാമ്പഴമഞ്ഞയുടെ കുട്ടിക്കാലത്തിന്റെ ഇല്ലായ്മകളുടെ കണ്ണീർത്തോണിയിൽ ഞാനിതാ എന്റെ സാരിക്കൂമ്പാരമെടുത്തു വയ്ക്കുന്നു. എവിടെനിന്നൊക്കെയോ ഉള്ളവ. കാഞ്ചീപുരത്തു നിന്ന് മദ്രാസിൽ നിന്ന് ഡൽഹിയിൽ നിന്ന് കൊൽക്കത്തയിൽ നിന്ന് മദ്രാസിൽ നിന്ന് തഞ്ചാവൂരിൽ ട്രിച്ചിയിലും നിന്ന് ഹൈദരാബാദിൽ നിന്ന് ഒറീസയിൽ നിന്ന് തിരുന്നൽ വേലി യിൽ നിന്ന് എന്നെത്തേടി എനിക്കായി എത്രയെത്ര സാരികൾ. കണ്ണൂർ കൈത്തറിയിലെ പുതിയ ഡിസൈനർ സാരിയാണ്. ആകെ 20 എണ്ണത്തിൽ നിന്ന് ഒന്ന് രാധികയ്ക്ക് എന്ന് സ്നേഹത്തോടെ കരിവള്ളൂർ മുരളിയേട്ടനും ഏട്ടത്തിയും അമ്മയ്ക്കെന്ന് ഡൽഹി കണ്ട മകൾ ഇതെന്റെ പൈസക്കെന്ന് അമ്മയ്ക്ക് ഇളയവളുടെ അഭിമാനപ്പൊതി . നിനക്ക് നിനക്ക് നിനക്ക്  മൂന്നും കൈനീട്ടി വാങ്ങുമ്പോൾ ഞാൻ ഓർക്കും മൂന്നു പാവാടയുടെ ആത്മബോധത്തിൽ ഒരു കോളേജ് കുമാരിയുടെ കോളേജ് യാത്രകൾ. നീളംവെക്കുമ്പോൾ പാവാടയ്ക്ക് നീളം കൂട്ടാനുള്ള പരീക്ഷണയത്നങ്ങൾ. കൊതിച്ചതും കണ്ടതും ഒക്കെ വാങ്ങാൻ കഴിയുന്ന വിധം ജീവിതത്തിൽ ചില ബന്ധങ്ങളും സൗഹൃദങ്ങളും ഒക്കെ തുണ വന്നത് ആ അപകർഷതയുടെ പ്രീഡിഗ്രി കുട്ടിക്ക് നൽകുന്ന അഭിമാനബോധം ചില്ലറയല്ല. ഇപ്പോൾ

**ബി.എ.അവസാന വർഷത്തിൽ ഉറച്ച തീരുമാനങ്ങളെടുത്തു. സാരിയുടുത്തേ കോളേജിൽ പോകാം. ആഡംബരം കാണിക്കാൻ ഒരുപാട് പോയിട്ട് എണ്ണി നോക്കാൻ എന്നു പറയാനുള്ള എണ്ണം സാരികൾ പോലുമുണ്ടായിരുന്നില്ല. കറുപ്പും വെളുപ്പും ചുവപ്പും ബ്ലൗസിന്റെ ചന്തങ്ങൾ കൊണ്ട് കടം വാങ്ങിയും കടം കൊടുത്തും പഴയ സാരികളുടുത്തും ഇടയ്ക്കിടെ ട്യൂഷൻ പഠിപ്പിച്ചു കിട്ടുന്ന ഇത്തിരി കാശിന് കോട്ടൺ സാരികൾ വാങ്ങിയും എം.എയും കടന്നു. ഇപ്പോഴും ഞാൻ എന്നെ ഒരുക്കുന്നത് ഇങ്ങനെത്തന്നെയാണ്. അധിക വിലയുള്ള സാരികൾ എന്തുകൊണ്ടോ അണിയാനോ വാങ്ങാനോ വിമുഖതയുള്ള ആൾ.**

എന്തെല്ലാം തുണിത്തരങ്ങൾ ആണ് വിപണിയിൽ. പാലക്കാട് നിന്നും വന്നു കൊണ്ടിരുന്ന അറുമുഖനെന്ന കച്ചവടക്കാരനെ ഓർത്തു കൊണ്ട് അവസാനിപ്പിക്കാം. മാസാമാസം അയച്ചുകിട്ടുന്ന 600, 700 രൂപ കൊണ്ട് മൂന്ന് മക്കളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസവും സ്കൂൾ ചെലവും വീട്ടിലെ ചെലവും പശുവളർത്തലും ഒക്കെ കൂട്ടി മുട്ടിക്കാൻ അമ്മ മാറ്റിവച്ചിരുന്ന കാലത്താണ് ഏതാണ്ട് ജൂൺ മാസം കഴിയുമ്പോൾ തലയിൽ വലിയ തുണിക്കെട്ടുമായി അറുമുഖൻ പാലക്കാട് നിന്നും വണ്ടികയറി ഞങ്ങളുടെ നാട്ടിലെത്തിയിരുന്നത്. ചക്കപ്പഴത്തിൽ ഈച്ച എന്നപോലെ അയാൾക്കു ചുറ്റും ഞങ്ങൾ കൊതിയോടെ ആർത്തെത്തും. ഒരു പാവാട തുണിയോ കുപ്പായ തുണിയോ കിട്ടിയേക്കും. പലവർണ്ണച്ചീട്ടിത്തുണികൾ, കിടക്കവിരികൾ, സാരികൾ, തോർത്തുകൾ. ഇടത്തെ വെള്ളാരങ്കണ്ണ് പോലെ തിളങ്ങുന്നതും വലത്തേ കണ്ണ് ചെമ്പരത്തിപ്പൂ പോലെ ചുവന്നു തുടുക്കുന്നതും ആയിരുന്നു അറുമുഖന്റേത്. ആദ്യ വരവിൽ മുന്നോട്ട് അധികം ഉയർന്നു നിന്ന പല്ലുകൾ മുഴുവൻ വെളിയിൽ കാട്ടി ചിരിക്കുന്ന ആൾ മൂന്നാം വരവോടെ മുഖം കറുത്ത് ദേഷ്യവാക്കുകൾ പറഞ്ഞുതുടങ്ങും. പൈസ കിട്ടിയില്ലെങ്കിൽ ഭീഷണിപ്പെടുത്തും. അമ്മയുടെ താലിമാല പണയം വയ്ക്കലിൽ അറുമുഖൻ പാലക്കാട്ടേക്ക് വണ്ടി കയറും. അന്ന് ഒരു പ്രതിജ്ഞ എടുത്തിരുന്നു കൊക്കിലൊതുങ്ങുന്നതേ കൊത്തുള്ളൂവെന്ന്. പലപ്പോഴും സുഹൃത്തുക്കൾ കളിയാക്കും. 'അഞ്ഞൂറു രൂപയേയുള്ളൂ. ഒരു സാരി താ' എന്നാണ് രാധിക കടയിൽ പോയി സാരി വാങ്ങുന്നതെന്ന്. ആ കളിയാക്കൽ എനിക്ക് അംഗീകാരമാണ്. അമ്മയ്ക്ക് തീരെ കളർസെൻസില്ല. നീലസാരീടെ കൂടെ പച്ചബ്ലൗസോ ചുവന്ന ബ്ലൗസോ ഇളംപച്ചയ്ക്ക് ഓറഞ്ച്. എന്തു ചേർച്ചയാണെന്നറിയാമോ എന്ന് ഇളയമകൾ കളിയാക്കുകയും കളർ സെൻസ് പഠിപ്പിക്കുകയും ചെയ്യുമ്പോഴും ഞാനോർക്കും നീല ജോർജറ്റ് പാവാടക്കാലം. മിഡി , ഫ്രോക്ക് മിഡി ലാച്ച ലൂസ് ടോപ്പ്, കിമോണ, ടീ ഷർട്ട്, കഫ്താൻ ഗൗൺ , റാപ്പ് അറൗണ്ട് ഏതൊക്കെ തരത്തിലാണ് പെൺകുട്ടികൾ ഇന്ന് വസ്ത്രം ധരിക്കുന്നത് .പാവാടയും ബ്ലൗസും അതും മുട്ടുവരെ കയ്യിറക്കത്തിൽ തയ്ച്ച വട്ടക്കഴുത്തോ സ്ക്വയർ കഴുത്തോ. ഫാഷനുള്ള മുഴുപ്പാവാടയും അരപ്പാവാടയും ദാവണിയും ഉള്ള കാലത്ത് ജീവിച്ചു വരേണ്ടി വന്ന ഒരാൾക്ക് കാണാനും കൊതിക്കാനും എത്രമാതിരി ഫാഷനുകളാണ്. ഫാഷൻ പ്രളയത്തെ കണ്ടാസ്വദിക്കുക തന്നെ എത്ര സന്തോഷകരം. അപ്പോഴും ഉള്ളിലിരുന്ന് ഒരു പാവാടക്കാരി പറയുന്നു കാലംതെറ്റിയാണല്ലോ പിറന്നത് ഞാൻ എന്ന്. ഇന്നായിരുന്നെങ്കിൽ ആ പാവാടക്കുട്ടി ഈ കുപ്പായങ്ങളെല്ലാമണിഞ്ഞ് ആനന്ദക്കുട്ടിയായേനെ തീർച്ച.

## ആദരാഞ്ജലികൾ



പ്രമുഖ പത്രപ്രവർത്തക ലീലമേനോന് ആദരാഞ്ജലികൾ



ചർച്ചാവിഷയം

# വസ്ത്രം: സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പും



പ്രീത ജി.പി.
*ആക്റ്റിവിസ്റ്റ്*

സ്കൂൾ ക്ലാസുകളിൽ പഠിച്ചതു പോലെ നാണം മറക്കാനായി നമ്മൾ വസ്ത്രം ധരിച്ചു തുടങ്ങിയെന്നതു ഒരു നുണയാണന്നറിയാൻ ലളിതമായ ലോജിക്കേ ആവശ്യമുള്ളു. മനുഷ്യന്റെ വസ്ത്രധാരണത്തിന്റെ ആദിമ ലക്ഷ്യം ലൈംഗികതയെ ആകർഷണീയമാക്കുക എന്നതു തന്നെയായിരിക്കണം. ഒപ്പം കാലാവസ്ഥയുൾപ്പടെയുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അതിനെ സ്വാധീനിച്ചിട്ടുണ്ടെന്നതു നിസ്തർക്കമാണ്. പ്രകൃതിയിലെ അനവധിയായ ജീവജാലങ്ങൾക്കു ഇണയെ ആകർഷിക്കാനുള്ള / കാലവസ്ഥകളെ പ്രതിരോധിക്കാനുള്ള

മേൽക്കുപ്പായങ്ങൾ പ്രകൃതിദത്തമായുള്ളപ്പോൾ, ബുദ്ധിവികാസം പ്രാപിച്ച നഗ്നനാരി / വാനരന്മാർ സ്വശരീരത്തെ സ്വബുദ്ധിയാൽ ആകർഷണീയമാക്കാനും സുരക്ഷിതമാക്കാനും ശ്രമിച്ചതിന്റെ തുടർച്ചയാകാം നമ്മുടെ വൈവിദ്ധ്യമാർന്ന വേഷങ്ങൾ. വസ്ത്രമെന്നതു പിന്നീടു മനുഷ്യന്റെ പല താൽപര്യങ്ങളുടെ , പല ചോദനകളുടെ എല്ലാത്തിലും ഉപരി മനുഷ്യന്റെ സർഗാത്മകതയുടെ ഉത്പന്നമായി. അവൻ/ അവൾക്കൊപ്പം വസ്ത്രവും അനവധി സാംസ്കാരിക പരിണാമങ്ങൾക്കു വിധേയമായിയെന്നു പറയാം. മനുഷ്യന്റെ സാംസ്കാരിക പരിണതിയുടെ എല്ലാ തലങ്ങളിലൂടേയും കടന്നു പോയി അവരുടെ വസ്ത്രവും. അടിമയും ഉടമയും, സ്ത്രീയും പുരുഷനും, കുട്ടിയും മുതിർന്നവരുമെന്നു വേണ്ട, വസ്ത്രം മനുഷ്യന്റെ അധികാരത്തിന്റെ, പദവികളുടെ , അടിമത്തത്തിന്റെ ഒക്കെ പ്രതീകമായി. വസ്ത്രം അതിന്റെ ആദിമലക്ഷ്യങ്ങളിൽ നിന്നും അകന്നേ പോയി. അല്ലങ്കിൽ വസ്ത്രം ലൈംഗികതയെ ആകർഷകമാക്കുന്നു എന്നതു തമസ്കരിക്കപ്പെട്ടു. പിന്നീടു പാപവൽക്കരിക്കപ്പെട്ടു. ലൈംഗിക ആകർഷണം തടയാനുള്ള ഉപാധിയായി വസ്ത്രത്തിന്റെ പദവി ഉയർത്തപ്പെട്ടു. വസ്ത്രം വിശുദ്ധവൽക്കരിക്കപ്പെട്ടു, അതിന്റെ മറ്റു ലക്ഷ്യങ്ങൾക്കൊപ്പം. സ്ത്രീശരീരത്തിൽ പുരുഷാധിപത്യം നടത്തിയ ഇടപെടലിന്റെയും അവളുടെ പ്രതിഷേധങ്ങളുടേയും ചരിത്രമാണ് സ്ത്രീയുടെ വസ്ത്രങ്ങളുടേയും അതിന്റെ

പരിണാമത്തിന്റേയും ചരിത്രം. അങ്ങനെ വസ്ത്രത്തിന്റെ ചരിത്രമെന്നതു മനുഷ്യന്റെ രാഷ ട്രീയചരിത്രം കൂടിയായി. വസ്ത്രം ധരിക്കാനും , ധരിക്കാതിരിക്കാനുമുള്ള കലാപങ്ങൾ ആ ചരിത്രത്തിലിടം നേടി... അടിമകളും, പാർശ്വവൽകൃതരും, സ്ത്രീകളും പ്രതിനിധീകരിക്കുന്ന ഉടലിന്റെ രാഷ്ട്രീയം അവരുടെ വേഷങ്ങളിലൂടെ പ്രതിഫലിപ്പിച്ചു. പുരുഷാധിപത്യം സ്ത്രീയുടെ ലൈംഗികശരീരത്തിൽ നടത്തിയ ഇടപെടലുകൾ വസ്ത്രാവിഷ്കാരത്തിലൂടെ അവളുടെ സാമൂഹിക ശരീരത്തിലും പ്രതിഫലിച്ചു. സൗകര്യം എന്നതിനെ മാറ്റി നിർത്തി ചിലയിടത്തതു അഴകിന്റെ ആവിഷ്കാരമായെങ്കിൽ മറ്റു ചിലയിടത്തതു അഴകില്ലായ്മയെന്ന ലക്ഷ്യത്തെ പ്രതിഫലിപ്പിച്ചു. സ്ത്രീയുടെ തിരഞ്ഞെടുപ്പെന്നതു കൃത്യമായി റദ്ദ് ചെയ്യപ്പെട്ടു. സ്ത്രീയുടെ രാ ഷ്ട്രീയചരിത്രം ഉടലിന്റെ രാഷ്ട്രീയമാണ്, അതു കൊണ്ടു തന്നെ അതു വസ്ത്രത്തിന്റെ സാംസ്കാരിക പരിണാമത്തിന്റെയും, അതിൽ അവൾ നടത്തിയ ഇടപെടലുകളും കലാപങ്ങളും കൂടി ചേർന്നതാണ്. ഏറ്റവും ഇഷ്ടപ്പെട്ട ഒന്നിനെ കുറിച്ചുള്ള ഒരു ചോദ്യത്തിനും എനിക്കുത്തരമില്ലയെന്നിടത്തു ഏറ്റവും ഇഷ്ടപ്പെട്ട വേഷം ഏതെന്ന ചോദ്യത്തിനു ഉത്തരമില്ല. വസ്ത്രങ്ങളിൽ വൈവിദ്ധ്യങ്ങളാണിഷ്ടം. സാരിയും, ജീൻസും ടീ ഷർട്ടും, പാന്റും ഷർട്ടും ചുരിദാറും, സൽവാറും, സ്കേർട്ടിന്റെ വൈവിദ്ധ്യങ്ങളുമൊക്കെയായി സാഹചര്യങ്ങൾക്കും, സൗകര്യങ്ങൾക്കുമനുസരിച്ച് മാറി മാറി ഉപയോഗിക്കാൻ ശ്രമിച്ചത് കേവലമായ ഇഷ്ടങ്ങൾക്കു വേണ്ടി മാത്രമായിരുന്നില്ല. അതൊരു ആവിഷ്കാരം കൂടിയായിരുന്നു, നിലപാടുകളുടെ. വാർപ്പുമാതൃകകളുടെ രൂപികരണത്തിൽ വേഷവിധാനങ്ങൾക്കു കൃത്യമായി പങ്കുള്ള സാമൂഹിക സാഹചര്യത്തിൽ , വാർപ്പു മാതൃക അല്ലാതിരിക്കുകയെന്നത് നിലപാട് ആയിരുന്നു. തീർച്ചയായും സ്ത്രീകൾ തങ്ങളുടെ വസ്ത്രധാരണത്തിൽ കംഫർട്ട് എന്നത് മാനദണ്ഡമായി സ്വീകരിക്കുമ്പോൾ അതൊരു നിലപാട് തന്നെയാണ്. സാധാരണ ദിനങ്ങളിൽ , ജീൻസ് , ചുരിദാർ, സൽവാർ ഇതൊക്കെ മാറി മാറി ഉപയോഗിക്കുന്നതു വൈവിദ്ധ്യങ്ങളോടുള്ള താൽപര്യം തന്നെയാണ്. യാത്രകളിൽ ജീൻസും ടീ ഷർട്ടുമൊക്കെ സൗകര്യപ്രദമായ വേഷമായിരുന്നു. നീണ്ട ട്രെയിൻ യാത്രകളിൽ സ്കേർട്ട് ഇടക്ക് മൂത്രമൊഴിക്കാനുള്ള സൗകര്യമായിരുന്നു. വളരെ അപൂർവ്വമായി സാരി ചുറ്റുന്നതു പലപ്പോഴും വിഷാദം പിടിമുറുക്കുമ്പോളായിരിക്കും. മുമ്പൊക്കെ സാരിയെന്ന വേഷം ശരീരത്തെ കുറിച്ചു നിരന്തരം ഓർമ്മപ്പെടുത്തിയിരുന്നെങ്കിൽ, ഇന്ന് സാരി അത്ര തന്നെ അലസതയോടെ, യാതൊരു ശരീരബോധവുമില്ലാതെ ധരിക്കാൻ കഴിയുന്നു. ഒരു കാലത്തു വളരെ ശ്രദ്ധയോടെ മടക്കുകളാക്കി സേഫ്റ്റി പിന്നിൽ കൊരുത്തു നിർത്തിയ സൽവാറിന്റെ ദുപ്പട്ട കഴുത്തിലോ തോളിലോ അലക്ഷ്യമായി കിടക്കുന്നു. അതെ, സ്ത്രീകളുടെ ചില അലക്ഷ്യതകൾക്കു പോലും ചില ലക്ഷ്യങ്ങളുണ്ടാകാം. ബ്ലൗസിന്റെയോ, മേൽ ഉടുപ്പുകളുടേയോ വശങ്ങളിലൂടെ പുറത്തേക്ക് കാണപ്പെട്ട ബ്രായുടെ വള്ളിയിൽ തുറിച്ചു നോട്ടങ്ങൾ തറഞ്ഞു നിന്നപ്പോൾ അതങ്ങനെ കിടക്കട്ടെയെന്നു തീരുമാനിച്ചതും . എവിടെ നിന്നാണ് വസ്ത്രത്തെ രാഷ്ട്രീയമായി കൂട്ടി വായിക്കാൻ തുടങ്ങിയതെന്നു ഓർമ്മയില്ല. വ്യക്തി ശരീരത്തിലേക്കുള്ള വ്യവസ്ഥയുടെ കൈ കടത്തലുകളോട് കലഹം തുടങ്ങിയതെന്നും. പാവാടക്കാരിയിൽ നിന്നു ചുരിദാറിലേക്കും സൽവാറിലേക്കുമൊക്കെ തിരിഞ്ഞത് അതിന്റെ സൗകര്യം തന്നെ പരിഗണിച്ചായിരുന്നോ എന്നു ചോദിച്ചാൽ അല്ല. ഫാഷനോടുള്ള കൗമാരക്കാരിയുടെ ഭ്രമമായിരുന്നു. ചുരിദാർ അത്ര സാർവത്രികമല്ലാതിരുന്ന ഒരു നാട്ടിൻ പുറത്തുകാരിയുടെ. തുറിച്ചു നോട്ടങ്ങളേയും പരിഹാസങ്ങളേയും അഭ്യുദയകാംക്ഷികളെന്നവകാശപ്പെടുന്നവരുടെ നിർദ്ദയമായ അഭിപ്രായ പ്രകടനങ്ങളേയും അവഗണിച്ചു അതു ശീലമാക്കിയതിനു പിറകിൽ വിട്ടു വീഴ്ചയ്ക്കു തയാറാകാത്ത സ്വാതന്ത്ര്യബോധം തന്നെയായിരുന്നു. രാഷ്ട്രിയത്തിൽ നിന്നും ജീവിതത്തിന്റെ വർണ്ണങ്ങളിൽ നിന്നുമൊക്കെ പിൻമാറിയ ഒരു കാലയളവിലൊഴിച്ചാൽ ഇഷ്ട വസ്ത്രങ്ങൾ കീശക്കു നിരക്കുന്നതെങ്കിൽ വാങ്ങി ധരിക്കും. കടുംനിറങ്ങളുടെ എക്കാലത്തേയും കൂട്ടുകാരിയായ ഞാൻ. ചുരുങ്ങിയ വരികളിലൂടെ സ്വജിവിതത്തിലെ വസ്ത്രസ്വാതന്ത്ര്യവും, വേഷ പരിണാമചക്രവുമൊക്കെ വിശദീകരിച്ചെങ്കിലും അതത്ര ലളിതമായ പ്രക്രിയ ആയിരുന്നില്ല. എത്ര കണ്ടു ലളിതമായി അവയൊക്കെ അവഗണിക്കാൻ കഴിഞ്ഞു എന്നതാണ് യഥാർത്ഥ വശം.





# വസ്ത്രത്തിന്റെ പ്രസക്തി ഒരു വ്യക്തിഗത അവലോകനം

**ഡോ. സിസ്റ്റർ ജെസ്മി**
*എഴുത്തുകാരി*

യഹൂദ-ക്രൈസ്തവ പാരമ്പര്യപ്രകാരമുള്ള സൃഷ്ടികർമ്മവിവരണത്തിൽ ആദവും ഹവ്വയും നഗ്നരായാണ് അവതരിപ്പിയ്ക്കപ്പെടുന്നത്. ഏദൻ തോട്ടത്തിൽ പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും സൗഹൃദം പുലർത്തി കഴിഞ്ഞിരുന്ന ആ നല്ല നാളുകളിൽ വസ്ത്രം അവർക്ക് അനിവാര്യമായിരുന്നില്ല. ആ പറുദീസാജീവിതത്തിനു വിരാമമായത് അവർ പാപം ചെയ്തതു മൂലമാണെന്ന് പഴയ നിയമ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. പാപബോധം ആണ് നഗ്നത ഉളവാക്കിയ ലജ്ജ എന്ന വികാരം അവരിൽ ഉണർത്തിയത്. എന്തൊക്കെയോ മൂടിവെയ്ക്കണമെന്ന ആവേശം, മറയുടെ ആവശ്യകത അവരെക്കൊണ്ടു ഇലകളുടെ വസ്ത്രം ധരിപ്പിച്ചു. അന്ന് അവിടെയുണ്ടായിരുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും വൃക്ഷങ്ങൾക്കും അവരുടെ സന്തതിപരമ്പരകൾക്കും ഇന്നോളം വസ്ത്രം ധരിക്കേണ്ടി വന്നിട്ടില്ല. ധനികർ വളർത്തുന്ന ഓമനമൃഗങ്ങളെ അവർ വസ്ത്രം ധരിപ്പിച്ചു കണ്ടിട്ടുണ്ട്. ഉണ്ണാനും ഉടുക്കാനുമില്ലാത്ത ജനലക്ഷങ്ങളെ കാണുമ്പോൾ ഉള്ള അവരുടെ കുറ്റബോധം അവർ മൃഗങ്ങളിൽ അടിച്ചേൽപ്പിക്കുന്നതാകാം അത്.

ശുചിത്വത്തിനും ചർമ്മസംരക്ഷണത്തിനും കാലാവസ്ഥാവ്യതി
യാനങ്ങൾ മൂലമുള്ള ആരോഗ്യപരിപാലനത്തിനും വസ്ത്രം ആവശ്യമായിരിക്കാം. മഞ്ഞുകാലത്ത് വസ്ത്രങ്ങൾ കൊണ്ട് ദേഹം പൊതിഞ്ഞു അതിശൈത്യത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞേക്കും. എന്നാൽ അത്യുഷ്ണകാലത്ത്

വസ്ത്രങ്ങൾ മുഴുവൻ ഊരി എറിയാൻ ഒക്കുമോ? പുരുഷന്മാർക്ക് അത് സാധ്യമായേക്കാം. കള്ളിമുണ്ടും ബനിയനും ധരിച്ചു അവർക്ക് 'മാന്യമായി' നടക്കാം. ഒരു പക്ഷെ, ഒരു തോർത്തുമുണ്ട് മാത്രം അരയിൽ ചുറ്റി നടന്നാലും സമൂഹത്തിനു അതൊരു പ്രശ്നമേയല്ല. എന്നാൽ സ്ത്രീയുടെ സ്ഥിതി അതാണോ... നെറ്റി ചുളിക്കാതെ അതേക്കുറിച്ച് ചിന്തിയ്ക്കാൻ പോലും പലർക്കും ആകുന്നില്ല. വസ്ത്രധാരണം പോലും ലൈംഗികവേർതിരിവിനു നിദാനമാകുന്നത് ഈയവസരത്തിലാണ്.

ഒരൽപം തലയുയർത്തി നടക്കുന്ന സ്ത്രീകളുടെ വസ്ത്രവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് സമൂഹത്തിന് ഒരു ഹരമാണ്. പരമ്പരാഗത വേഷത്തിൽനിന്നു ഒരു സ്ത്രീ വ്യതിചലിച്ചാൽ അവൾ 'ഫെമിനിച്ചി' ആയി. ആണുങ്ങളെ അനുകരിക്കലാണോ സ്ത്രീ സ്വാതന്ത്ര്യം എന്നാണ് നാനാവശത്തു നിന്നും ഉയരുന്ന ചോദ്യശരം. എന്താണ് കേരളത്തിലെ സ്ത്രീവേഷം? മുണ്ടും ചട്ടയും ക്രിസ്ത്യാനികളും, മുണ്ടും വേഷ്ടിയും ഹൈന്ദവസ്ത്രീകളും, മുണ്ടും റൗക്കയും തട്ടവും മുസ്ലിം സ്ത്രീകളും ധരിച്ചിരുന്നു എന്ന് പറയാം. മുണ്ടും ബ്ലൗസും ഇടുന്നവരും, ബ്ലൗസ് ധരിക്കാൻ അനുവാദമില്ലാത്തവരും പഴയ കാലങ്ങളിൽ ഉണ്ടായിരുന്നല്ലോ. അപ്പോൾ കേരളത്തിലെ സ്ത്രീകൾ എന്ത് വേഷമാണ് ധരിയ്ക്കേണ്ടത്? സാരി ഗുജറാത്തികളുടെ.... ചുരിദാർ പഞ്ചാബികളുടെ....ജീൻസും പാന്റ്സും ഫ്രോക്കും പാശ്ചാത്യരുടെ... കേരളസ്ത്രീക്ക് സ്വന്തം വേഷം ഉണ്ടോ? വേണമെന്നുണ്ടോ?

കേരളത്തിലെ പെൺകുട്ടികൾ ഉടുപ്പ് ധരിച്ചു. ആൺകുട്ടികളെപ്പോലെ മരം കയറാനോ സൈക്കിൾ ചവിട്ടാനോ ഓടാനോ ചാടാനോ അതൊരു വിലക്കായിരുന്നു. കാലകത്താതെ അവർ ഇരിക്കണം, നടക്കണം, സൂക്ഷിക്കണം. മുതിർന്നപ്പോൾ അവൾക്ക് നീളൻ പാവാട നൽകി. പാവാടവട്ടത്തിൽ ഒതുങ്ങുന്ന ചലനസ്വാതന്ത്ര്യമേ അവൾക്ക് അനുവാദമുള്ളൂ. പിന്നീട് മാറുമറയ്ക്കാൻ ഒരു ദാവണി നിർബന്ധമായി. 'അതുക്കും മേലെ' വളർന്നപ്പോൾ സാരികൊണ്ടു അവളെ ദേഹമാസകലം വരിഞ്ഞുമുറുക്കി. അങ്ങനെ സഞ്ചാരസ്വാതന്ത്ര്യത്തിനു വലിയ വിലങ്ങു വീണു. ഇരുകാലുകൾ വിടർത്തി സഞ്ചരിക്കാവുന്ന ചുരിദാർ, ജീൻസ്, പാന്റ്സ്, ലെഗ്ഗിൻസ് എന്നിവ ധരിച്ചവരെ സമൂഹം നിശിതമായി വിമർശിച്ചു. പാന്റ്സ് ധരിച്ച എന്നെ ചൂണ്ടി 'പുരുഷവേഷം' ധരിച്ചു എന്ന് പരിഹസിച്ചവരോട് എനിക്കൊന്നേ പറയാനുണ്ടായുള്ളൂ... 'ഞാൻ പുരുഷവേഷമല്ല മനുഷ്യവേഷമാണ് ധരിച്ചിരിക്കുന്നത് എന്ന്... മനുഷ്യൻ ഡിസൈൻ ചെയ്തതിൽ വെച്ച് ഏറ്റവും സൗകര്യപ്രദമായ വേഷവിധാനം പുരുഷൻ തെരഞ്ഞെടുത്തു എന്നതാണ് യാഥാർത്ഥ്യം.

**"സാരി ഇട്ടാലും പീഡനം; ചുരിദാർ ഇട്ടാലും പീഡനം ; പർദ്ദ ഇട്ടാലും പീഡനം...അപ്പോൾ വസ്ത്രമല്ല പ്രശ്നം.." ആത്മനിയന്ത്രണം കൈവരിയ്ക്കാത്ത പുരുഷന്മാർ അവരുടെ പൂർവ്വികരെ കണ്ടുപഠിയ്ക്കേണ്ടത് അത്യാവശ്യമാണ്. ബ്ലൗസിടാതെ നടന്ന അന്നത്തെ കേരളീയ സ്ത്രീകളുടെ മുന്നിൽ അന്നത്തെ പുരുഷന്മാർ ആത്മനിയന്ത്രണം പാലിച്ചത് ഇന്നത്തെ പുരുഷന്മാർ ബോധപൂർവ്വം മനസ്സിലാക്കട്ടെ..**

സ്ത്രീകൾ മാറിടം മറയ്ക്കണം എന്ന അലിഖിതനിയമം എപ്പോൾ ആരാണ് നിർമ്മിച്ചത് എന്നത് ചിന്തനീയമായ വസ്തുതയാണ്? പ്രായോഗികമായ എന്റെ ബുദ്ധിമുട്ട് ഒരിക്കൽ ഒരു FB പോസ്റ്റിലൂടെ ഇങ്ങനെ വ്യക്തമാക്കി: "സാരിത്തലപ്പ് ഞൊറിഞ്ഞു നെഞ്ചുഭാഗം പൊതിയാനും, ചുരിദാർ ഷോൾ ചുളുക്കി മാറ് മറയ്ക്കാനും ദീർഘസമയം ചെലവഴിച്ചപ്പോൾ സമയം തെറ്റി എന്റെ ബസ്-ട്രെയിൻ യാത്രകൾ മുടങ്ങി. എന്നിട്ടും കാറ്റത്ത് ഷോൾ ഉലഞ്ഞ് വിടവുണ്ടായതിലൂടെ 'അവർ' ഒളിഞ്ഞുനോക്കി. ഇന്ന് സാരിയും ഷോളും ഉപേക്ഷിച്ച് ജുബ്ബയിടുന്നു. ഈ വയസ്സിയുടെ മാറിടം 'അവർ' കണ്ടുകണ്ട് മടുക്കട്ടെ.. അങ്ങനെയെങ്കിലും 'അവരുടെ' അസുഖം ഭേദമാകട്ടെ!" ആരോ എഴുതിയത് ഇങ്ങനെ വായിച്ചു : "സാരി ഇട്ടാലും പീഡനം; ചുരിദാർ ഇട്ടാലും പീഡനം ; പർദ്ദ ഇട്ടാലും പീഡനം...അപ്പോൾ വസ്ത്രമല്ല പ്രശ്നം.." ആത്മനിയന്ത്രണം കൈവരിയ്ക്കാത്ത പുരുഷന്മാർ അവരുടെ പൂർവ്വികരെ കണ്ടുപഠിയ്ക്കേണ്ടത് അത്യാവശ്യമാണ്. ബ്ലൗസിടാതെ നടന്ന അന്നത്തെ കേരളീയ സ്ത്രീകളുടെ മുന്നിൽ അന്നത്തെ പുരുഷന്മാർ ആത്മനിയന്ത്രണം പാലിച്ചത് ഇന്നത്തെ പുരുഷന്മാർ ബോധപൂർവ്വം മനസ്സിലാക്കട്ടെ.. സായ്പ്പുമാർ മദാമ്മകളുടെ മുന്നിൽ പാലിക്കുന്ന സഭ്യതയും ഇക്കൂട്ടർ ധ്യാന വിഷയമാക്കിയേ മതിയാകൂ..

മറച്ചു വെയ്ക്കുന്നത് ജിജ്ഞാസ ത്വരിതപ്പെടുത്താനേ ഉപകരിക്കൂ എന്നത് നഗ്നമായ സത്യമാണ്. പർദ്ദ വഴി മുസ്ലിം സ്ത്രീയുടെ മുടിപോലും മറയ്ക്കപ്പെടുമ്പോൾ അത് കാണാനുള്ള ത്വര പുരുഷനിൽ വർധിക്കുന്നു. മണിയറക്കുള്ളിൽ വെച്ച് മാത്രം കാണപ്പെടുന്ന സ്ത്രീയുടെ മുടിപോലും പുരുഷനിൽ ലൈംഗിക തൃഷ്ണ ഉണർത്തും എന്ന് ഒരിക്കൽ വായിക്കാനിടയായി. മൂടി വെയ്ക്കപ്പെട്ട എന്തും, ആത്മനിയന്ത്രണം ഇല്ലാത്ത പുരുഷനിൽ ലൈംഗിക




അഭിനിവേശം ഉണർത്തുന്നുവെങ്കിൽ വസ്ത്രം ഗുണത്തേക്കാൾ ഏറെ അപകടങ്ങൾ അല്ലേ ക്ഷണിച്ചുവരുത്തുന്നത് എന്ന് അറിയാതെ ശങ്കിച്ചുപോകുന്നു.

മാറിടം സെക്സിന്റെ പ്രതീകം ആയതു എന്നുമുതൽ എന്ന് ഒരു അമ്മ രോഷത്തോടെ ചോദിക്കുന്നത് ഒരിക്കൽ കേൾക്കാനിടയായി. "ഇവനൊക്കെ അമ്മയുടെ മുല കുടിച്ചു വളർന്നതല്ലേ" എന്ന ആ അമ്മയുടെ ആക്രോശത്തിനുമുന്നിൽ ഒന്ന് പതറിപ്പോയി. ഗൃഹലക്ഷ്മിമാസികയുടെ കവർ പേജ് ഉയർത്തിയ കോലാഹലങ്ങൾ ഇത്തരുണത്തിൽ ഓർക്കാതെ വയ്യ. "മുലയൂട്ടലും, മുല കാട്ടലും" തുടങ്ങി സംവാദങ്ങളുടെ പെരുമഴ തന്നെ ആയിരുന്നു തുടർന്നത്. മാതൃത്വവും മുലയൂട്ടലും ഒക്കെ സെക്സ് പ്രതീകങ്ങളായി മാറുന്ന ഈ കാലഘട്ടം സഭ്യതയുടെ അതിർവരമ്പുകൾ ഭേദിക്കുകയാണ്. ഉദാത്തമായ കലാസാഹിത്യമൂല്യങ്ങൾ കാറ്റിൽ പറത്തുന്നത് ശോചനീയം തന്നെ. ജോൺ സ്റ്റെയ്ൻബക്ക് [STEINBECH] ന്റെ ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ [THE GRAPES OF WRATH] എന്ന നോവലിൽ നീണ്ട ദുരിതപൂർണ്ണമായ യാത്രക്കൊടുവിൽ ചാപിള്ളയെ പ്രസവിക്കേണ്ടിവന്ന റോസ് എന്ന കഥാപാത്രം, പട്ടിണി മൂലം മരണത്തെ മുഖാമുഖം കണ്ട വൃദ്ധനു മുലയൂട്ടുന്ന രംഗം എത്ര ഹൃദയസ്പർശിയാണ്. കുഞ്ഞിനെ നഷ്ടപ്പെട്ട ആ അമ്മ മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയായി ഉയർത്തപ്പെടുന്ന ധന്യ നിമിഷമാണത്.

ഒരു യുറോപ്യൻ സംഭവം ഓർമ്മിപ്പിക്കുന്ന ഒരു പെയിന്റിംഗ് ഇതിനോട് ചേർത്തുവെയ്ക്കുന്നു. ഹാൻസ് സെബാൾട്ബെഹാം [HANS SEBALD BEHAM] എന്ന യൂറോപ്യൻ ചിത്രകാരൻ പെറോ [PERO] എന്ന മകൾ പട്ടിണിമരണത്തിനു വിധിയ്ക്കപ്പെട്ട് തടവറയിൽ കഴിയുന്ന സ്വന്തം അച്ഛനായ സൈമൺ, പാറാവുകാർ അറിയാതെ മുലയൂട്ടുന്ന രംഗമാണ് തന്റെ കലയ്ക്കു വിഷയമാക്കിയത്. ഇത്ര ഉദാത്തമായ സന്ദർഭം വ്യക്തമാക്കുന്ന ആ ചിത്രത്തിലും അശ്ലീലം കാണുന്നവർ ഇല്ലാതില്ല.

ഈയിടെ ശ്രദ്ധേയമായ സൽമാൻ ഖാന്റെ കോടതിവിചാരണ മറ്റൊരു ജീവിത സന്ദേശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ബിഷ്ണോയ് ഗോത്രക്കാർ ദിവ്യമായി കണ്ടിരുന്ന കൃഷ്ണമൃഗങ്ങളെയാണ് വെടി വെച്ച് വീഴ്ത്തപ്പെട്ടതായി അവർ നേരിൽക്കണ്ടത്. ബിഷ്ണോയ് വർഗ്ഗക്കാരും കൃഷ്ണമൃഗവും ഇതിനുമുൻപും വാർത്തയിൽ ഇടം പിടിച്ചിട്ടുണ്ട്. ഹിമാൻഷു വ്യാസ് [HIMANSHU VYAS] എന്ന ഫോട്ടോഗ്രാഫർ IFRA ഗോൾഡ് മെഡൽ കരസ്ഥമാക്കിയത് ഒരു മനം സ്പർശിക്കുന്ന ഫോട്ടോഗ്രാഫ് വഴിയാണ്. അത് ഇതാണ്...ജോധ്പൂരിൽ ഉള്ള ഒരു ബിഷ്ണോയ് അമ്മ തന്റെ സ്വന്തം കുഞ്ഞിനും ഒരു അനാഥ കൃഷ്ണമൃഗത്തിനും ഒരേ സമയം മുലയൂട്ടുന്ന ഫോട്ടോ... ആ അമ്മ ഈ പ്രപഞ്ചത്തിന്റെ മുഴുവൻ അമ്മയായി അവരോധിയ്ക്കപ്പെടുന്ന ഒരു ദൃശ്യമായിരുന്നു അത്. മുല കാണുമ്പോൾ വിറളി പൂളുന്ന ഞരമ്പുരോഗികൾക്ക് വിദഗ്ധ ചികിത്സ എത്രയോ അനിവാര്യമാണെന്ന് ഏവർക്കും ബോധ്യമാകട്ടെ.

ഉത്തരേന്ത്യയിലെ ദിഗംബര സന്യാസികൾക്ക് വസ്ത്രമുപേക്ഷിച്ചു പൂർണ്ണനഗ്നരായി ജനമദ്ധ്യത്തിൽ നിസ്സംഗരായി നിൽക്കാൻ കഴിയുന്നത് ശരീരപരിമിതികളെ വെടിഞ്ഞു ആത്മീയതലത്തിലേക്ക് ഉയരാൻ അവർക്ക് കഴിവുള്ളതുകൊണ്ടാണ് എന്നത് സമ്മതിച്ചേ മതിയാകൂ. യഹൂദ- ക്രൈസ്തവ വിശ്വാസപ്രകാരം പാപബോധം ഉളവാക്കിയ ലജ്ജയാണ് ആദിമാതാപിതാക്കളെ വസ്ത്രം അണിയാൻ പ്രേരിപ്പിച്ചതെങ്കിൽ നിർമ്മലമായ മനസ്സ് സ്വായത്തമാക്കി ശരീരത്തെ മറന്ന് ആത്മീയമായി ഉയർന്ന്, സ്ത്രീയോ പുരുഷനോ ആരുമായിക്കൊള്ളട്ടെ, വസ്ത്രം ധരിക്കുന്നതോ ധരിക്കാത്തതോ പ്രശ്നവൽക്കരിക്കാത്ത ഒരു ലോകം സംജാതമായെങ്കിൽ എന്ന് അറിയാതെ ആശിച്ചുപോകുന്നു.



സ്റ്റാലിന
*കവി,അധ്യാപിക*

# സ്ത്രീയുടെ വസ്ത്രം കൊണ്ട് മറയ്ക്കാനാകാത്ത സമൂഹത്തിന്റെ നഗ്നതകൾ



വസ്ത്രം പ്രകൃതിശക്തികളിൽ നിന്നും ശരീരത്തെ സംരക്ഷിക്കുന്നതിനാണ് എന്ന് പ്രാഥമിക ശാസ്ത്രക്ലാസുകളിൽ കുട്ടികൾ പഠിക്കുന്നു. പക്ഷേ നാമവർക്ക് വസ്ത്രത്തെക്കുറിച്ച് യഥാർത്ഥത്തിൽ എന്ത് അറിവുകളാണ് കൊടുക്കുന്നത് എന്ന് ചിന്തിക്കേണ്ടതുണ്ട്. വസ്ത്രങ്ങളെ; നിറങ്ങളെ, ആൺകുട്ടികളുടേത് , പെൺകുട്ടികളുടേത് എന്ന വേർതിരിക്കലുകളിൽ തുടങ്ങുന്നു വിവേചനത്തിന്റെ ആദ്യ പാഠങ്ങൾ.

യൂണിസെക്സ് വസ്ത്രങ്ങൾ ഇപ്പോൾ ലഭ്യമായിത്തുടങ്ങിയിരിക്കുന്നു. സ്വന്തം ജെൻഡർ ഐഡന്റിറ്റിയെക്കുറിച്ച് ആശയക്കുഴപ്പം നേരിടുന്ന കൗമാരക്കാർക്ക് ഉചിതമായ തീരുമാനമെടുക്കുന്നതിനായ് പ്യൂബർട്ടി വൈകിപ്പിക്കുന്നതിനുള്ള ചികിത്സാ രീതികൾ പോലും ( വ്യത്യസ്ത അഭിപ്രായങ്ങൾ ഈ വിഷയത്തെക്കുറിച്ച് നിലവിലുണ്ടെങ്കിൽത്തന്നെയും) പല വികസിത രാജ്യങ്ങളിലും പ്രാവർത്തികമായിക്കഴിഞ്ഞു. എന്നാൽ മനുഷ്യജീവിയെന്ന പരിഗണനയുടെ പരിധിയിൽപ്പോലും സ്ത്രീവ്യക്തിത്വം ഇതുവരെയും എത്തിപ്പെടാത്ത നമ്മുടേതു പോലുള്ള സമൂഹങ്ങളിൽ സ്ത്രീയുടെ വസ്ത്രത്തിൽ സംസ്കാര സംരക്ഷണം, സാമൂഹിക സമ്മതി, സുരക്ഷ എന്നിങ്ങനെ ഭാരിച്ചതും യഥാർത്ഥത്തിൽ വസ്ത്രധാരണവുമായി ബന്ധമില്ലാത്തതുമായ ചുമതലകൾ അടിച്ചേൽപ്പിച്ചിരിക്കുന്നത് നമുക്കറിയാം.

സ്ത്രീകളുടെ വസ്ത്ര സമരചരിത്രം ബൃഹത്തും വ്യത്യസ്ത ചിന്താധാരകൾ ഉൾക്കൊള്ളുന്നതുമാണ്. കേരളത്തിൽ ജാതിവിവേചനത്തിനെതിരെ നടന്ന ഐതിഹാസികമായ മാറുമറയ്ക്കൽ സമരം മുതൽ നവ മാധ്യമങ്ങളിൽ നടന്ന മാറുതുറക്കൽ സമരാഹ്വാനങ്ങൾ കഴിഞ്ഞും തുടരുന്ന ഈ അന്വേഷണങ്ങൾ, പ്രതിഷേധങ്ങൾ ,പ്രതിരോധങ്ങൾ എങ്ങിനെയാണ് മുന്നോട്ടു പോകേണ്ടത് എന്ന് ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഫെമിനിസം നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള നാലാം തരംഗമുന്നേറ്റത്തിലെത്തുന്ന ഈ കാലഘട്ടത്തിൽപ്പോലും പുരോഗമിച്ചതെന്നഭിമാനിക്കുന്ന കേരളത്തിൽ ഇപ്പൊഴും ബഹുഭൂരിപക്ഷം സ്ത്രീകളും വസ്ത്രം ധരിക്കുന്നത് വീട്ടിനു വെളിയിലും വീടിനകത്തു മാ യി അനുവദിക്കപ്പെട്ടിരിക്കുന്ന ഇടങ്ങളിൽ മാന്യതയുടെ അളവുകോലുകൾക്കുള്ളിൽ നിൽക്കുന്നതിനാണ്.

സ്വന്തം താമസസ്ഥലങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, തൊഴിലിടങ്ങളിൽ; എവിടെയും സ്ത്രീയുടെ വസ്ത്രം പുരുഷാധികാര വ്യവസ്ഥയുടെ സൂക്ഷ്മനിരീക്ഷണത്തിലാണ്.

ദൈവത്തെ (പുരുഷ ദൈവ രൂപങ്ങളെ) ഭയക്കുന്ന, മതനിയമങ്ങൾ പാലിക്കുന്ന, പുരുഷ വിശ്വാസികൾ വഴി തെറ്റാതിരിക്കാൻ സ്വയം ശ്രദ്ധിക്കുന്ന ഉത്തമവിശ്വാസിയാകാനുള്ള ഉത്തരവാദിത്തവും സ്ത്രീയുടെ ചുമലിലാണ്.

ഒരു തരത്തിൽ പറഞ്ഞാൽ ഇവിടെ സ്ത്രീയെ പാകപ്പെടുത്തുന്നത് അവൾ ബലാൽക്കാരം ചെയ്യപ്പെട്ടാൽ ആ സമയം ധരിച്ചിരുന്ന വസ്ത്രമേതെന്ന സമൂഹത്തിന്റെ ചോദ്യത്തിന് തൃപ്തികരമായ ഉത്തരമായിത്തീരാൻ മാത്രമാണോ എന്നു പോലും തോന്നും.
ബലാൽക്കാരകുറ്റകൃത്യങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ പരിശോധിയ്ക്കുമ്പോൾ ആ സമയത്ത് സ്ത്രീകളോ കുട്ടികളോ ഏതു തരം വസ്ത്രമാണ് ധരിച്ചിരുന്നത് എന്നതും കുറ്റകൃത്യം നടക്കുന്നതുമായി ബന്ധമില്ല എന്ന് സുവ്യക്തമായിട്ടും ഇപ്പോഴും സമൂഹം അത്തരം ധാരണകൾ ഉപയോഗിച്ചുകൊണ്ട് സ്വന്തം തലത്തിൽ സ്ത്രീകൾ അവരുടെ വസ്ത്രസ്വാതന്ത്ര്യം ഉപയോഗിയ്ക്കുന്നതിൽ നിന്നും വിലക്കുന്നു. .

ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുകയും വസ്ത്രധാരണ രീതികളിൽ



നവീനത്വം പുലർത്തുകയും അതേ സമയം പുരുഷാധിപത്യ വ്യവസ്ഥയുടെ എല്ലാ അടയാളങ്ങളും ചാർത്തി അതിനെവാഴ്ത്തുന്ന, അഭ്യസ്തവിദ്യരെ ന്നഭിമാനിക്കുന്നവർ ധാരാളം. അതുപോലെ സ്വന്തം പരിചിത വലയങ്ങളിൽ നിന്ന് പുറത്തു പോകുമ്പോൾ മാത്രം ആധുനിക വസ്ത്രങ്ങൾ ധരിക്കുന്ന സ്ത്രീകൾ.അത്തരക്കാർ കേരളത്തിലെ പൊതു വിടങ്ങളിൽ വസ്ത്രധാരണത്തെക്കുറിച്ച് നിലവിലിരിക്കുന്ന അലിഖിത നിയമങ്ങൾ പാലിക്കാൻ നിർബന്ധിതരാകുന്നുമുണ്ട്. സിനിമാരംഗത്ത് പ്രവർത്തിയ്ക്കുന്ന സ്ത്രീകൾ മലയാള ചലച്ചിത്ര മേഖലയ്ക്ക് പുറത്തുപോകുമ്പോൾ അവർ വേഷങ്ങളിൽ

വരുത്തുന്ന മാറ്റങ്ങൾ, ജോലിയുടെ ഭാഗമായി നടത്തുന്ന കഥാപാത്രങ്ങളുടെ തിരഞ്ഞെടുപ്പുകൾ എന്നിവ ഇവിടെ വിലയിരുത്തപ്പെടുന്ന രീതിയിലും ഇത്തരം പിന്തിരിപ്പത്തം വെളിവാകുന്നുണ്ട്.നയൻ താര, പാർവതി തുടങ്ങിയവരെക്കുറിച്ച് പങ്കുവെയ്ക്കപ്പെടുന്ന അഭിപ്രായങ്ങൾ ഉദാഹരണം . ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യത്തിൽ അവളുടെ നിറം, ജാതി, മതം ,സാമൂഹിക സ്ഥിതി, സാമ്പത്തികാവസ്ഥ എന്നിങ്ങനെഒട്ടേറെ ഘടകങ്ങൾ നിർണ്ണായകമാണ് . വർണ്ണ വർഗ ജാതിമത ലിംഗ വിവേചനങ്ങളുടെ സാംസ്കാരിക അടയാളപ്പെടുത്തലുകളാണ് നമ്മുടെ പൊതുബോധ നിർമ്മിതിയിലെ വസ്ത്ര സങ്കൽപ്പങ്ങൾ.ഉപരിപ്ലവ പുരോഗമനനാട്യങ്ങൾ നിറഞ്ഞ ഇരട്ടത്താപ്പ് സ്വഭാവമുള്ള നമ്മുടെ സമൂഹത്തിൽ നിലവിലിരിക്കുന്ന വസ്ത്ര സംസ്ക്കാരത്തെ കുറിച്ചുള്ള പിന്തിരിപ്പൻ ധാരണകൾ നിരന്തരം ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

സ്ത്രീകളുടെ വസ്ത്രധാരണത്തെ വിമർശിച്ച് വിധിയെഴുതുന്ന പ്രസ്താവനകൾ സമൂഹത്തിൽ ഉയർന്ന സ്ഥാനം നേടിയിട്ടുള്ള വ്യക്തികളിൽ നിന്നുണ്ടാവുകയും അത്തരം പ്രവണതകൾക്കെതിരെ പ്രതിഷേധങ്ങളുയരുകയും ചെയ്തിട്ടുണ്ട്. ഉദാഹരണം ജീൻസ് ധരിക്കുന്നതിനെതിരെയുള്ള യേശുദാസിന്റെ അഭിപ്രായം. ഡോ.രജിത് കുമാർ എന്ന വ്യക്തി സ്ത്രീവിരുദ്ധത നിറഞ്ഞ ജല്പനങ്ങൾ കൊണ്ടു മാത്രമാണ് ജനശ്രദ്ധയും മാധ്യമ ചർച്ചകളിൽ ഇരിപ്പിടവും നേടിയത്. അധ്യാപക നായിട്ടു പോലും സ്ത്രീകൾക്കും ട്രാൻസ് ജെൻഡർ വ്യക്തികൾക്കുമെതിരെ ,ഭിന്നശേഷിക്കാരായ കുട്ടികൾക്കെതിരെ നടത്തിയ അടിസ്ഥാനരഹിതവും അശാസ്ത്രീയവുമായ പ്രസ്താവനകളുടെ പേരിൽ അയാൾ സമൂഹമധ്യത്തിൽ വിചാരണ ചെയ്യപ്പെടുന്നില്ല. ഇത്തരം കപടശാസ്ത്രക്കാർക്ക് നമ്മുടെ സമൂഹത്തിൽ ലഭിക്കുന്ന സ്ഥാനമാനങ്ങൾ നാമെത്തിച്ചേർന്നിരിക്കുന്ന ബൗദ്ധിക അപചയത്തിന്റെ പ്രകടമായ തെളിവുകളാണ്.

നമുക്കായ് ഏറ്റവും പുതിയ വസ്ത്രങ്ങൾ മാർക്കറ്റിലെത്തിയ്ക്കുന്ന തൊഴിൽ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം കൂടുതലുണ്ട്. ഇന്ത്യയിലെ ഗാർമെൻറ് ഫാക്ടറികൾ ലോകത്തിലെ തന്നെ മോശമായ തൊഴിൽ സാഹചര്യങ്ങളുള്ളവയാണ്. വസ്ത്ര വിപണനമേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണങ്ങളെക്കുറിച്ച് മലയാളിയെ ചിന്തിപ്പിക്കുന്നതിന് ഇരിക്കൽ സമരം കാരണമായി. വൻകിട വസ്ത്ര നിർമ്മാണ ഫാക്ടറികളിലും വ്യാപാരശാലകളിലും വിദൂരസ്ഥലങ്ങളിൽ നിന്ന് വന്നു താമസിക്കേണ്ടി വരുന്ന സ്ത്രീ തൊഴിലാളികൾ അക്ഷരാർത്ഥത്തിൽത്തന്നെ തടങ്കലിൽ അടിമപ്പണി ചെയ്യുകയാണ്.

ഏറ്റവും പുതിയ ഡിസൈനുകളുടെ നിർമ്മാണ പ്രക്രിയയിൽ നിരന്തരം പങ്കാളികളാകുന്ന തൊഴിലാളി സ്ത്രീകൾ പരമ്പരാഗത രീതിയിലുള്ള വസ്ത്രങ്ങളിലാണ് സ്വയം പൊതിയുന്നത്.തങ്ങളുടെ കൈകളിലൂടെ കടന്നു പോകുന്ന വസ്ത്രങ്ങൾ അവർക്ക് വിലയ്ക്ക് വാങ്ങാൻ സാധിയ്ക്കാത്ത അവസ്ഥയാണിപ്പോഴുമുള്ളത് എന്ന വസ്തുത നിലനിൽക്കുന്നുണ്ടെങ്കിലും സ്വന്തം വസ്ത്രങ്ങളിൽ പുതിയ ഡിസൈൻ രീതികൾ പരീക്ഷിക്കാനാവാത്ത വിധം അവരെ സാമൂഹ്യ വ്യവസ്ഥ പരിമിതപ്പെടുത്തുന്നു.ഇവിടെയാണ് കല്പിതമായ വസ്ത്രധാരണ രീതികളെ വെല്ലുവിളിച്ചുകൊണ്ട് ആധുനികതയുടെ വസ്ത്രങ്ങൾ സ്വീകരിച്ച ഡോ.അംബേദ്കറുടെയും മർദ്ദിത ജാതി വിഭാഗങ്ങൾക്ക് വസ്ത്ര സ്വാതന്ത്ര്യം നിഷേധിച്ച സവർണാധികാരത്തെ ധിക്കരിച്ചു കൊണ്ട് മേൽവസ്ത്രങ്ങളും തലപ്പാവുമണിഞ്ഞ് വില്ലുവണ്ടിയിൽ സഞ്ചരിച്ച മഹാത്മാ അയ്യങ്കാളിയുടെയും മാതൃകകൾ പ്രസക്തമാകുന്നത്.

നാമെന്തു ധരിക്കണം എങ്ങനെധരിക്കണം എന്ന തീരുമാനമെടുക്കാനുള്ള അധികാരം നേടിയെടുക്കേണ്ടതുണ്ട്. കുത്തകകൾ സൃഷ്ടിച്ചെടുക്കുന്ന വ്യാജ ഫാഷൻ പ്രവണതകൾക്കപ്പുറം (വരൂ നിങ്ങളെ ഞങ്ങൾ ഫെമിനിസ്റ്റാക്കാം എന്നു വരെയെത്തി നിൽക്കുന്നു പരസ്യചതിക്കുഴികൾ) പരമ്പരാഗത പുരുഷാധികാര നിയമങ്ങളുടെ പൊളിച്ചെഴുത്തിലേക്ക് വളരണം നമ്മുടെ വസ്ത്ര ചിന്തകൾ.

ജനാധിപത്യ മൂല്യങ്ങളുൾക്കൊള്ളുന്നതും പുരോഗമനോന്മുഖവും ശാസ്ത്രീയവുമായ ചിന്തകൾ ആഴത്തിൽ വേരോടിയിട്ടുള്ളതും പുരുഷന് തുല്യമായ സാമൂഹ്യ പദവി സ്ത്രീയ്ക്ക് ഉറപ്പു വരുത്തപ്പെട്ടിട്ടുള്ളതുമായ ഒരു സമൂഹത്തിൽ മാത്രമേ സ്ത്രീകൾക്ക് അവർക്കവകാശപ്പെട്ട വിശാലതകൾ പൂർണ്ണമായും സ്വന്തമാക്കാനാകൂ. ഇന്നത്തെ സാമൂഹ്യാവസ്ഥയെക്കുറിച്ചുള്ള സമഗ്രമായ വീക്ഷണത്തിൽ നിന്നുകൊണ്ട് മാത്രമേ സ്വന്തം ജീവിതങ്ങളിൽ സ്വയം നിർണയാവകാശം നേടിയെടുക്കുന്നതിനുള്ള പോരാട്ടങ്ങളിൽ മുന്നേറാനാകൂ.

ശാന്തിയും മന:സമാധാനവും തേടി വിദേശത്തു നിന്നിവിടെയെത്തിയ സ്ത്രീയെ കൊലയാളികൾ പുതപ്പിച്ച ജാക്കറ്റ് മറക്കാൻ സമയമായിട്ടില്ല. വിടർന്ന മഞ്ഞപ്പൂക്കളുള്ള ഒരു വയലറ്റുടുപ്പിൽ മായാതെ നിന്ന ഒരൊറ്റ രക്തത്തുള്ളി പറഞ്ഞ സാക്ഷ്യം നമ്മുടെ മനസ്സാക്ഷിയിൽ നീറുന്ന മുറിവായിരിക്കട്ടെ. സ്ത്രീകളെന്ന നിലയിൽ മുന്നോട്ടു പോകേണ്ട വഴികൾ അത് നമ്മളെ ഓർമ്മിപ്പിച്ചുകൊണ്ടിരിയ്ക്കും.

ചർച്ചാവിഷയം



# വേഷത്തിന്റെ രാഷ്ട്രീയം

**അഡ്വ.കുക്കു ദേവകി**
*ആക്ടിവിസ്റ്റ് , നർത്തകി*



**വേ**ഷത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് എഴുതുമ്പോൾ പാർശ്വവല്ക്യത നിറമായ കറുപ്പിനെക്കുറിച്ച് പറയാതെ പോകുന്നതെങ്ങനെയാണ്? കറുത്തവളായ ഞാൻ ഡ്രസ്സ് തിരഞ്ഞെടുക്കുമ്പോൾ അത്രമേൽ ശ്രദ്ധയോടെ  തിരഞ്ഞെടുക്കണമെന്ന് ചുറ്റുപാടുമുള്ളവർ പല പ്രാവശ്യം ഓർമിപ്പിച്ചു കൊണ്ടേയിരിക്കും. ആകർഷകമായ നിറങ്ങൾ ഉപയോഗിക്കാൻ ഇഷ്ടമുണ്ടെങ്കിലും വസ്ത്രക്കടയിൽ നിന്ന് തന്നെ കേൾക്കേണ്ടി വന്നിട്ടുണ്ട്  ഈ നിറം കറുത്തവർക്ക് ചേരില്ലെന്ന്.  കറുത്തവർക്ക് ചേരാത്ത നിറമോ? എനിക്കത് മനസ്സിലാകുന്നേ ഉണ്ടായിരുന്നില്ല. എന്റെ നിലപാടനുസരിച്ച് എല്ലാ നിറവും എല്ലാവർക്കും ചേരുമെന്നതാണ്.പക്ഷെ പൊതുബോധം നമ്മളെ അങ്ങനെ ചിന്തിക്കാൻ വിടില്ല. കറുത്തതല്ലേ നിങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട നിറങ്ങളുണ്ട് അതു പയോഗിച്ചാൽ മതി. ഇതാ ഇപ്പോൾ പോലും ഡ്രസ്സ് എടുക്കാനായി കടയിൽ ചെന്നപ്പോൾ അവിടെയുള്ള പെൺകുട്ടി പറയുന്നുണ്ടായിരുന്നു, ചേച്ചി ആ നിറം ചേച്ചിക്ക് ഇണങ്ങുന്നില്ലെന്ന്.  കേരളവർമ്മയിൽ പഠിക്കും കാലം നല്ല നിറമുള്ള വേഷവും ധരിച്ച് തലയിൽ പൂവും ചൂടിചെന്നിട്ടുണ്ടെങ്കിൽ ആ ദിവസം അണ്ണാച്ചി വിളി കാമ്പസ്സിന്റെ ഏതെങ്കിലും കോണിൽ നിന്നും കിട്ടിയിട്ടുണ്ടാവും. ആ കാലം രാജീവ് ഗാന്ധി വധത്തിന്റേതായിരുന്നു. ആ സമയം പലയിടങ്ങളിൽ നിന്നും എൽടിടിഇ, തനു എന്നീ വിളികൾ കേട്ടിട്ടുണ്ട്. അപ്പോഴുണ്ടാകുന്ന അപമാനമുണ്ട്. അത് വാക്കുകളാൽ പറഞ്ഞറിയിക്കുക പ്രയാസം. സ്വന്തം ശരീരത്തിലേക്കും വേഷത്തിലേക്കും വീണ്ടും വീണ്ടും നോക്കി സങ്കടപ്പെട്ട കാലം. നിറഞ്ഞ കണ്ണുകൾ ആരും കാണാതെ മറച്ച കാലം!- കാരണം ആ സമയം ടീനേജ് കാലഘട്ടമായിരുന്നു. സുന്ദരിയെന്നു കേൾക്കാൻ കൊതിക്കുന്ന സമയം. ആ സമയമത്രയും അണ്ണാച്ചി, നീഗ്രോ വിളികളാൽ സമ്പന്നമായിരുന്നു എനിക്ക്.കോളേജിൽ ആൺകുട്ടികൾ ചോദിക്കാറു പോലുമുണ്ടായിരുന്നു നിനക്ക് ഡ്രസ്സ് എടുക്കാൻ ബുദ്ധിമുട്ടാണല്ലേ? ചേരുന്ന നിറം കിട്ടണ്ടേ? അതുപോലെ കറുത്തവർ അവരുടെ വേഷത്തിൽ, ആഭരണങ്ങളിൽ മേക്കപ്പിൽ എല്ലാം മിതത്വം പാലിക്കണം. കറുത്തവൾ വലിയ പൊട്ടും മാലയും ധരിച്ചാൽ പഴികേൾക്കേണ്ടി വരും. കറുത്തവൾ നല്ല നിറമുള്ള വേഷം വലിയ പൊട്ട് ഇതൊക്കെ ഉപയോഗിച്ചാൽ അവൾ ആള് ശരിയല്ലയെന്നേ കണക്കാക്കൂ.. അതായത് ഓരോ വേഷവും ആക്സസറീസും കറുപ്പിനെ പ്രൊജക്ട് ചെയ്യാത്തത് ആയിരിക്കണം. കറുത്തവൾ അതിൽ അതീവ ശ്രദ്ധയുള്ളവളാകണം പലപ്പോഴും അങ്ങനെയല്ലാത്ത ഞാൻ പൊതു സമൂഹത്തിന്റെ തുറിച്ചു നോട്ടങ്ങൾക്ക് വിധേയമായിട്ടുണ്ട്. ശരിയല്ലാത്തവൾ എന്ന മുദ്ര പതിച്ചു കിട്ടിയിട്ടുമുണ്ട്. എപ്പോഴും കുറ്റപ്പെടുത്തുന്ന ഒരു കണ്ണ് പിൻതുടർന്നിട്ടുണ്ട്. ഓരോ കളിയാക്കലുകളും എന്നിൽ കടുത്ത നിറങ്ങൾ ഉപയോഗിക്കാനുള്ള ആവേശമാണ് നിറച്ചത്.







ഡോ.ജാൻസി ജോസ്

# വാസ്തവം

ഒരിക്കലും മായാതെ കിടക്കുന്ന രണ്ടു ദുരന്തങ്ങളാണ് ഇക്കഴിഞ്ഞ നാളുകളിൽ കേരളം കണ്ടു കഴിഞ്ഞത്. സ്ത്രീകൾ അനുഭവിക്കുന്നതെല്ലാം ഇത്തരം ദുരന്തങ്ങളാണെന്ന് തിയേറ്റർ പീഡനം ഓർമ്മിപ്പിക്കുന്നുമുണ്ട്.എന്നിരുന്നാലും നീനുവിന്റെ കാമുകൻ ഭർത്താവ് (കെവിൻ ) കൊല്ലപ്പെട്ടത് ഓരോരുത്തരുടേയും ഉള്ളിലെ പ്രണയത്തിനുതന്നെയാണ് അടിയേറ്റത്. സ്ത്രീകൾ പൊതുവെ ഈ പ്രണയനിഷേധം അനുഭവിക്കുന്നുണ്ട് എന്നത് സൂക്ഷ്മനിരീക്ഷണം നടത്തിയിട്ടൊന്നും വേണ്ട മനസ്സിലാക്കാൻ.

സ്ത്രീകൾ വിവാഹിതരാണെങ്കിലും അല്ലെങ്കിലും പ്രണയനിഷേധം അനുഭവിച്ചു പോരുന്നുണ്ട്. എത്രയെത്ര പ്രണയങ്ങളാണ് പണത്തിന്റെയും പ്രതാപത്തിന്റെയും അന്തസ്സിന്റെയും ആഭിജാതിത്യത്തിന്റെയും പേരിൽ നാട്ടിൽ ഇല്ലായ്മ ചെയ്തിരിക്കുന്നതെന്ന് നമുക്ക് ഊഹിതാവുന്നതേയുള്ളൂ.

ഭർത്താവിന്റെ വീട്ടിൽ വിവാഹിതരായ സ്ത്രീകൾ ഭർത്താവിന്റെ പോലും പ്രണയം നിഷേധിക്കപ്പെട്ട് ജീവിക്കുന്നുണ്ട്. മനസ്സുനിറയെ പ്രണയം കൊണ്ടുവന്ന പെൺ കുട്ടികളിലധികം പേരും സത്രീകളാകുന്നതിന് മുമ്പ് വിവാഹിതരായവരായിരിക്കണം. തനിക്കു കിട്ടിയ പുരുഷൻ വിവാഹത്തിന്റെ ആദ്യ നാളുകളിൽ സ്നേഹവും സന്തോഷവും വാരിക്കോരി ചൊരിഞ്ഞിട്ടുണ്ടാവും. മിക്ക വീടുകളിലും വിവാഹമോടിയിൽ പോലും സ്നേഹമോ സന്തോഷമോ ഭാര്യക്കു നല്കാൻ ഭർത്താവിന് സാധിക്കാറില്ല എന്നതും വാസ്തവമാണ്. വീട്ടിലെ സാഹചര്യങ്ങളോ, ആളുകളുടെ ഇടപെടലുകളോ,ടിയാന്റെ തന്നെ സ്വഭാവം കൊണ്ടോ ആയിരിക്കണം അത് സംഭവിക്കുന്നത്.

ഇനി പ്രണയം കൊണ്ട് കപ്പലുണ്ടാക്കുന്നവർപോലും ഒരു മൂന്നുവർഷത്തിനു മേൽ അതു നിലനിർത്തിക്കാണുന്നില്ല.

സ്വന്തം പ്രണയം പ്രകടിപ്പിക്കാനോ ആഗ്രഹമുള്ളപ്പോൾ ആവശ്യപ്പെടാനോ ആവാതെ ചത്ത മനസ്സുമായി നിർവികാരജീവിതം നയിക്കുന്ന സ്ത്രീകൾ വാട്ട്സ്ആപ്പുപോലുള്ള സമൂഹമാധ്യമങ്ങളിൽ വരുന്ന 'ഹായ് സ്വീറ്റി ' പോലുള്ള മധുര വാക്കുകളിൽ മയങ്ങിപ്പോകുന്നതിൽ കുറ്റപ്പെടുത്താനാവില്ല. സ്നേഹപ്രകടനങ്ങളും സ്നേഹവാക്കുകളും കൊതിച്ചിരിക്കുന്ന ഭാര്യമാരെ അസഭ്യവർഷം കൊണ്ട് അഭിഷേകം ചെയ്യുന്ന ഭർത്താക്കന്മാരാണ് ചിലരെങ്കിലും .ആരാണെന്നന്നും ഏതാണെന്നും നോക്കാതെ സന്തോഷം നല്കുന്ന വാക്കിനു പിന്നാലെ പോകുന്ന സ്ത്രീകളെ മാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. വാട്സ്ആപ്പും മെസ്സഞ്ചറും പ്രണയച്ചൂടിനെ ശമിപ്പിക്കാനുള്ള മഴയായി കാണുന്ന ധാരാളം സ്ത്രീകളുണ്ട്. തന്നെ കാത്തിരിക്കുന്ന സ്നേഹം അകത്താണെങ്കിലും പുറത്താണെങ്കിലും സ്ത്രീകൾ അത് ഏറ്റുവാങ്ങും . അകത്ത് ഇതുണ്ടെങ്കിൽ പുറത്തേക്കുവഴി തേടില്ല. അല്ലെങ്കിൽ സമൂഹ മാധ്യമങ്ങൾ പഴി കേട്ടുകൊണ്ടേയിരിക്കും'





**ഡോണാ മയൂര**
*കവി*

# ഉടുപ്പ്

ഉടുപ്പിലെ നൂലിഴകളും തയ്യൽ വഴികളും
മത്സരിച്ച് ശരീരത്തെ
വിവർത്തനം ചെയ്യുന്നനേരം.
കനമുള്ള ലാഘവം നൂലിഴകളിൽ നിറഞ്ഞു,
ഉടലിന്റെ ഭാരമെല്ലാം ഉടുപ്പിലേക്ക്.
ഭാരം കൊണ്ട് പിഞ്ഞിയ ഉടുപ്പിനെ
പുതിയ തയ്യലിഴകളാൽ ഉടൽ ചേർത്തുപിടിച്ചു.
അതിശൈത്യത്തിൽ നൂലിഴകളും
തയ്യൽ പൊഴികളും ഉടുപ്പിനൊപ്പം
ശരീരത്തോട് ചേർന്ന് ശിശിരനിദ്രയിലാണ്ടു.
ശിശിരം കഴിഞ്ഞെത്തിയ വേനലിൽ ഉടലയഞ്ഞു,
ഉടുപ്പിന്റെ ഇഴകളകന്നു തയ്യലഴിഞ്ഞു.
ഉടുപ്പ് ശരീരത്തെ ഉപേക്ഷിച്ച് വസന്തത്തെ തിരഞ്ഞുപോയി.
പക്ഷെ ,
നട്ടുച്ചയുടെ ഉച്ചിയിലൂടെ പറന്നു പോയ
വസന്തത്തിന്റെ തൂവൽ ഒറ്റപ്പെട്ടശരീരത്തിന്റെ
ശിരോലിഖിതങ്ങളെ മാറ്റിയെഴുതി.
പൂവുടലിലെ നിത്യഹരിത ഭൂപടത്തിലിപ്പോൾ
വസന്തത്തിന്റെ വീട്, ശലഭത്തിന്റെ ഉടുപ്പ്.



**എം.സുൽഫത്ത്**
*ആക്ടിവിസ്റ്റ്, അധ്യാപിക*

# സ്കൂൾ യൂണിഫോമിലുമുണ്ട് സ്ത്രീവിരുദ്ധത

തുല്യത മൗലികാവകാശമായ ഒരു രാജ്യത്താണ് ജീവിക്കുന്നതെങ്കിലും ഭരണകൂടങ്ങളും മതനിയമങ്ങളും പാരമ്പര്യങ്ങളും മാത്രമല്ല ഏതെങ്കിലും ഒരു വ്യക്തിയുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും വരെ സ്ത്രീവിവേചനങ്ങൾക്ക് കാരണമാകാറുണ്ട്. പെൺശരീരത്തിന്റെ സ്വാതന്ത്ര്യങ്ങൾക്ക് കൽപ്പിക്കുന്ന തുറസ്സുകളും അതിരുകളും പെൺ വസ്ത്രങ്ങൾക്കും ബാധകമാണ്. സ്വേച്ഛയായുള്ള അവളുടെ തെരഞ്ഞെടുപ്പാണ് അവളുടെ വസ്ത്രം എന്ന പ്രതീതി പൊതുബോധത്തിൽ സൃഷ്ടിച്ചെടുത്തു കൊണ്ടാണ് അവൾ എന്ത് ധരിക്കണം ധരിക്കരുത് എന്ന് ആൺകോയ്മ തീരുമാനിക്കുന്നത്. വിപണിക്കും സദാചാരബോധങ്ങൾക്കും അവൾ ഒരു ശരീരം മാത്രമാണ്. അരുതുകൾ കൊണ്ട് സദാചാരം പെൺശരീരത്തെ നിയന്ത്രിക്കുമ്പോൾ വിപണനതന്ത്രം കൊണ്ടാണ് മൂലധനം ശരീരത്തെ നിയന്ത്രിക്കുന്നത്. ട്രെൻഡുകളും ഫാഷനുകളും മാറ്റിക്കൊണ്ട് മൂലധനം തീരുമാനിക്കുന്ന വസ്ത്രം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മാത്രമേ സ്ത്രീക്കുള്ളൂ. സ്വയം തെരഞ്ഞെടുക്കൽ സാധ്യതകൾ ഇല്ലാത്തതാണ് യൂണിഫോംവസ്ത്ര ങ്ങൾ. 19ാം നൂറ്റാണ്ടിൽ ജാതി, മത, വർഗ്ഗ, ആഭിജാ ത്യത്തിന്റെ ചിഹ്നങ്ങളായിരുന്നു വസ്ത്രങ്ങൾ. ഇന്ന് സ്കൂൾ യൂണിഫോമുകളും സ്കൂളിന്റെ ആഭിജാ ത്യവും മാനേജ്മെന്റുകളുടെ മതബോധവും ബോധ്യപ്പെടുത്തുന്നവയാണ്. സ്വതന്ത്രവും സൗക ര്യപ്രദവുമായ വസ്ത്രം ധരിക്കാനുള്ള ഏറ്റവും അടി സ്ഥാനപരമായ മൗലികാവകാശങ്ങളുടെ ലംഘനം ഇത്തരം യൂണിഫോം വസ്ത്രങ്ങളിൽ നടക്കുന്നത് ശ്രദ്ധിക്കപ്പെടുന്നുപോലുമില്ല. പിച്ചവെച്ചു നടക്കു മ്പോൾ മുതൽ ബാർബിപ്പാവകളെപ്പോലെ നീളൻ ഫ്രോക്കുകൾക്കുള്ളിലും തുന്നിപ്പിടിപ്പിച്ച തൊങ്ങലു





കൾക്ക് കേടുപാടുകൾ സംഭവിക്കാതെ സ്വതന്ത്ര മായ കളികളെപ്പോലും നിയന്ത്രിക്കപ്പെട്ടും പെൺകു ഞ്ഞുങ്ങളെ വളർത്തുന്ന പൊതുബോധത്തിന് സ്കൂൾയൂണിഫോമുകളിലെ സ്ത്രീവിരുദ്ധത ബോദ്ധ്യപ്പെടുകയുമില്ല.

ആൺകുട്ടികളും പെൺകുട്ടികളും തുല്യതയുടെ അടിസ്ഥാനത്തിൽ പഠിച്ചും കളിച്ചും പരസ്പരം ഇട പഴകിയും 'വളരേണ്ട' ഇടമാണ് വിദ്യാലയങ്ങൾ. പ്രീപ്രൈമറി ക്ലാസു മുതൽ ആൺകുട്ടി അവന്റെ യൂണിഫോം ധരിച്ച് ആത്മവിശ്വാസത്തോടെ തല കുത്തി മറിഞ്ഞോ യഥേഷ്ടം നിലത്ത് പടിഞ്ഞി രുന്നോ കളിയുപകരണങ്ങളിൽ കയറിയോ സ്ലൈഡ റിൽ നിരങ്ങിയോ ഒക്കെ കളിക്കും. പെൺകുട്ടികളാ കട്ടെ ഫ്രോക്കിനെയോ പാവാടയേയോ നിയന്ത്രിച്ച് ഷഡ്ഡി കാണാതെ കാലുയർത്താനും നിലത്തിരി ക്കാനും ശ്രദ്ധിച്ച് തലകുത്തി മറിയാനുള്ള ത്വരയെ നിയന്ത്രിച്ച് അവസാനം കായികവിനോദങ്ങളിൽ നിന്ന് തന്നെ അകന്നു മാറുന്നു. വളരെ സൂക്ഷ്മ മായി നിരീക്ഷിച്ചാൽ മാത്രം ശ്രദ്ധയിൽപ്പെടുന്ന ഇത്തരം വിവേചനങ്ങൾ അടക്കവും ഒതുക്കവും പഠി പ്പിക്കാൻ കൂടിയുള്ളതാണ്.

ട്രൗസറിന്റെ കാലം കഴിഞ്ഞാൽ ആൺ യൂണി ഫോമുകൾ എല്ലാക്കാലത്തേക്കും ഒന്നുമാത്രം. പാന്റ്സും ഷർട്ടും. പെൺകുട്ടികൾക്കാകട്ടെ ഏപ്രൺഫ്രോക്ക്, ഹാഫ് സ്കർട്ട്, മിഡി, ചുരിദാർ, ഡിവൈഡർ സ്കേർട്ട്, ഷാൾ, ഓവർകോട്ട്, മക്കന, പർദ്ദ തുടങ്ങിയവയൊക്കെ തീരുമാനിക്കപ്പെടുന്നു. ഇവയിലേതാണെങ്കിലും സ്വന്തം ശരീരത്തെക്കുറിച്ച് ഭയമോ അപകപർഷതയോ, ആശങ്കയോ സൃഷ്ടി ക്കുന്ന ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ടാവും. മാറിട ത്തെക്കുറിച്ച് വളരെ ചെറുപ്പത്തിലേ തന്നെ അവ ബോധം രൂപപ്പെടുത്തുന്ന ഒരു ചിഹ്നം കൂടിയാണ് കുഞ്ഞുങ്ങളുടെ ഏപ്രൺഫ്രോക്ക്. കാലുയർത്തി വെച്ച് ഇരിക്കാനോ ബസ്സിൽ കയറാനോ സ്വതന്ത്ര മായി കായിക വിനോദങ്ങളിൽ ഏർപ്പെടാനോ അനു വദിക്കാത്ത ഞൊറിവുവെച്ച നല്ല ഭംഗിയുള്ള ഉയർന്ന സ്റ്റാറ്റസ് അവകാശപ്പെടുന്ന സ്കൂളുകളിലെ പാവാടകൾ ഒരു ബാധ്യത തന്നെയാണ്. എത്രഗൗര വമായ പഠനത്തിനിടയിലും പാവാടയേയോ ഷാളി നേയോ പരിഗണിച്ചു തന്നെയാണ് ക്ലാസ്മുറിയിൽ പെൺകുട്ടികൾ ഇരിക്കുന്നത്. ആൺനോട്ടങ്ങളെ നിരോധിക്കാൻ കഴിയാത്തതുകൊണ്ട് പാവാടയ്ക്കും പെറ്റിക്കോട്ടിനുമടിയിൽ ഷഡ്ഡി കൂടാതെ ലഗ്ഗിൻസ് എന്നൊരു വസ്ത്രം കൂടി സാധാരണമായിക്കഴി ഞ്ഞു. (ഷർട്ട്, ഹാഫ് സ്കർട്ട്, പെറ്റിക്കോട്ട്, ബ്രേസി യർ, ലഗ്ഗിൻസ്, ഷഡ്ഡി ഒരു ഹൈസ്ക്കൂൾ ക്ലാസുകാ രിയുടെ യൂണിഫോമിന്റെ എണ്ണമാണ്).

ഇരുതോളിലും പിൻചെയ്തുവെച്ച ഷാൾ എന്ന മേൽമുണ്ടിനെ പ്രശ്നവത്ക്കരിച്ചാൽ അതിന്റെ ബാധ്യതകൾ വളരെയേറെയാണ്. എൽ.പി.ക്ലാസു മുതൽ കലാലയങ്ങളിലെ യൂണിഫോമിൽ വരെ ഷാളുണ്ട്. ബസ് യാത്രയിലെ തിക്കിലും തിരക്കിലും ഷാൾ കുടുങ്ങി വലിഞ്ഞു കീറുന്നതു മുതൽ സ്പോർട്സിലും കലാകായിക വിനോദങ്ങളിലും പങ്കെടുക്കാതിരുന്നതിനുള്ള കാരണങ്ങളിൽ വരെ ഷാളുണ്ട്. വാഹനങ്ങളിൽ ഓടിക്കയറുന്ന, കുനിഞ്ഞ് നിന്ന് ഉച്ചഭക്ഷണപ്പാത്രം കഴുകുന്ന, മുന്നിലോ പിന്നിലോ ഷാൾ കൂട്ടിക്കെട്ടി വെച്ച് സൈക്കിൾ ചവിട്ടുകയോ ടോയ്ലെറ്റിൽ കയറുകയോ ഒക്കെ ചെയ്യുന്ന പെൺകുട്ടികളുടെ വസ്ത്രബാധ്യതകൾ നാം ഗൗരവത്തിൽ എടുക്കാറില്ല. പൊതുസമൂഹ ത്തിലും ജനനം മുതൽ വസ്ത്രത്തിന്റെ, നീണ്ടമുടി യുടെ, ആഭരണങ്ങളുടെ ഒക്കെ അനാവശ്യബാധ്യത കൾ പേറാൻ സ്ത്രീകൾ ബാധ്യതപ്പെട്ടവരാണല്ലോ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു ഏകീകൃതവസ്ത്രം നിർബന്ധപൂർവ്വം ധരിപ്പിക്കുമ്പോൾ സമൂഹത്തിന്റെ പൊതുബോധത്തെ തൃപ്തിപ്പെടുത്തലിനായിരിക്ക രുത് പരിഗണന. ശാസ്ത്രീയമായി രൂപകല്പന ചെയ്തതും ലിംഗവിവേചനം വളർത്താത്തതും ധരി ക്കുന്നവർക്ക് ബാധ്യതയാകാത്തതുമായിരിക്കണം. എന്നാൽ എല്ലാ സമയത്തും ശ്രദ്ധവേണ്ടരീതിയിൽ രൂപകല്പന ചെയ്ത പെൺവസ്ത്രങ്ങൾ യൂണിഫോം പദവിയിലെത്തുമ്പോൾ ഗൗരവമായ ചില പരിഗണനകൾ ആവശ്യമാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ പഠനപ്രവർത്തനസമയങ്ങളിൽ രണ്ടാ യി മെടഞ്ഞിട്ട മുടിയെ ഷാളിനെ പാവാടയെ പരിഗ ണിക്കാതെ പൂർണ്ണമായ ശ്രദ്ധപഠനത്തിൽ കൊടു ത്തുകൊണ്ട് ക്ലാസ്മുറിയിൽ പെൺകുട്ടികൾ ഇരി ക്കുന്നത് കാണാറുണ്ടോ?

ചിലകേന്ദ്രീയവിദ്യാലയങ്ങളിലും പ്രൊഫഷ ണൽ കോഴ്സുകളിലും വിവേചനങ്ങളില്ലാത്ത യൂണിഫോം ധരിച്ച് ആത്മവിശ്വാസത്തോടെ നട ക്കുന്ന കാഴ്ച സാധാരണമാണ്. വിദ്യാഭ്യാസവകു പ്പിന്റെ ശ്രദ്ധപതിയേണ്ട വിഷയമായി ഗൗരവമായ ചർച്ചകൾ ഈ മേഖലയിൽ നടക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയ സൗജന്യ കൈത്തറിയൂണിഫോം പെൺകുട്ടികൾക്ക് പാവാട, ഷർട്ട്, ചുരിദാർ, ഓവർകോട്ട് എന്നീ മാനദണ്ഡങ്ങ ൾക്കനുസരിച്ചുള്ള അളവിലാണ് വിതരണം ചെയ്തുവരുന്നത്. മാനദണ്ഡങ്ങളിൽ തുല്യതപരിഗ ണനയാവുന്ന തരത്തിൽ (പാവാടയ്ക്കു പകരം ഇലാസ്റ്റിക് വെച്ച ഷോർട്ടുകൾ പ്രൈമറിക്ലാസ്സിൽ ആണിനും പെണ്ണിനും പരിഗണിക്കാം) ശാസ്ത്രീയ രൂപകല്പനയെക്കുറിച്ച് ചർച്ചകൾ ഉയർന്നു വരണം. പൊതുബോധത്തിന്റെ വസ്ത്രസങ്കല്പങ്ങളിലുള്ള സ്ത്രീവിരുദ്ധതയും വിവേചനങ്ങളും പരിഷ്കരിക്കു ന്നതിനുള്ള പാഠശാലകൂടിയാകണം വിദ്യാലയ ങ്ങൾ.



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*



# അഞ്ചുവിന്റെ മായിക പ്രപഞ്ചം

**സോ**ഷ്യൽ മീഡിയയിലൂടെയാണ്, കൃത്യമായി പറഞ്ഞാൽ ഫേസ്ബുക്കിലൂടെയാണ് അഞ്ചു ബി.കെ. എന്ന കലാകാരിയെ ഞാൻ പരിചയപ്പെടുന്നത്. പോസ്റ്റ് കാർഡ് സീരീസ് എന്ന പേരിൽ എന്റെ ഫേസ്ബുക്ക് ചുമരിൽ തെളിഞ്ഞ ആദ്യ ചിത്രത്തിൽ നിന്നും എനിക്ക് കണ്ണെടുക്കാൻ കഴിഞ്ഞില്ല. ഭൂമിയുടെ അന്തർഭാഗങ്ങളിൽ എവിടെയോ, വന്മരത്തിന്റെ വേരുകൾ തീർത്ത തൊട്ടിലിൽ കിടന്നുറങ്ങുന്ന ബാലികയുടെ സ്വപ്നതുല്യമായ രൂപം അപൂർവമായി മാത്രം അനുഭവപ്പെടുന്ന അത്ഭുതവും ആഹ്ലാദവും എന്നിലേക്ക് പകർന്നു. ആ പോസിറ്റീവ് ഊർജ്ജത്തെ പിന്നെ ഞാൻ വീണ്ടും വീണ്ടും തിരയാൻ തുടങ്ങി. അതെ, കലാസൃഷ്ടികൾ, വരയായാലും, വാക്കായാലും, എഴുത്തായാലും, കാഴ്ചയായാലും ആദ്യം സംസാരിക്കുന്നതു ഹൃദയത്തോടാണ് വികാരങ്ങളോടാണ്. വിശകലനങ്ങളും, വിമർശനങ്ങളും എല്ലാം പിന്നീടാണ് സജ്ജമാകുന്നത്. അഞ്ജുവിന്റെ വരകൾ, കൗതുകം, വിസ്മയം, ജിജ്ഞാസ, നന്മ, ഹർഷം എന്നിവ കലർന്ന ഒരു സവിശേഷ അനുഭൂതിയാണ് ഉളവാക്കുന്നത്. അത് പലരിലേക്കും ഒരു പ്രത്യേക ഉന്മേഷത്തോടെ പടരുന്നത് ദിവസം തോറും മുഖപുസ്തകത്തിൽ വരുന്ന പ്രതികരണങ്ങളിൽ നിന്നും വ്യക്തമാണ്.

അങ്ങിനെ കുസൃതിയും,വികൃതിയും, പ്രസരിപ്പും, ആത്മവിശ്വാസവും തുളുമ്പുന്ന വരകൾക്കായി ഞാൻ കാത്തിരിക്കാൻ തുടങ്ങി. മാത്രമല്ല ഇതുവരെയും പരസ്പരം കണ്ടിട്ടില്ലാത്ത ഞങ്ങൾ മെസ്സഞ്ചറിലൂടെ പരിചയപ്പെടാനും, ആശയങ്ങളും അനുഭവങ്ങളും, പ്രതീക്ഷകളും പ്രചോദനങ്ങളും പങ്കു വെക്കാനും ശ്രമിച്ചു. ഈ ആശയവിനിമയങ്ങൾ സമകാലീന കേരളത്തിൽ വളരാൻ കൊതിക്കുന്ന ഒരു യുവകലാകാരിയുടെ ആഗ്രഹങ്ങളെയും,ആശങ്കകളെയും അടയാളപ്പെടുത്തുന്നുണ്ട്.നമ്മുടെ സമൂഹത്തിന്റെ ത്രികാല ചലനങ്ങളോട് പ്രതിബദ്ധത ഉള്ളവരാണ് നമ്മളെങ്കിൽ തുറന്ന മനസ്സോടെ ഈ പുതുമൊഴികളെ, പുതുദൃശ്യങ്ങളെ കാണേണ്ടതുണ്ട്, കേൾക്കേണ്ടതുണ്ട്. നവമാധ്യമങ്ങൾ ഒരുപാട് പെൺപ്രതിഭകളെ നമുക്ക് പരിചയപ്പെടുത്തുന്നു.

ഒതുങ്ങിയിരുന്ന കഴിവുകൾ, ഓൺലൈനിലൂടെ പല രൂപഭാവങ്ങളിൽ, അതിരുകൾ ഭേദിച്ച് കടന്നു വരുന്നു.





എന്നാൽ  അത് പോലെത്തന്നെ കയ്പേറിയ, കടുത്ത നിരാശ  ഉളവാക്കുന്ന അനുഭവങ്ങളും ഈ കുട്ടികൾ നേരിടുന്നുണ്ട് എന്ന് നമുക്കറിയാം. ഒരു തരം സെൻസർഷിപ്പും  ഇല്ലാതെ തന്നെ, സാമൂഹ്യ ആശങ്കകളെ  പറ്റിയുള്ള കുറിപ്പുകൾക്കും, അഭിപ്രായങ്ങൾക്കും, സ്വന്തം കലാരൂപങ്ങൾക്കും അപർണ പ്രശാന്തിയെയും ദുർഗ മാലതിയെയും പോലുള്ളവർ നേരിടുന്ന അസഭ്യവർഷം നടുക്കമുണ്ടാക്കുന്ന ഒന്നാണ്. പണ്ട് വഴിയിൽ കേൾക്കുന്ന ഒരു മോശം കമന്റ് പോലും സ്ത്രീകളെ തളർത്തിയിരുന്ന കാലഘട്ടത്തിൽ നിന്ന് സ്ത്രീകൾ ഒരുപാട് മുന്നോട്ടു പോയിരിക്കുന്നു എന്ന് ഈ മിടുക്കി കുട്ടികൾ നമുക്ക് കാണിച്ചു തരുന്നു. ദുർഗ മാലതിയെ പോലുള്ള ഒരു കലാകാരി അനുഭവിച്ചിട്ടുണ്ടാവുന്ന കടുത്ത മാനസിക സമ്മർദ്ദം കേരളത്തെക്കുറിച്ച് ഒട്ടും ആശാവഹമായ ചിത്രമല്ല നൽകുന്നത്. പക്ഷെ ഈ ശകാര രീതികൾ കുറച്ചു മുൻപേ നമ്മൾ തുടങ്ങിയതല്ലേ? ചിത്രലേഖ എന്ന ഓട്ടോ ഡ്രൈവർ ഇന്നും അനുഭവിച്ചു കൊണ്ടിരിക്കുകയുമല്ലേ? ഇതൊന്നും സാംസ്കാരികകേരളം ഇടപെടേണ്ട കാര്യമല്ല എന്ന മട്ടിലല്ലേ നമ്മൾ തുടർന്ന് കൊണ്ടിരിക്കുന്നത്?

എന്നിട്ടും അഞ്ജുവിനെപ്പോലുള്ള ഒരുപാട് പെൺകുട്ടികൾ, യുവതികൾ, കുമാരികൾ വരക്കുന്നു എഴുതുന്നു എന്നതാണ് ജീവിതത്തെ പ്രതീക്ഷ നിർഭരമാക്കുന്നത്. അഞ്ജുവിന്റെ വരകളും, ചിത്രങ്ങളും മറ്റൊരു ഭാവനാപ്രപഞ്ചത്തിലേക്കു നമ്മെ കൂട്ടികൊണ്ടുപോകുന്നുണ്ട്. ഈ വരകളിൽ തുടിക്കുന്ന ലോലഭാവങ്ങൾ, സ്വപ്നങ്ങൾ, ചിരികൾ, പുലരികൾ, നിലാവുകൾ, പ്രശാന്തസുന്ദരമായ നിദ്രകൾ ഒരായിരം ആകാശഗംഗകൾ നിഷ്കളങ്കതയുടെ, പരസ്പര വിശ്വാസത്തിന്റെ,സ്നേഹത്തിന്റെ വിശ്രാന്തി നിറഞ്ഞ ലോകത്തെ ഉണർത്തുന്നുണ്ട്. മനുഷ്യമനസ്സിനെ ഖനനം ചെയ്ത് അതിന്റെ ഉൾസ്പന്ദനങ്ങളെ തന്റെ പെൻസിൽ തുമ്പിലേക്കു ആവാഹിക്കാൻ ശ്രമിക്കുമ്പോൾ, ആൺ-പെൺ ശരീരങ്ങൾ ആകാശം മുട്ടെ വളരുകയും,ആഴക്കടലിലേക്കു കൂപ്പുകുത്തുകയും ചെയ്യുന്നു എന്ന പ്രതീതി ഉളവാക്കുന്നു.ഉടലുകൾ എല്ലാ പരിമിതികളും ലംഘിച്ചു, മരങ്ങളായും,വേരുകളായും,തിരമാലകളായും രൂപാന്തരം പ്രാപിക്കുന്ന അവസ്ഥ. അഞ്ജുവിന്റെ വരകളിലൂടെ പിറക്കാൻ കൊതിക്കുന്ന ഭൂമിയും, മരങ്ങളും വള്ളിപ്പടർപ്പുകളും, ഊഞ്ഞാലുകളും, നൂറ്റാണ്ടുകളായി നമ്മൾ പറയാതെ പോയ പെൺകുഞ്ഞിന്റെ ബാലികയുടെ ഉണർവുകൾക്കു സാക്ഷ്യങ്ങളാകുന്നു. ഭയാശങ്കകളിൽ നമ്മൾ പൂഴ്ത്തി വെച്ച ബാലികാമനസ്സുകളുടെ ആഖ്യാനങ്ങളായി മാറുന്നു. ഒരുപാട് അരുതുകൾക്കുള്ളിലാണ് പെൺകുട്ടികൾ വളർന്നു വരുന്നത് എന്ന സങ്കടമാണ് അഞ്ജുവിനെ ഈ വരകളിലേക്കെത്തിക്കുന്നത്. അരുതുകളോടുള്ള  അമർഷത്തിന്റെ ഉറവിടം സ്നേഹമാണ്, സഹാനുഭൂതിയാണ്, ഒരു വലിയ സ്വപ്നമാണ്. ലിംഗവിവേചനമില്ലാത്ത,പെൺകുഞ്ഞുങ്ങൾക്ക് ഇഷ്ടം പോലെ തുള്ളിക്കളിക്കാവുന്ന, ആപത്തുകൾ പതിയിരിക്കാത്ത ഒരു ലോകം. കുഞ്ഞുങ്ങൾ കാമാസക്തികൾക്കു ഇരകളായി മാറാത്ത,കേവലം ലൈംഗിക കളിപ്പാട്ടങ്ങളായി മാറാത്ത ഒരു ലോകം. അഞ്ജുവിന്റെ  നിലപാട് വ്യക്തമാണ്:




*അഞ്ജു  ബി.കെ.*

“പെൺകുട്ടിയല്ലേ...  നീ അങ്ങനെ നടക്കരുത്..  അത് ചെയ്യരുത് ഇത് ചെയ്യരുത്..  ഇതിൽ നിന്നെല്ലാം ആണ് രക്ഷപെടേണ്ടത് ഇത്തരം പറച്ചിലുകളെല്ലാം ഒരിക്കൽ എങ്കിലും എല്ലാ പെൺകുട്ടികളെ കൊണ്ടും 'ഒരാണായി ജനിച്ചിരുന്നെങ്കിൽ' എന്ന് ചിന്തിപ്പിക്കുന്നവ അല്ലേ അതാണ് മാറ്റേണ്ടതു...“ആണായില്ലെങ്കിലും ഞങ്ങളും സന്തോഷിക്കുന്നുണ്ടെന്ന് കാണിക്കണം.”

ഈ ചിത്രങ്ങളിലെ  ദാർശനികമായ കരുത്തും,






ഉൾക്കാഴ്ചയും അമൂല്യമായ തെളിച്ചങ്ങളാണ്.ആ കാഴ്ചയാണ്  ഈ വരകൾ സൃഷ്ടിച്ചെടുക്കുന്ന  ഭൂമിക്ക് ഇത്രയധികം അഴക് പകരുന്നത്. പഠിപ്പ്, അഡ്മിഷൻ, ജോലി എന്നീ തിരക്കുകൾക്കിടയിൽ ചെറിയ കാര്യങ്ങളിൽ സന്തോഷിക്കാനും, എളിയ ഭംഗികളിൽ ലയിക്കാനും ബാല്യത്തിൽ ഉണ്ടായിരുന്ന കഴിവ്, മനസ്സ് നമുക്ക് നഷ്ടപ്പെടുന്നു.

"ഞാനെന്നും ആഗ്രഹിക്കുന്നത് അതേ അത്ഭുതവും ആഹ്ലാദത്തോടും കൂടി ജീവിക്കാനാണ് എന്നാൽ അതൊന്നും നടക്കില്ലെന്നും അറിയാം വളരെ തിരക്കിട്ട ഓട്ടത്തിൽ അല്ലേ.. പഠിത്തം..  തുടർ പഠനം..  അഡ്മിഷൻ..  ജോലി.."

അതെ, ബാല്യത്തിന്റെ സ്വച്ഛന്ദതയെ, സ്വാതന്ത്ര്യത്തെ  വീണ്ടെടുക്കാനുള്ള ഒരു ത്വര ഇവിടെ തുടിക്കുന്നുണ്ട്.കൊച്ചു കാര്യങ്ങളുടെ തമ്പുരാട്ടിയാണ് ഈ കലാകാരി. ചെറുജീവികളുടെ, എളിയ ജീവിതങ്ങളുടെ വിഹാരലോകങ്ങളെയാണ് അവളുടെ വരകൾ തേടുന്നതും, താലോലിക്കുന്നതും. ചെറുതിന്റെ  സൗന്ദര്യത്തെയാണ് താൻ ആഘോഷിക്കുന്നത്  എന്നതിൽ അഞ്ചു സന്തുഷ്ടയാണ്. അവഗണിക്കപ്പെടുന്ന, ആരും കണ്ടില്ലെന്ന് നടിക്കുന്ന എന്നാൽ നമുക്ക് ചുറ്റും സജീവമായ ലോകങ്ങളും,ജന്തുജാലങ്ങളുമാണ് തന്നെ പ്രചോദിപ്പിക്കുന്നതെന്നു ഈ 23കാരി ആർജ്ജവത്തോടെ പറയുന്നു.

നാട്യങ്ങളില്ലാത്ത  സ്വച്ഛന്ദമായ ശൈലി വരകളിലെന്ന പോലെ വാക്കുകളിലും സ്ഫുരിക്കുന്ന,ചിത്രമെഴുത്ത് ഔപചാരികമായി പഠിക്കാത്ത അഞ്ജുവിന്റെ കലാലോകത്തിൽ അന്തർജ്ഞാനത്തിന്റെ വെളിച്ചമുണ്ട്.അതിസൂക്ഷ്മമായ രാഷ്ട്രീയമുണ്ട്. സുഹൃത്തുക്കളാണ് പ്രേരണ, പ്രത്യേകിച്ചും ഷാസിയ എന്ന ചിത്രകാരി. മറ്റൊരു ശക്തമായ പ്രചോദനം വിമൽ ചന്ദ്രൻ എന്ന ആർട്ടിസ്റ്റ് ആണ്. ശാസ്ത്ര സാഹിത്യ പരിഷത് പ്രവർത്തനങ്ങളിലൂടെ പരിചയപ്പെട്ട സുബ്രമണ്യൻ അരിയല്ലൂർ എന്ന കലാകാരനായ അധ്യാപകനാണ് ചിത്രമെഴുത്തിൽ തന്റെ ഗുരുവെന്ന് അഞ്ചു അഭിമാനത്തോടെ പറയുന്നു.

മൂങ്ങയും,ആനക്കുട്ടിയും, കുഞ്ഞു മരങ്ങളും, ചില്ലകളും, കുട്ടികളെപ്പോലെ തന്നെ അഞ്ജുവിന്റെ 'കുഞ്ചുവര'കൾക്കു നിറം പകരുന്നു. മിത്തുകളുടെയും യക്ഷിക്കഥകളുടെയും ഓർമ്മകളെ ഉണർത്തിക്കൊണ്ടാണ് ഈ വരകളിലൂടെ ഒരു പ്രാക്തന ചൈതന്യം നമ്മളിലേക്ക് സംക്രമിക്കുന്നത് .കുഞ്ഞുണ്ണി മാഷിന്റെ ചെറിയ വലിയ ലോകത്തെ നമ്മൾ ഓർക്കും. ഒപ്പം അറിവിന്റെ, കരുണയുടെ, ആന്തരിക പ്രപഞ്ചങ്ങൾ അഞ്ജുവിന്റെ ഭാവനാലോകത്തിന്റെ ആത്മാവാണ്.ലിംഗരാഷ്ട്രീയത്തിന്റെ നവ സംവാദങ്ങൾ  അവളുടെ ബോധ്യങ്ങളെയും ചിത്രങ്ങളെയും കൂടുതൽ തീക്ഷ്ണമാക്കുന്നു. ദമിതമായ തൃഷ്ണകൾ, ചിന്തകൾ,സന്ദേഹങ്ങൾ,അഭിലാഷങ്ങൾ സ്ത്രീപുരുഷന്മാരുടെ മുടിപടർപ്പിലൂടെ പിടഞ്ഞൊഴുകുന്നു,കുതറിത്തെറിക്കുന്നു. ഈ കലാകാരിക്ക് നമ്മളോട് ഇനിയും ഒരുപാട് പറയാനുണ്ട്; നമ്മുടെ അന്തർദാഹങ്ങൾക്ക് വിസ്മയകരമായ ഭൂപ്രദേശങ്ങൾ അവളുടെ വരകൾക്കു ഇനിയും അനവധി മാന്ത്രികലോകങ്ങളെ സങ്കല്പിച്ചെടുക്കാനുണ്ട്. അവയിലൂടെ ദുഷിച്ച മനോവ്യാപാരങ്ങളെ ഉച്ചാടനം ചെയ്യാനുണ്ട്.നമുക്ക് നമ്മുടെ കണ്ണുകൾ തുറന്നു വെക്കാം.അഞ്ജുവിന്റെ ഓരോ ചിത്രവും ഒരു വിളക്കായി നമ്മുടെ ഉള്ളിൽ പ്രകാശം ചൊരിയട്ടെ. ഇനി അഞ്ജുവിന്റെ വരകൾ താനെ സംസാരിക്കട്ടെ.



ശാസ്ത്രം

സീമ ശ്രീലയം



പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ

# പ്രതിരോധിക്കാം പ്ലാസ്റ്റിക് മലിനീകരണത്തെ

അക്ഷരാർഥത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ചവറ്റുകുട്ടയായി മാറിക്കൊണ്ടിരിക്കുകയാണ് ഭൂമി. ഇത്തവണത്തെ ലോകപരിസ്ഥിതി ദിനം മുന്നറിയിപ്പു നൽകുന്നതും ഈ വിപത്തിനെക്കുറിച്ചു തന്നെ. പ്ലാസ്റ്റിക് മലിനീകരണത്തെ പ്രതിരോധിക്കാം എന്ന സന്ദേശവുമായാണ് ജൂൺ 5 ന് പരിസ്ഥിതിദിനം കടന്നുവരുന്നത്. 1907 ൽ ലിയോ ബേക്ക്ലാൻഡ് എന്ന ശാസ്ത്രജ്ഞൻ ബേക്കലൈറ്റ് എന്ന സിന്തറ്റിക് പ്ലാസ്റ്റിക് കണ്ടുപിടിച്ചതിനു ശേഷം പ്ലാസ്റ്റിക്കുകളുടെ ഒരു നിര തന്നെ രംഗപ്രവേശം ചെയ്തു. പെറ്റ് എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന പോളി എഥിലീൻ ടെറിഫ്താലേറ്റും പിവിസിയും പോളിത്തീനും പോളി പ്രൊപ്പിലീനും പോളി എഥിലീനും പോളിസ്റ്റൈറീനുമൊക്കെ വിവിധ രൂപത്തിൽ പല ഉപകരണങ്ങളിലൂടെ നിത്യജീവിതത്തിൽ സ്ഥാനം പിടിച്ചു.ഇരുപതാം നൂറ്റാണ്ടിൽ മൊത്തം ഉല്പാദിപ്പിച്ചതിനെക്കാൾ കൂടുതലാണ് കഴിഞ്ഞ ഒരു ദശകത്തിൽ മാത്രം ഉല്പാദിപ്പിക്കപ്പെട്ട പ്ലാസ്റ്റിക്കിന്റെ അളവ്.

രാവിലെ എഴുന്നേറ്റു പല്ലു തേക്കാൻ ഉപയോഗിക്കുന്ന ബ്രഷിൽ തുടങ്ങി കൃത്രിമ ഹൃദയ വാൽവുകളിലും ബഹിരാകാശ ഗവേഷണങ്ങളിലും വരെ പ്ലാസ്റ്റിക് സ്ഥാനമുറപ്പിക്കുകയും ചെയ്തു. പ്ലാസ്റ്റിക് ഇല്ലാത്ത ഒരു ലോകം ചിന്തിക്കാൻ പോലും കഴിയാത്ത അവസ്ഥയായി. എന്നാൽ കണ്ടുപിടിക്കപ്പെട്ട് ഒരു നൂറ്റാണ്ടും ഒരു ദശകവും കഴിഞ്ഞപ്പോഴേക്കും കരയും കടലും പ്ലാസ്റ്റിക് കുപ്പത്തൊട്ടിയായി മാറി. പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതവും വിവേചന രഹിതവുമായ ഉപയോഗമാണ് ഈ അവസ്ഥയിലേക്കെത്തിച്ചത്.

മണ്ണിലും ജലത്തിലും നൂറ്റാണ്ടുകളോളം നശിക്കാതെ കിടക്കും എന്നതാണ് പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പ്രധാന തലവേദന. മണ്ണിലെ ബാക്റ്റീരിയകൾക്കും സൂക്ഷ്മജീവികൾക്കുമൊന്നും പ്ലാസ്റ്റിക്കിനെ ജൈവവിഘടനത്തിനു വിധേയമാക്കാൻ സാധിക്കുന്നില്ല. പ്ലാസ്റ്റിക്കിനു സവിശേഷ സ്വഭാവങ്ങളും ആകർഷകമായ നിറവും നൽകാനായി അതിൽ ചേർക്കുന്ന പല രാസവസ്തുക്കളും ഗുരുതരമായ ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണ്. മണ്ണിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് സൂക്ഷ്മജീവികളുടെ നാശത്തിനു കാരണമാവും. ഭൂമിക്കടിയിലേക്ക് ജലം ഊർന്നിറങ്ങുന്നതും സസ്യങ്ങളുടെ വേരോട്ടവും തടയപ്പെടും. ഓടകളിലും മറ്റും പ്ലാസ്റ്റിക് അടിഞ്ഞുകൂടുന്നത് മലിനജലം കെട്ടിനിൽക്കാനും കൊതുകും രോഗാണുക്കളുമൊക്കെ പെരുകി പകർച്ച വ്യാധികൾ പടരാനും വഴിയൊരുക്കും. മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്ക് ഇത് കടുത്ത വെല്ലുവിളിയാണുയർത്തുന്നത്. ഇനി കത്തിച്ചു നശിപ്പിക്കാമെന്നു വച്ചാലോ? പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തുവരുന്ന ഡയോക്സിൻ എന്ന വിഷവാതകം അർബ്ബുദകാരിയാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കരയിലും കടലിലും പ്ലാസ്റ്റിക് വസ്തുക്കൾ ആഹാരമാണെന്നു കരുതി ജീവികൾ അകത്താക്കുന്നു എന്ന അപകടം വേറെ. ഉള്ളിലെത്തുന്ന പ്ലാസ്റ്റിക് പാവം മിണ്ടാപ്രാണികളുടെ ദഹനേന്ദ്രിയ വ്യവസ്ഥ തകരാറിലാക്കുകയും പ്ലാസ്റ്റിക് പുറന്തള്ളാൻ കഴിയാതെ അവ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്യും. പ്ലാസ്റ്റിക് കുപ്പത്തൊട്ടിയായി മാറിക്കഴിഞ്ഞ കടലിൽ ഇത്തിരിക്കുഞ്ഞു ജീവികൾ മുതൽ കടൽപ്പക്ഷികളും നീലത്തിമിംഗലങ്ങളും വരെ പ്ലാസ്റ്റിക് ഉള്ളിൽ അടിഞ്ഞുകൂടി ചത്തൊടുങ്ങുന്നു. തിമിംഗലത്തിന്റെ വയറ്റിൽ മുപ്പതു കിലോ പ്ലാസ്റ്റിക് വരെ കണ്ടെത്തിയിരുന്നു. മൽസ്യങ്ങളുടെ

ശരീരത്തിൽ അടിഞ്ഞുകൂടുന്ന മൈക്രോപ്ലാസ്റ്റിക്കും നാനോ പ്ലാസ്റ്റിക്കുമൊക്കെ മനുഷ്യ ശരീരത്തിലും എത്തും. കടലിലെ പവിഴപ്പുറ്റുകൾ അടക്കമുള്ള ആവാസവ്യവസ്ഥയ്ക്കും വൻ ഭീഷണിയായിക്കഴിഞ്ഞു പ്ലാസ്റ്റിക്. പസിഫിക് സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച് എന്ന ഭാഗത്തിന് 16 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. ഇങ്ങനെ പോയാൽ ഈ നൂറ്റാണ്ടു പകുതിയോടെ സമുദ്രങ്ങളിൽ മൽസ്യങ്ങളെക്കാളും കൂടുതൽ പ്ലാസ്റ്റിക് ആണുണ്ടാവുക.

പ്ലാസ്റ്റിക് പൂർണ്ണമായും വേണ്ടെന്നു വയ്ക്കാൻ കഴിയില്ല. എന്നാൽ ഒഴിവാക്കാൻ പറ്റുന്നവ ഒഴിവാക്കുക തന്നെ വേണം. ഷോപ്പിങ്ങിനു പോവുമ്പോൾ ഒരു തുണിസഞ്ചിയോ പേപ്പർ ബാഗോ പ്രകൃതിദത്ത നാരുകൾ കൊണ്ടുള്ള സഞ്ചിയോ കൈയിൽ കരുതിയാൽ തന്നെ എത്രയോ പ്ലാസ്റ്റിക് കവറുകൾ വീട്ടിലെത്തുന്നത് തടയാം. ഒട്ടും പെറ്റ് അല്ലാത്ത പെറ്റ് ബോട്ടിലുകൾ കുടിവെള്ളം കൊണ്ടുപോവാൻ ഉപയോഗിക്കുന്നതിനു പകരം സ്റ്റീൽ ബോട്ടിലുകളോ ഗ്ലാസ്സ് ബോട്ടിലുകളോ ശീലമാക്കാം. എന്ത് ആഘോഷമായാലും ഡിസ്പോസബിൾ പ്ലാസ്റ്റിക് കപ്പും പ്ലേറ്റും സ്ട്രോയും സ്പൂണുമൊക്കെ പൂർണ്ണമായും ഒഴിവാക്കാം. ബോൾ പോയിന്റ് പേനകൾക്ക് പകരം ഫൗണ്ടൻ പേനകളുടെ ഉപയോഗം, പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും ഒഴിവാക്കൽ, പിറന്നാളിന് ഒരു തൈ നടൽ തുടങ്ങി പരിസ്ഥിതി സംരക്ഷണത്തിനായി ഓരോരുത്തർക്കും പലതും ചെയ്യാൻ കഴിയും. നമ്മുടെ ചില ശീലങ്ങൾ മാറ്റാനും സ്വയം മാറാനും ഒന്നു തയ്യാറാവണമെന്നു മാത്രം.

---

## കാർട്ടൂൺ

**കടപ്പാട് : ഇന്റർനെറ്റ്**




**: നടക്കാൻ ബുദ്ധിമുട്ടും അസൗകര്യവും ഉണ്ടല്ലേ?**
**: അതേ. അതും വെറും ഇരുപത് മിനിറ്റ് ആയതേയുള്ളൂ ഇവ ധരിച്ചിട്ട്.**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara